ജനകീയാസൂത്രണം

വികസന റിപ്പോർട്ട്

കരുംകുളം ഗ്രാമപഞ്ചായത്ത്

സമർപ്പണം

രാഷ്ട്രപിതാവായ മഹാത്മാഗാന്ധിയുടെ സ്വപ്നമായിരുന്നു. 'ഗ്രാമസ്വരാജ്' ഗാന്ധിജിയുടെ സ്വപ്നം സാക്ഷാൽക്കരിക്കപ്പെടുവാൻ വേണ്ട ധീരമായ നിയമനടപടി പാർലമെന്റിന്റെ അകത്തളങ്ങളിൽ അവതരിപ്പിക്കുവാൻ ആത്മധൈര്യം പ്രകടിപ്പിച്ച അനശ്വരപ്രതിഭയാണ് വീരമൃത്യു വരിച്ച മുൻ ഇന്ത്യൻ പ്രധാനമന്ത്രി ശ്രീ. 'രാജീവ്ഗാന്ധി' ഗാന്ധിയൻ സ്വപ്നം ശ്രീ. രാജീവ് ഗാന്ധിയിലൂടെ സാക്ഷാൽക്കരിക്കപ്പെട്ടതിന്റെ ഫലമായാണ് കേരളത്തിൽ 'ഗ്രാമസ്വരാജ് എന്ന സ്വപ്നം പൂവണിഞ്ഞത്.

ഇന്ത്യൻ ചരിത്രത്തിലെ സുവർണ്ണ മുഹൂർത്തമാണ് 'പഞ്ചായത്തീരാജ് ആക്ട്' ഈ ആക്ടിന്റെ ചുവടുപിടിച്ചു നടത്തുന്ന ജനകീയ ആസൂത്രണപദ്ധതി കേരളത്തിന്റെ വികസന ചരിത്രത്തിൽ ഒരു നാഴികക്കല്ലാണ്. വിശേഷാൽ ഗ്രാമസഭകളിൽ മുഴങ്ങിക്കേട്ട ഗ്രാമീണ ശബ്ദം അനുഭവങ്ങളുടെ വെമ്പലിൻ നിന്നുള്ളതായിരുന്നു, ക്രോഡീകരണവും പഞ്ചായത്ത് തല ആസൂത്രണ വിദഗ്ദ്ധർ വിവിധ സ്ഥാപനങ്ങളിൽ നിന്ന് ശേഖരിച്ച് ദ്വിതീയ ശേഖരണവും, പഞ്ചായത്തിന്റെ ഭൂപ്രകൃതിയും പഠനപര്യടനവും കൂട്ടിയിണക്കിയപ്പോൾ വികസ റിപ്പോർട്ടായി രൂപപ്പെട്ടു. ഈ റിപ്പോർട്ട് പഞ്ചായത്തിലെ പുതിയ തലമുറയ്ക്ക് ഒരു മുതൽക്കൂട്ടായി സമർപ്പിച്ചുകൊള്ളുന്നു.

സ്നേഹാദരങ്ങളോടെ

സി.നിക്കൊളാസ് മൊറായിസ്

കരുംകുളം പഞ്ചായത്ത് പ്രസിഡന്റ്

കരുംകുളം

29–12–1996

കരുംകുളം ഗ്രാമപഞ്ചായത്ത്
വികസന റിപ്പോർട്ട് 1996

പഞ്ചായത്തിന്റെ പേര്	:	കരുംകുളം ഗ്രാമപഞ്ചായത്ത്
റവന്യൂ വില്ലേജ്		കരുംകുളം വില്ലേജ്, കാഞ്ഞിരംകുളം വില്ലേജ്
ജില്ലാ പഞ്ചായത്തു ഡിവിഷൻ		കാഞ്ഞിരംകുളം
ബ്ലോക്ക് പഞ്ചായത്തു ഡിവിഷൻ		കരുംകുളം,കാഞ്ഞിരംകുളം
ബ്ലോക്ക് പഞ്ചായത്ത്	:	അതിയന്നൂർ
താലൂക്ക്	:	നെയ്യാറ്റിൻകര
ജില്ല	:	തിരുവനന്തപുരം
അസംബ്ലിമണ്ഡലം	:	കോവളം
വിസ്തീർണ്ണം		1.25 Sqr. Miles (360 ഹെക്ടർ)
ജനസംഖ്യ	:	32230
വാർഡുകളുടെ എണ്ണം		11
അതിരുകൾ		
വടക്ക്		കരിച്ചൽ കായൽ
തെക്ക്		പൂവ്വാർ പഞ്ചായത്ത്
കിഴക്ക്	:	കാഞ്ഞിരംകുളം തിരുപുറം, പൂവ്വാർ പഞ്ചായത്തുകൾ
പടിഞ്ഞാറ്		അറബിക്കടൽ
പ്രസിഡന്റിന്റെ പേര്	:	സി. നിക്കോളാസ് മൊറായിസ്
വൈസ്പ്രസിഡന്റിന്റെ പേര്		പി. ലാറൻസ്

പഞ്ചായത്ത്‌രാജിലൂടെ

ജനഹൃദയങ്ങളിൽ ജീവിക്കുന്ന

രാജീവ്ജി



ഇ.കെ.നായനാർ

ബഹു. കേരള മുഖ്യമന്ത്രി



പാലൊളി മുഹമ്മദുകുട്ടി

തദ്ദേശസ്വയംഭരണവകുപ്പു മന്ത്രി



സി. നിക്കൊളാസ് മൊറായിസ്

(പ്രസിഡന്റ്)

പി. ലോറൻസ്
(വൈസ് പ്രസിഡന്റ്)



കെ.ജി. ജയകുമാർ
സ്റ്റാൻഡിംഗ് കമ്മറ്റി ചെയർമാൻ

മെമ്പർമാർ

ഡോളി സി. ദാസ്
വാർഡ് - 1



എൽ.വിജയൻ
വാർഡ് - 2



ജെ. സ്റ്റീഫൻ
വാർഡ് - 3



ജി. രാധാകൃഷ്ണൻ
വാർഡ് - 4

സ്മിതാ അലെക്സ്
വാർഡ് - 6



ക്രിസ്റ്റഫർ ഫെർണാണ്ടസ്
വാർഡ് - 9

ബി. ബെല്ലാമ്മ
വാർഡ് - 10

ലൂർദ്മേരി ഐസക്
വാർഡ് - 11

ആമുഖം

സ്വതന്ത്രഭാരത്തിന്റെ അരനൂറ്റാണ്ടുകാലത്തെ ജനാധിപത്യ പ്രക്രിയയുടെ ഏടുകളിൽ കനക ലിപികളാൽ ആലേഖനം ചെയ്യപ്പെടേണ്ട ഒന്നാണ് ''ജനകീയ ആസൂത്രണ പരിപാടി'' 1993-ൽ ഭരണഘടനയും 73,74 ഭേദഗതികളിലൂടെ 'പഞ്ചായത്തീരാജ്' നഗരപാലിക നിയമം നടപ്പാക്കുകവഴി അധികാര വികേന്ദ്രീകരണത്തിന് കളമൊരുങ്ങുകയും, ആസൂത്രണ പ്രക്രിയയിൽ അഭിപ്രായങ്ങളും, നിർദ്ദേശങ്ങളും ഉന്നയിക്കാനും പങ്കാളികളാകാനും മേൽനോട്ടം വഹിക്കാനുമുള്ള അവകാശം ജനങ്ങൾക്കു ലഭിക്കുകയും ചെയ്തിരിക്കുകയാണ്. ഒരു പ്രദേശത്തിന്റെ വികസന മേഖലകളിലെ പ്രധാന വെല്ലുവിളികളെ പ്രദേശിക തലത്തിൽ അപഗ്രഥിക്കുവാനും വിഭവപരിധിക്കുള്ളിൽ നിന്നുകൊണ്ട് പരിഹാരങ്ങൾ നിർദ്ദേശിക്കുവാനും ശാധാരണജനങ്ങൾക്ക് അവസരം ലഭിച്ചിരിക്കുന്നു. സംസ്ഥാനത്ത് ഒമ്പതാം പഞ്ചവത്സരപദ്ധതി അടങ്കൽ തുകയുടെ 35-40 ശതമാനം തദ്ദേശസ്വയം ഭരണസ്ഥാപനങ്ങൾക്ക് നൽകുവാനും, ഈ തുക എങ്ങനെ വിനിയോഗിക്കണമെന്ന് നിശ്ചയിക്കുന്നതിനുള്ള പൂർണ്ണ സ്വാതന്ത്ര്യം അവയ്ക്ക് നൽകുവാനും കേരളാ സർക്കാർ തീരുമാനമെടുത്തു കഴിഞ്ഞു.

കേരളത്തിലെ ഒമ്പതാം പദ്ധതിയുടെ രൂപരേഖ, പഞ്ചായത്തുകളും, മുൻസിപ്പാലിറ്റികളും തയ്യാറാക്കുന്ന വികസനറിപ്പോർട്ടുകളുടേയും ആസൂത്രണ ബോർഡ് നിയോഗിച്ചിട്ടുള്ള ടാസ്ക് ഫോഴ്സുകൾ രൂപപ്പെടുത്തുന്ന ഉന്നതതല റിപ്പോർട്ടുകളുടെ അടിസ്ഥാനത്തിലാണ് തയ്യാറാക്കുന്നത്.

കഴിഞ്ഞ എട്ടു പഞ്ചവത്സരപദ്ധതികളുടെയും നേട്ടങ്ങളും കോട്ടങ്ങളും വിലയിരുത്തിയതിനുശേഷമാണ് ഒമ്പതാം പദ്ധതി ജനകീയ പദ്ധതിയായി ആവിഷ്ക്കരിക്കുവാനും നടപ്പിലാക്കുവാനും സംസ്ഥാന ഗവൺമെന്റും, സംസ്ഥാ ആസൂത്രണ ബോർഡും തീരുമാനിച്ചത്. എട്ടു പഞ്ചവത്സര പദ്ധതികൾ നമ്മുടെ നാട്ടിൽ ഒട്ടേറെ നേട്ടങ്ങൾക്കിടയാക്കിയെങ്കിലും, അതിന് ധാരാളം പോരായ്മകൾ ഉണ്ടായിരുന്നു. ആസൂത്രണം വിവിധ വകുപ്പുകളുടെ പരസ്പരബന്ധമില്ലാത്ത സ്കീമുകളായിമാറി അതാതു പ്രദേശങ്ങളിലെ സാദ്ധ്യതകൾ പരമാവധി പ്രയോജനപ്പെടുത്തുന്നതിനുപകരം കേന്ദ്രീകൃത ആസൂത്രണമായിരുന്നു നാളിതുവരെ തുടർന്നുവന്നത്. അതുകൊണ്ട് ജനങ്ങളുടെ വികസന ആവശ്യങ്ങൾ പരിഗണിക്കപ്പെടാതെ പോയി. വികസനകാര്യങ്ങൾ തീരുമാനിക്കുന്നതിനും, അതു നടപ്പിലാക്കുന്നതിനും, ജനങ്ങൾക്ക് പങ്കാളിത്തമില്ലായിരുന്നു.

കാർഷിക വ്യാവസായികരംഗത്ത് കേരളത്തിൽ മുരടിപ്പും, പിന്നോട്ടു പോക്കുമാണ് നമുക്ക് കാണാൻ കഴിയുന്നത്. നമുക്ക് ആവശ്യമുള്ള ഭക്ഷ്യോല്പന്നങ്ങളുടെ 30% പോലും ഇവിടെ ഉല്പാദിപ്പിക്കപെടുന്നില്ല. വ്യാവസായിക രംഗത്തെ നമ്മുടെ വളർച്ച, അഖിലേന്ത്യാ ശരാശരിയെക്കാൾ വളരെ പിറകിലാണ്. കേരളം ഒരു ഉപഭോക്തൃ സംസ്ഥാനമായി മാറിയിരിക്കുന്നു. സാക്ഷരത, പൊതുജനാരോഗ്യം സാമൂഹ്യ സുരക്ഷാ നടപടികൾ, തുടങ്ങി പലതിലും നാം ഇന്ത്യയിൽ ഒന്നാമത് എത്തിയെങ്കിലും സേവന രംഗത്ത് ഗുണപരമായ പിന്നോക്കാവസ്ഥ ഇന്നും

നിലനിൽക്കുന്നു.

ഉല്പാദന രംഗത്തെ മാന്ദ്യത മാറാതെ നാം നോടിയ പുരോഗതി നിലനിർത്താനാവില്ല. ഈ പശ്ചാത്തലത്തിലാണ് ഒമ്പതാം പദ്ധതി ജനകീയ പദ്ധതി ആക്കാനുള്ള പ്രവർത്തനങ്ങൾ കേരളത്തിൽ ആരംഭിക്കുന്നത്. ആസൂത്രണം അടിത്തട്ടിൽ നിന്ന് ആരംഭിക്കുകയെന്ന മഹത്തായ ലക്ഷ്യമാണ് ജനകീയ ആസൂത്രണ പ്രസ്ഥാനം ഏറ്റെടുക്കുന്നത്.

വികസനമെന്നാൽ ജനങ്ങളുടെ ജീവിതനിലവാരം ക്രമമായി ഉയർത്തുന്ന സാമൂഹിക പ്രക്രിയയാണ്. ജീവിത നിലവാരം ഉയരണമെങ്കിൽ, ജീവിതോപാധികളുടെ ഉല്പാദനം ഉയരണം. വികസനത്തിന്റെ ഫലമായുണ്ടാകുന്ന സാമ്പത്തിക വളർച്ച സ്ഥിരവും അതിന്റെ വിതരണം നീതിപൂർവ്വകവും ആയിരിക്കണം. ഇങ്ങനെ ആകണമെങ്കിൽ, ഇതു സംബന്ധിച്ച് തീരുമാനങ്ങൾ എടുക്കണമെങ്കിൽ സമൂഹത്തിന് അധികാരം ലഭിക്കണം. പരിമിതമായ വിഭവങ്ങൾ ഏറ്റവും കൂടുതൽ പേർക്ക് കൂടുതൽ കാര്യക്ഷമമായി കൂടുതൽ കാലത്തേക്ക് പ്രയോജന പ്രദമായ രീതിയിൽ വിനിയോഗിക്കണം.

ഗ്രാമബ്ലോക്ക്, ജില്ലാതലങ്ങളിൽ വികസന പ്രവർത്തങ്ങളുടെ ആസൂത്രണവും അതിന്റെ നടത്തിപ്പും ജനപങ്കാളിത്തത്തോടുകൂടി ആകുമ്പോൾ കേന്ദ്രീകൃത ആസൂത്രണത്തിന്റെ പോരായ്മകളിൽനിന്ന് നമുക്ക് മോചിതരാകാൻ കഴിയും. പദ്ധതികൾ സുതാര്യമാകുമ്പോൾ അതിന്റെ നടത്തിപ്പ് കുറ്റമറ്റതാകും എന്ന് നമുക്കു പ്രതീക്ഷിക്കാം.

സംസ്ഥാന ആസൂത്രണ ബോർഡിന്റേയും, സംസ്ഥാന ഗവൺമെന്റിന്റേയും, തദ്ദേശ സ്വയം ഭരണ വകുപ്പിന്റേയും നിർദ്ദേശങ്ങൾ അനുസരിച്ച് കരുംകുളം ഗ്രാമപഞ്ചായത്തിൽ ജനകീയ ആസൂത്രണ പ്രവർത്തനങ്ങൾ 1997 ആഗസ്റ്റുമാസത്തൽ ആരംഭിച്ചു. ജില്ലാതല പരിശീലനം, പഞ്ചായത്തു തലപരിശീലനങ്ങൾ ദ്വിതീയ വിവരശേഖരണം. പഠന പര്യടനങ്ങൾ വിഷയഗ്രൂപ്പ് രൂപീകരണം, വികസനറിപ്പോർട്ട് തയ്യാറാക്കൽ എന്നിവ നിശ്ചിത സമയ പരിധിക്കുള്ളിൽ പൂർത്തിയാക്കാൻ കഴിഞ്ഞു.

ഗ്രാമ സഭ റിപ്പോർട്ടുകൾ, ദ്വിതിയ വിവരശേഖരണം, പഠനപര്യടനം, കേട്ടറിവ്, നാട്ടറിവ് നടപ്പു പദ്ധതികളെ സംബന്ധിച്ച് വിവിധ ഡിപ്പാർട്ടുമെന്റുകളിൽ നിന്നും ലഭിച്ചിട്ടുള്ള റിപ്പോർട്ടുകൾ എന്നിവയുടെ അടിസ്ഥാനത്തിൽ വിഷയഗ്രൂപ്പുകൾ നടത്തിയ വിശദമായ ചർച്ചകളിൽ നിന്നും ഉരുത്തിരിഞ്ഞു വന്നിട്ടുള്ള വിലയിരുത്തലുകളുടെയും നിർദ്ദേശങ്ങളുടേയും അടിസ്ഥാനത്തിൽ തയ്യാറാക്കിയതാണ്. ഈ വികസന റിപ്പോർട്ട് 20-12-1996-ൽ കൂടിയ പഞ്ചായത്തു കമ്മിറ്റി ചർച്ച ചെയ്ത് ഐകൃകണ്ഠേന അംഗീകരിച്ചു.

നമ്മുടെ പഞ്ചായത്തിനെ പുരോഗതിയിലേക്കാനായിക്കാനും പുതിയ ഒരു വികസന സംസ്ക്കാരത്തിനു നാന്ദികുറിക്കാനും ഈ വികസന സെമിനാറിനു കഴിയുമെന്നു വിശ്വസിക്കുന്നു. നമ്മുടെ പഞ്ചായത്തിലെ വികസന മേഖലയെക്കുറിച്ച് സമഗ്രമായി ചർച്ചചെയ്ത് ഒരു ജനകീയ പദ്ധതിക്ക് രൂപം കൊടുക്കാൻ കഴിയുമെന്ന് ആത്മാർത്ഥമായി വിശ്വസിച്ചുകൊണ്ട് കുരുംകുളം ഗ്രാമപഞ്ചായത്തിന്റെ വികസനറിപ്പോർട്ട് ജനങ്ങളുടെ മുമ്പാകെ സമർപ്പിക്കുന്നു.

കരുംകുളം
29-12-1996

Sd/-
എഡിറ്റോറിയൽ ബോർഡ്

കരുംകുളം പഞ്ചായത്തിലെ സാമൂഹിക സാംസ്ക്കാരിക ചരിത്രത്തിലേക്ക് ഒരെത്തിനോട്ടം

-അറബിക്കടലുമായി തൊട്ടുരുമ്മിക്കിടക്കുന്ന ഒരു പ്രദേശമാണ് കരുംകുളം ജനസാന്ദ്രത കൊണ്ട് ഗിന്നസ് ബുക്കിൽ സ്ഥാനം പിടിച്ചിട്ടുണ്ട്. 1.25 Sqr. mile വിസ്തീർണ്ണമുള്ള ഈ ഗ്രാമത്തിൽ 32830 ആളുകൾ താമസിക്കുന്നു. കാഞ്ഞിരംകുളം എന്നർത്ഥം വരുന്ന കരുംകുളം മെന്ന പേര് ഈ പഞ്ചായത്തിനു ലഭിച്ചത്. ഒരു തുണ്ട് ഭൂമിപോലും ജലമില്ലാത്ത വരണ്ട അവസ്ഥയുള്ളതുകൊണ്ടുമാത്രമാണ് മത മൈത്രിക്ക് മകുടോദാഹരണമാണ് ഈ ഗ്രാമപഞ്ചായത്ത്.

സ്വാതന്ത്ര്യസമരത്തിൽ ധാരാളം സംഭാവനകൾ നൽകാൻ ഈ കൊച്ചു ഗ്രാമത്തിനു കഴിഞ്ഞിട്ടുണ്ട്. പള്ളിമണികളെയും ശംഖുനാദത്തെയും ബാങ്കുവിളിയും ഈ ഗ്രാമം ഒന്നുപോലെ സ്വീകരിക്കുന്നു.

പണ്ടു ഹിന്ദുക്കളുടെ ഇടയിൽ നിലനിന്നിരുന്ന അഞ്ചു വയസ്സ് പ്രായമായ കുട്ടുകളുടെ കെട്ടുകല്ല്യാണ മെന്ന അനാചാരം ശ്രീ നാരായണഗുരു ദേവൻ അവസാനിപ്പിച്ചത് കരുംകുളം പഞ്ചായത്തിലെ വടവിൻ കര വീട്ടിൽ വച്ചാണ്.

രാഷ്ട്രീയമയും ഏറെ മുന്നിലല്ലെങ്കിലും വളരെ പിന്നിലല്ല ഈ ഗ്രാമം. MLA മാരായിരുന്ന ശ്രീ. ഡി. വിവേകാനന്ദനും, ശ്രീ. J.T. മൊറായിനും ജന്മംകൊണ്ട് ഈ ഗ്രാമത്തിന്റെ സംഭാവനകളാണ്.

കരുംകുളം ശ്രീ ഭദ്രകാളിക്ഷേത്രം

നൂറ്റാണ്ടുകൾ പഴക്കമുള്ള അതിപുരാതനവും പ്രസിദ്ധവുമായ ഹൈന്ദവ ക്ഷേത്രമാണ് കരുംകുളം ശ്രീ ഭദ്രകാളി ക്ഷേത്രം നമ്മുടെ ഗ്രാമത്തിന്റെ സാംസ്ക്കാരത്തിന്റെയും മതസൗഹാർദ്ദത്തിന്റെയും മണിവിളക്കാണ് ഈ ക്ഷേത്രം. മീനമാസത്തിലെ അശ്വതി നാളിൽ നടക്കുന്ന ഇവിടുത്തെ ഉത്സവം എല്ലാമതവിഭാഗങ്ങളും ഒരുപോലെ ആഘോഷിക്കുന്നു. തിരുമുടി വഹിച്ചുകൊണ്ടുള്ള ഉറഞ്ഞുതുള്ളലും നിറപറയുമാണ് ഇവിടുത്തെ സവിശേഷത. തൃക്കമഹോത്സവും അഞ്ചുവർഷത്തിലൊരിക്കൽ നടക്കുന്ന പറണേറ്റ് മഹോത്സവവും ആയിരക്കണക്കിന് ജനങ്ങളെ ആഘർഷിക്കുന്നു. ടി ക്ഷേത്രത്തിലുള്ള ആയിരം വർഷത്തോളം പഴക്കമുള്ള രണ്ടു വിഗ്രഹങ്ങളുടെ ആദിരൂപം പാലോട് എന്നു പറയുന്ന സ്ഥലത്തുള്ള ഒരു കിണറ്റിൽ നിന്നും കിട്ടിയെന്നാണ് ഐതീഹ്യം. കടലിനോടുതൊട്ടുരുമ്മി പ്രകൃതി രമണീയമായ കല്ലുമുക്ക് ശ്രീകരിങ്കാളി ക്ഷേത്രവും ഈ ക്ഷേത്രത്തിന്റെ ഭാഗമാണ്. ഈ ക്ഷേത്രത്തിന്റെ മഹിമ മനസ്സിലാക്കിയ മാർത്താണ്ഡ വർമ്മ മഹാരാജാവ് തിരുമനസ്സ് കൊണ്ട് സ്വർണ്ണപിടിയുള്ള ഒരു വാൾ സമ്മാനിച്ചിട്ടുണ്ട്.

ഈ പഞ്ചായത്തിലെ മറ്റൊരു ഭദ്രകാളി ക്ഷേത്രമാണ് കീഴതിൽ ക്ഷേത്രം. ധാരാളം ഭക്തജനങ്ങൾ ഭയഭക്തിവിശ്വാസങ്ങളോടെ പൂജാദികർമ്മങ്ങളിൽ സംബന്ധിക്കുന്നു.

ഈ പഞ്ചായത്തിലെ ഏകശിവക്ഷേത്രമാണ് കുരംകുളം ശിവക്ഷേത്രം ശിവരാത്രിനാളിലാണ് അവിടുത്തെ പ്രധാന ഉത്സവം.

ഒരു ജാതി ഒരുമതം ഒരു ദൈവം എന്ന ആപ്തവാക്യം ലോകത്തിനു സമ്മാനിച്ച

ശ്രീനാരായണഗുരുദേവൻ പണ്ട് വിശ്രമിച്ചിരുന്ന പരുത്തിപ്പാറയിൽ ഒരു ഗുരുദേവ മണ്ഡപം സകല ജനങ്ങളെയും ആകർഷിച്ചുകൊണ്ടു നിലകൊള്ളുന്നു.

ഒട്ടുംതന്നെ അപ്രസക്തമല്ലാത്ത പള്ളം ശ്രീതാഴതിൽ ഭഗവതീക്ഷേത്രവും പോട്ടൂപ്പന നിന്നതിൽ ശ്രീ ഉത്തമയക്ഷി ക്ഷേത്രവും ഹൈന്ദവ ആരാധനായലങ്ങളായി നിലകൊ ള്ളുന്നു.

മസ്ജിദ്

ഈ പഞ്ചായത്തിലെ ഏക മുസ്ലീം പള്ളിയാണ് പുല്ലുവിള മുസ്ലീംപള്ളി. ഇവിടുത്തെ ചന്ദനക്കുടമഹോത്സവത്തിന് ആയിരക്കണ ക്കിന് ആളുകൾ പങ്കെടുക്കുന്നു. മതപഠനത്തി നുള്ള മദ്രസ ഈ പള്ളിയിൽ പ്രവൃത്തിച്ചുവ രുന്നു. ജാതിമതഭേദമന്യേ എല്ലവരും ഈ മുസ്ലീംപള്ളിയെ ആദരിക്കുന്നു.

ക്രിസ്ത്യൻ ദേവാലയങ്ങൾ

1542-ൽ വിശുദ്ധ ഫ്രാൻസിസ് സേവ്യറിന്റെ ആഗമനത്തോടുകൂടെയാണ് തെക്കൻ കേരളത്തിൽ ക്രിസ്തുമതം വേരുറച്ചത്. ആദ്യകാലത്ത് തിരുവിതാംകൂർ, കൊച്ചി, ലത്തീൻരൂപതയുടെ കീഴിലായിരുന്നു ഈ പഞ്ചായത്ത് അതൃത്തിയിലുള്ള കരുംകുളം, കൊച്ചുതുറ, പുതിയതുറ, പള്ളം, പുല്ലുവിള, കൊച്ചുപള്ളി, എന്നീഇടവകകൾ. ഇന്ന് തിരുവ നന്തപുരം രൂപതയുടെ കീഴിലുള്ള പുല്ലുവിള ഫോറോനയിലാണ്. പുല്ലുവിള ഫോറോനയുടെ ആസ്ഥാനമായി പുല്ലുവിള പള്ളി നിലകൊള്ളു ന്നു. വി.ഫ്രാൻസിസ് സേവ്യറിന്റെ ആഗമനത്തി നുശേഷം പോർച്ചുഗീസുകാർ തീരപ്രദേശങ്ങ ളിൽ നിർമ്മിച്ച പള്ളികളിൽ വച്ച് ഏറ്റവും പഴക്ക മേറിയതാണ് തായ്പള്ളി എന്നറിയപ്പെടുന്ന കരുംകുളം. St. ആൻഡ്രൂസ് പള്ളി. ഈ പള്ളി ഇന്നും ഒരുപുരാവസ്തു വായിനിലകൊള്ളുന്നു. പഴമക്കാർ പറയുന്നതനുസരിച്ച് ഇന്നു കൊച്ചുതുറ ഇടവകപള്ളി സ്ഥിതിചെയ്യുന്ന സ്ഥാനത്ത് ആദ്യം ഒരു ബ്രാഹ്മണക്ഷേത്രമായി രുന്നുവത്രെ നിലനിന്നിരുന്നത്. അത്ഭുത പ്രവർത്തകനായ വിശുദ്ധ അന്തോണിസ് പുണ്യവാളന്റെ അനുഗ്രഹത്താൽ പരിപാവന മായ ഈ പള്ളി നാനാ ജാതിമതസ്തരെ ആകർഷിക്കുന്നു.

അതോടൊപ്പം മദർതെരസ്സയുടെ മിഷണറി ആഫ്ചാരിറ്റി എന്ന ആതുരാലയവും ഈ പ്രദേശത്തിൻരെ പ്രസക്തി വിളിച്ചറിയി ക്കുന്നു.

ചരിത്രപരമായി വളരെയധികം പ്രാധാന്യമുള്ള ഒരു പള്ളിയാണ്. പുതിയതുറ St. നിക്കോളാസ് ചർച്ച്. ആദ്യകാലത്ത് ഈ പള്ളി ഇന്ന് സിമിത്തേരി നിലനിൽക്കുന്ന സ്ഥാനത്ത് കടലിനോടുതൊട്ടുരുമ്മിയാണ് നിലനിന്നിരുന്നത്, കടൽക്ഷോഭം മൂലം പള്ളി തകരുകയും അതിനുശേഷം പൊറ്റയെന്ന് അറിയപ്പെടുന്ന കുന്നിൻ മുകളിൽ പള്ളിസ്ഥാ പിക്കുകയും ചെയ്തു. അതിനാൽ പൊറ്റയിൽ പള്ളി എന്നും അറിയപ്പെടുന്നു. എടത്വാ പള്ളിയോടൊപ്പം പ്രസിദ്ധമായതിനാൽ ഇതിനെ കൊച്ച് എടത്വാ എന്നും അറിയപ്പെടുന്നു.

ആദ്യകാലങ്ങളിൽ ചിന്നമാർത്താ ണ്ഡൻ തുറയെന്നാണ് ഈ സ്ഥലം അറിയപ്പെ ട്ടിരുന്നത്. തിരുവിതാംകൂറിലെ ചിന്നനെയും മാർത്താണ്ഡനെയും അനസ്മരിപ്പിക്കുന്നതിനാ യിരുന്നു ഇങ്ങനെ നാമകരണം ചെയ്തിരിക്കു ന്നത്. എന്നാൽ ഇതേ പേരിൽ മറ്റൊരു പ്രദേശവും ഉണ്ടായിരുന്നതിനാൽ കത്തിടപാടു കളും മറ്റും പ്രയാസമേറുകയും തൽഫലമായി ഈ പേര് ഇന്നറിയപ്പെടുന്ന പുതിയതുറയാക്കി മാറ്റുകയും ചെയ്തു. വിശുദ്ധഗീ വർഗ്ഗീസിന്റെ അനുഗ്രഹം കൊണ്ട് പരിവാവനമായ ഈ പള്ളി തിരുവനന്തപുരം ജില്ലയിലെ ഏറ്റവും പ്രസിദ്ധ മായ തീർത്ഥാടന കേന്ദ്രമാണ്. ഇവിടുത്തെ തിരുനാളിന് തമിഴ്നാട്ടിൽ നിന്നുപോലും

ധാരാളം ഭക്തജനങ്ങൾ എത്തി വിശുദ്ധന്റെ അനുഗ്രഹങ്ങൾ പ്രാപിച്ചു മടങ്ങുന്നു. സർവ്വജാതി മതസ്ഥരും ഈ പള്ളിയുടെ മതപരമായ ചടങ്ങുകളിൽ പോലും പങ്കെടുക്കുന്നുവെന്നുള്ളത് എടുത്തു പറയപ്പെടേണ്ടിയിരിക്കുന്നു.

ഏകദേശം ഒന്നര നൂറ്റാണ്ടുമുമ്പ് സ്ഥാപിക്കപ്പെട്ട വി.ഫ്രാൻസിസ് സേവ്യറുടെ നാമധേയത്തിലുള്ള ഒരു പള്ളിയാണ് പള്ളത്തുള്ളത്. 1950-ൽ തിരുവിതാംകൂർ ശ്രീചിത്തിര നിരുനാൾ മഹാരാജാവ് കമ്മ്യൂണിറ്റി പ്രോജക്ട് അടിസ്ഥാനമാക്കി സ്ഥലം കൊടുക്കുകയും കോളനികൾ തീർക്കുകയും അദ്ദേഹം തന്നെ ഉത്ഘാടനം ചെയ്തു പള്ളം നിവാസികൾക്കു സമ്മാനിക്കുകയും ചെയ്തു.

ബ്രിട്ടീഷ് മിഷണറിമാരുടെ പ്രവർത്തന ഫലമായി സ്ഥാപിക്കപ്പെട്ട ഒരു ചെറിയ പള്ളിയും പള്ളിക്കൂടവുമാണ് ഇന്നുകാണുന്ന പുല്ലുവിള ഇടവകയുടെ അടിത്തറ. കാലക്രമേണ ഇടവക ജനങ്ങൾ മുൻകൈയ്യെടുത്ത് ഇന്നുകാണുന്ന വലിയപള്ളി (സെന്റ് ജേക്കബ് പള്ളി) നിർമ്മിച്ചു. വിദ്യാഭ്യാസ പരമായി മുന്നോക്കം നിൽക്കുന്ന ഈ ജനത സ്വാതന്ത്ര്യ സമരത്തിനും അതിന്റെതായ സംഭാവന നൽകിയിട്ടുണ്ട്. 1957-ൽ വിമോചന സമരത്തിൽ ശ്രീയാക്കോബും യോഹന്നാനും വെടിയേറ്റു മരിച്ചത് ഈ പ്രദേശത്തെ കേരളചരിത്രത്തിൻറെ ഭാഗമാക്കിമാറ്റി.

1907 -ൽ സ്ഥാപിക്കപ്പെട്ട കൊച്ചുപള്ളി വിശുദ്ധ പത്രോസ് പുണ്യവാളന്റെ നാമധേയത്തിലുള്ളതാണ്. ഈഴവ സമുദായത്തിൻറെ മേൽനോട്ടത്തിലുള്ളതാണ് ഈ പള്ളി.

ഇവക്കുപുറമെ 1935-ൽ St. Joseph Church എന്ന പേരിൽ ഒരു മലങ്കര സിറിയൻ പള്ളി പാമ്പുകാലയിൽ സ്ഥാപിതമായി. വിദ്യാഭ്യാസ സാംസ്ക്കാരിക രംഗങ്ങളിൽ മുന്നോട്ടുനിൽക്കുന്ന നാഗപുരം CSI പള്ളിയും പരണിയം വഴിമുക്കിലും നമ്പ്യാദിയിലും അസംബ്ലീസ് ആഫ് ഗോഡിൻറെ ചർച്ചും പഞ്ചായത്തിന്റെ മതസൗഹാർദ്ദത്തിന്റെ പ്രതീകങ്ങളായി നിലകൊള്ളുന്നു.

JRY

ആക്ഷൻ പ്ലാൻ 95-96

SC/ST

കക്കൂസ് നിർമ്മാണം - 18x2000 = 36000/-

General Sector

1. പള്ളം പുരയിടം ഓട നിർമ്മാണം	= 35000/-
2. പാമ്പുകാല അരുമാനൂർ നടപ്പാത കോൺക്രീറ്റ്	= 45000/-
3. പുല്ലുവിള ഇരയിമ്മൻ തുറ ഓട മെയിന്റനൻസ്	= 20000/-
4. ഗാന്ധി ജയന്തി റോഡ് പള്ളത്, കലുങ്ക് നിർമ്മാണം	= 32094/-
5. ചെമ്പകരാമൻ തുറ ഓടനിർമ്മാണം	= 20000/-
	= 188094/-

ആക്ഷൻ പ്ലാൻ 96-97

SC/ST

1) ഭവന നിർമ്മാണം - 15800 x3	= 47400/-
2) കക്കൂസ് നിർമ്മാണം - 2000 x 14	= 28000/-

General Sector

1. വാർഡ് VI ൽ ആഴാം കാൽഓടയും ടാങ്കു നിർമ്മാണവും	= 100000/-
2. വാർഡ് XI ൽ തെറ്റിനിന്ന പുരയിടം ഓട മെയിന്റനൻസ്	= 56040/-
	= 231440/-

എഡിറ്റോറിയൽ ബോർഡ്

നിക്കുളാസ് മൊറായിസ് – പ്രസിഡന്റ്

കെ.ജി. ജയകുമാർ – സ്റ്റാന്റിംഗ് കമ്മിറ്റി ചെയർമാൻ

ജെ. സ്റ്റീഫൻ –മെമ്പർ

ആർ. അശോക കുമാരൻനായർ – Head Clark

എസ്. യേശുദാസൻ – കണ്ടക്ടർ KSRTC പുവ്വാർ


കരുംകുളം ഗ്രാമപഞ്ചായത്ത്
- ഭൂപടം
കഠിച്ചൻ കായൽ വിളിഞ്ഞം
പൂവ്വാർ ഇടുസ്റ്റ് ബോട്ട് ചാനൽ
കാഞ്ഞിരംകുളം റോഡ്
കാക്കത്തോട്ടം റോഡ്
വണ്ടാഴിനിന്നറോഡ്
കാഞ്ഞിരംകുളം
പൂവ്വാർ ബോട്ട് ചാനൽ
പൂവ്വാർ റോഡ്
നരുവിക്കോട്
XI
X
IX
VIII
VII
VI
V
IV
III
II
I

കരുംകുളം ഗ്രാമ പഞ്ചായത്ത് ആഫീസ്

മുൻപഞ്ചായത്ത് പ്രസിഡന്റുമാർ

ശ്രീ. ഡേവിഡ് കുലാസ് S.

ശ്രീ. L.P. മാധവൻ നായർ

ശ്രീ. പുല്ലുവിള , സ്റ്റാൻലി

ശ്രീ. ജോസ് വിക്ടർ

ശ്രീ. കെ.ജി. ജയകുമാർ

മുൻ വൈസ്പ്രസിഡന്റുമാർ

ശ്രീ. എ.പി. തീസ്മാസ് ഭാഗവതർ

ശ്രീ. അരുളപ്പൻ

ശ്രീ. വി.ഗ്രബ്രിയേൽ

ശ്രീ. കെ.ജി. ജയകുമാർ

ശ്രീ. ആരോഗ്യം ആന്റണി

ഇപ്പോഴത്തെ ഭരണസമിതി 2-10-1995 ന് അധികാരത്തിൽ വന്നു.

കരുംകുളം ഗ്രാമപഞ്ചായത്ത് ആഫീസിലെ നിലവിലുള്ള ജീവനക്കാർ

പി. കുമാരി വിമലാംബികാദേവി	:	സെക്രട്ടറി
ആർ. അശോക കുമാരൻ നായർ	:	ഹെഡ് ക്ലാർക്ക്
കെ.കെ. ലീലാമ്മ	:	U.D. ക്ലാർക്ക്
ഡി. വിത്സൻ	:	"
റ്റി.കെ. പരമേശ്വരൻ	:	"
ജെ. ജസാംബാൾ		L.D. ക്ലാർക്ക്
L.ഗോപി	:	പ്യൂൺ
T. സരോജനി അമ്മ	:	പാർട്ട് ടൈം ആഫീസ് സ്യൂപ്പർ

കരുംകുളം ഗ്രാമപഞ്ചായത്തിൽ നിലവിലുള്ള

ഭരണസമിതി അംഗങ്ങൾ

വാർഡ് നമ്പർ	നിയോജകമണ്ഡലത്തിന്റെ പേര്	സംവരണം	അംഗത്തിന്റെ പേര്
I	പാമ്പുകാലവാർഡ്	വനിത	ജെ.ഡോളി
II	കരുംകുളം കിഴക്കേക്കരവാർഡ്		എൽ. വിജയൻ
III	സെന്റ് ആന്റണീസ് വാർഡ്		ജെ. സ്റ്റീഫൻ
IV	പഞ്ചായത്ത് ആഫീസ് വാർഡ്	ഹരിജൻ	ജി. രാധാകൃഷ്ണൻ
V	കിളിത്തട്ടുവാർഡ്		കെ.ജി. ജയകുമാർ
VI	ചിന്നമാർത്താണ്ഡൻതുറ വാർഡ്	വനിത	സ്മിമ അലക്സ്
VII	സെന്റ് നിക്കോളാസ് വാർഡ്		സി. നിക്കോളാസ് മൊറായിസ്
VIII	സെന്റ് സേവിയേഴ്സ് വാർഡ്		പി. ലാറൻസ്
IX	ചെമ്പകരാമൻതുറ വാർഡ്		ഇ. ക്രിസ്റ്റഫർ (കെന്നഡി)
X	സെന്റ് ജേക്കബ് വാർഡ്	വനിത	ബി. ബല്ലാമ്മ
XI	സെന്റ് പീറ്റേഴ്സ് വാർഡ്	വനിത	ലൂർദ്ദുമേരി ഐസക്

കരുംകുളം ഗ്രാമപഞ്ചായത്ത് പ്രദേശത്തെ വിവിധ ആഫിസുകളും സ്ഥാപനങ്ങളും

1. ഗ്രാമപഞ്ചായത്ത് ആഫീസ്
2. പോസ്റ്റ് ആഫീസ്, പുല്ലുവിള
3. I.C.D.P. Sub Centre, പുതിയതുറ
4. V.E.O. ആഫീസ് കരുംകുളം സൗത്ത് & നോർത്ത്
5. വില്ലേജ് ആഫീസ്, കരുംകുളം
6. ഇന്ത്യൻ ബാങ്ക്, കരുംകുളം
7. സർവ്വീസ് സഹകരണ ബാങ്ക് ആഫീസ്, പുതിയതുറ
8. KSEB ഓവർസിയർ ആഫീസ്, പുതിയതുറ.
9. കൃഷിഭവൻ, കരുംകുളം
10. പ്രൈമറി ഹെൽത്തുസെന്റർ, പുല്ലുവിള
11. പോസ്റ്റ് ആഫീസ് , പുതിയതുറ
12. മൃഗാശുപത്രി, കരുംകുളം
13. മാവേലിസ്റ്റോർ, കുരംകുളം
14. ഗവഃ മുഹമ്മദൻസ് എൽ.പി.എസ്. പുല്ലുവിള.
15. എം.എസ്സ്.സി. എൽ.പി.എസ്, പാമ്പുകാല
16. സെന്റ് മേരീസ് എൽ.പി.ജി.എസ്. പുല്ലുവിള
17. സെന്റ് ആൻഡ്രൂസ് എൽ.പി.എസ്സ്, കല്ലുമുക്ക്
18. സെന്റ് നിക്കോളോസ് എൽ.പി.എസ്സ്, ലൂർദ്ദിപുരം
19. സെന്റ് ആന്റണീസ് LPS കൊച്ചുതുറ
20. എസ്സ്.എൻ.ഡി.പി. യു.പി.എസ്സ്. കരുംകുളം
21. ലിയോ XIIIth H.S.S. പുല്ലുവിള

വികസന റിപ്പോർട്ട് തയ്യാറാക്കിയവർ

കൃഷിയും ജലസേചനവും

D. ജോസഫ് പാമ്പുകാല

G. ബാബു, കൃഷി ആഫീസർ, കരുംകുളം

S. അനിതകുമാരി (അഗ്രികൾച്ചർ അസിസ്റ്റന്റ്)

P. സുലോചന (")

L. വിജയൻ (മെംബർ)

മത്സ്യബന്ധനം

ക്ലമന്റ് ലോപ്പസ് Rtd. Joint Director Fish Service

ലോർതേൻ - DF (T) 28/87 പ്രസിഡന്റ്

വി. വിൻസെന്റ് - DF (T) 5/92 പ്രസിഡന്റ്

ജെറാൾഡ് - ഫിഷറീസ് ആഫീസർ

ബി. ക്ലീറ്റസ് - Project ആഫീസർ, മത്സ്യഫെഡ്

C. ക്ലീറ്റസ് - "

ജെ. പീറ്റർ DF (T) 3/92 പ്രസിഡന്റ്

ശ്രീമതി ലീനമ്മ

പി. ലോറൻസ് - വൈസ്പ്രസിഡന്റ്

ഇ. ക്രിസ്റ്റഫർ ഫെർണാണ്ടസ് (മെബർ)

സെമാസ - പുല്ലുവിള

ഗതാഗതം

എസ്. യോശുദാസ് - Conductor KSRTC Poovar

J. സത്യദാസ് "

ശുദ്ധജലവിതരണം

എം. കുമാരസ്വാമി

എം. സതീഷ് ചന്ദ്രൻ, ഓവർസീയർ, വാട്ടർ അതോറിട്ടി, KJM

വ്യവസായം

വി. പത്മനാഭപിള്ള

വിദ്യാഭ്യാസം

കെ. രാമചന്ദ്രൻ H.M. പള്ളം LPS

ആർ. ഭരതൻ – SNDP UPS

സാക്ഷരത

എൻ. ദേവദാസ് സാം Co-rdinator

ഡി. സെൽവദാസ് ''

ശ്രീമതി റ്റി. ഇന്ദിര

ശ്രീമതി സ്മിതാഅലക്സ് (മെംബർ)

സാമൂഹ്യക്ഷേമം

കെ. സാരസാക്ഷൻ Rtd. BDO

എൽ. ജോസഫ് Rtd. GEO

വി. ശശിധരൻ

ബി. ഗീതകുമാർ VEO കരുംകുളം

ശ്രീ. ലൂർദ്ദ്മേരി ഫ്രെസ്ക് (മെംബർ)

സംസ്കാരം

കരുംകുളം വിജയകുമാർ

പൊതുമരാമത്ത്

എച്ച്. രത്നരാജ്, ഓവർസീയർ PWD KJM

ഡി. അംബി ''

വിദ്യുച്ഛക്തി

മുഹമ്മദ് കാസിം KSEB പുവ്വാർ

മോസസ്സ് ആൻസലാം AE KSEB KJM

ഫെഡറിക് മൊറായീസ് പുതിയതുറ

ജി. വർഗ്ഗീസ് ഓവർസീയർ KSEB KJM

പൊതുജനാരോഗ്യം

വി. മാധവൻ PHC പുല്ലുവിള

ജയജ്യോതി ''

ബി. ചെല്ലമ്മ (മെമ്പർ)

മൃഗസംരക്ഷണം

ജശ്വരവിസ്സ Vetnery Surgen KJM

പട്ടികജാതി പട്ടികവർഗ്ഗക്ഷേമം

ജി. രാധാകൃഷ്ണൻ (മെമ്പർ)

വനിത

ശ്രീമതി ജെ. ഡോളി (മെമ്പർ)

DRP മാർ

K.G. ജയകുമാർ, കൺവീനർ

ജെ. സ്റ്റീഫൻ

J. ഗ്ലോവിയസ് T. അലക്സാണ്ടർ

ആന്റോകുലാസ്

വിജയൻ

സ്റ്റെല്ലസ്

കെ.എസ്. വിനോദ് കുമാർ

വി. ജയരാജ്

ജി. അനിൽകുമാർ

ഗോപകുമാർ

ജില്ലാ ബ്ലോക്ക് പഞ്ചായത്ത് സാരഥികൾ

ശ്രീ ബി. സത്യൻ	–	ജില്ലാ പഞ്ചായത്ത് പ്രസിഡന്റ്
ശ്രീ. റ്റി. തങ്കബായി	–	ജില്ലാ വൈസ് പ്സിഡന്റ്
ശ്രീ അഡ്വ. തങ്കപ്പൻ	–	ബ്ലോക്ക് പ്രസിഡന്റ്
ശ്രീ. അഡ്വ. ജറാൾഡ്	–	ബ്ലോക്ക് വൈസ് പ്രസിഡന്റ്
ശ്രീ. അഡ്വ. അഡോൾഫ് മൊറായിസ്	–	ബ്ലോകക്ക് മെബർ
ശ്രീ. അഡ്വ. കാഞ്ഞിരംകുളം സുരേന്ദ്രൻ	–	ബ്ലോക്ക് മെബർ

കരുംകുളം ഗ്രാമപഞ്ചായത്തിൽ ജനകീയാസൂത്രണ-വിശേഷാൽ ഗ്രാമസഭകൾ സംബന്ധിച്ച വിവരങ്ങൾ

നിയോജക മണ്ഡല നമ്പർ	നിയോജക മണ്ഡലത്തിന്റെപേര്	തീയതി	ഗ്രാമയോഗത്തിലെ ഹാജർ			
			സ്ത്രീ	പുരു	ആകെ	SC/ST
I	പാമ്പുകാലവാർഡ്	12-10-1996	20	82	102	7
II	കരുംകുളം കിഴക്കേക്കരവാർഡ്	5-10-1996	19	58	77	10
III	സെന്റ് ആന്റണീസ് വാർഡ്	15-10-1996	22	70	92	-
IV	പഞ്ചായത്ത് ആഫീസ് വാർഡ്	12-10-1996	52	57	109	50
V	കിളിത്തട്ടുവാർഡ്	6-10-1996	113	186	299	25
VI	ചിന്നമാർത്താണ്ഡൻ തുറ വാർഡ്	13-10-1996	29	56	85	-
VII	സെന്റ് നിക്കോളാസ് വാർഡ്	13-10-1996	40	44	84	-
VIII	സെന്റ് സേവിയേഴ്സ് വാർഡ്	5-10-1996	53	112	165	5
IX	ചെമ്പകരാമൻതുറ വാർഡ്	6-10-1996	80	138	218	-
X	സെന്റ് ജേക്കബ് വാർഡ്	11-10-1996	166	181	347	
XI	സെന്റ്പീറ്റേഴ്സ് വാർഡ്	12-10-1996	138	170	308	2

പട്ടിതജാതി പട്ടികവർഗ്ഗവികസനം

കരുംകുളം ഗ്രാമപഞ്ചായത്തിൽ മൊത്തം ജനസംഖ്യയുടെ 12% ത്തോളം പട്ടികജാതിക്കാരും അതിൽ 2% ത്തോളം പട്ടികവർഗ്ഗക്കാരുമാണ്. തണ്ടാൻ, സാംബവർ, വേടർ, പറയർ, പുലയർ, പരവർ, മണ്ണാൻ തുടങ്ങിയ വർഗ്ഗരാണ് നമ്മുടെ പഞ്ചായത്തിലുള്ളത്. ഇതിൽ I, II, IV, V, XI എന്നീ വാർഡുകളിൽ അങ്ങിങ്ങായി തിങ്ങിപ്പാർക്കുന്നു. തണ്ടാൻ സമുദായമാണ് ഭൂരിഭാഗവും. III ഉം VIII ഉം വാർഡുകളിൽ വളരെ കുറച്ച് കുടുംബങ്ങൾ കഴിയുന്നു. I ഉം II ഉം വാർഡുകളിൽ ഓടൽ, ചെമ്പനാവിള, എന്നീ ഹരിജൻ കോളനികളിൽ പറയർ, പുലയർ, വേടർ, എന്നീ സമുദായക്കാർ താമസിക്കുന്നു. പൊതുവിൽ പട്ടികജാതി, പട്ടികവർഗ്ഗകാരുടെ ജീവിത നിലവാരം മറ്റു വംശക്കാരെക്കാൾ താണതാണ്. ഏകദേശം 4% ഓളം പേർ വിവിധ സർക്കാർ വകുപ്പുകളിൽ ജോലിചെയ്യുന്നു. അഭ്യസ്ഥവിദ്യരായ തൊഴിൽരഹിതരായ യുവതിയുവാക്കൾ ഈ പഞ്ചായത്തിലുണ്ട്.

ഈ പഞ്ചായത്തിലെ പട്ടികജാതിക്കാരുടെ ക്ഷേമത്തിന് വേണ്ടി 1984ൽ മുൻ പഞ്ചായത്ത് കമ്മിറ്റി അംഗം സർവ്വശ്രീ. A. ഗംഗാധരൻ അവർകളുടെ നേതൃത്വത്തിൽ പട്ടികജാതി പട്ടികവർഗ്ഗ സർവ്വീസ് സഹകരണസംഘം രൂപീകരിച്ചു. മൂന്നു വർഷം കഴിഞ്ഞ് ശ്രീ. ഗംഗാധരൻ പ്രസിഡന്റ് സ്ഥാനം ഒഴിഞ്ഞതിനു ശേഷം ശ്രീ. ജി. രാധാകൃഷ്ണൻ കഴിഞ്ഞ 8 വർഷക്കാലം പ്രസിഡന്റായിരുന്ന കാലഘട്ടത്തിൽ ടി സംഘത്തിലെ വികസനത്തിനുവേണ്ടി വിവിധ ക്ഷേമപദ്ധതികൾ ആവിഷ്കരിച്ചു നടപ്പിലാക്കി.

അഭ്യസ്ഥവിദ്യരായവർ ഉണ്ടെങ്കിലും ദാരിദ്ര്യവും, പട്ടിണിയും, വിദ്യാഭ്യാസപിന്നോക്കവസ്ഥയും പാർപ്പിട പ്രശ്നവും അപൂർവ്വമായെങ്കിലും നിലവിലുണ്ട്. മഹാനായ DR. B.R. അംബേദ്ക്കറുടെ നാമധേയത്തിൽ തണ്ടാൻ സമുദായം, സംഘട രൂപീകരിച്ചു പ്രവർത്തിച്ചുവരുന്നു.

കരുംകുളം ഗ്രാമപഞ്ചായത്തിലെ ആഫീസ് വാർഡായ IV-ാം വാർഡാണ് ഈ പഞ്ചായത്തിലെ ഏക ഹരിജൻ സംവരണ വാർഡ്.

കരുംകുളം ഗ്രാമപഞ്ചായത്തിൽ ആലകെട്ടിയ കോളനി മാത്രമേ IHDP കോളനിയായി ഗവ: അംഗീകരിച്ചിട്ടുള്ളു. I-ാം വാർഡിൽ ചെമ്പനാവിളയും, ഓടലും ഹരിജൻ സെറ്റിൽമെന്റായി ഗവ: പ്രഖ്യാപിച്ചിട്ടുണ്ട്. പട്ടികജാതി സങ്കേതങ്ങളായി IV-ാം വാർഡിലെ പൊടുവൽ, മുതുപുരയിടം, എന്നീ പ്രദേശങ്ങൾ ഉൾപ്പെടുത്തണമെന്ന് പഞ്ചായത്തുകമ്മിറ്റി ഗവ: അഭ്യർത്ഥിച്ചിട്ടുണ്ട്.

പ്രശ്നങ്ങളും പരിഹാരങ്ങളും

1. പട്ടികജാതി പട്ടികവർഗ്ഗ വിദ്യാർത്ഥികളുടെ വിദ്യാഭ്യാസത്തിന് പഞ്ചായത്തു ഫണ്ടിൽ നിന്നും ആനുകൂല്യം അനുവദിക്കുക.

2. ഭൂരഹിത പട്ടികജാതി പട്ടികവർഗ്ഗ കർഷകന് കൃഷി ഭൂമിവാങ്ങുന്ന പദ്ധതിയിൽ കൂടുതൽ കുടുംബങ്ങളെ ഉൾപ്പെടുത്തുകയും തുക വർദ്ധിപ്പിക്കുകയും ചെയ്യുക.

3. കോളനികൾ ഉൾപ്പെടെ പഞ്ചായത്തിലെ മുഴുവൻ പട്ടികജാതി പട്ടികവർഗ്ഗത്തിൽപെട്ട, കുടിലുകളിൽ കഴിയുന്നവർക്ക് വീടു വക്കുന്നതിനു ധനസഹായം അനുവദിക്കുകയും തുക വർദ്ധിപ്പിക്കുകയും ചെയ്യുക.

4. കക്കുസും, കുളിമുറിയും ഇല്ലാത്ത പട്ടികജാതി പട്ടികവർഗ്ഗക്കാർക്ക് അവ നിർമ്മിക്കുന്നതിന് ധനസഹായം നൽകുക.

5. നിലവിലുള്ള പട്ടികജാതി പട്ടികവർഗ്ഗ

ക്കാരുടെ വീടുകൾ പുതുക്കുന്നതിനും ധനസഹായം നൽകുക.

6. പട്ടികജാതി പട്ടികവർഗ്ഗക്കാരുടെ ഓലമേഞ്ഞ വീടുകൾ മാറ്റി ഓടുമേയുന്നതിന് ധനസഹായം അനുവദിക്കുക.

7. പട്ടികജാതി പട്ടികവർഗ്ഗക്കാരായ കർഷക തൊഴിലാളികൾക്ക് പണി ആയുധങ്ങൾ വാങ്ങുന്നതിന് ധനസഹായം അനുവദിക്കുക.

8. പട്ടികജാതി പട്ടികവർഗ്ഗക്കാരായവരുടെ വീടുകൾ സൗജന്യമായി വൈദ്യുതികരിക്കുക.

9. കോളനികളിൽ താമസിക്കുന്ന പട്ടികജാതി പട്ടികവർഗ്ഗക്കാർക്ക് പട്ടയം ലഭ്യമാക്കുക.

10. കരുംകുളം ഗ്രാമപഞ്ചായത്തിലെ മണ്ണാർ സമുദായം തിങ്ങി പാർക്കുന്ന പാലോട്ടുവിളയിൽ, നിലവിലുള്ള ഊറ്റുകുഴി തൊഴിൽ ആവശ്യത്തിനായി തുണി അലക്കുന്നതിന് സൗകര്യപ്രദമായി കുളം നിർമ്മിക്കുക.

11. പൊടുവാൻ കോളനിയിലേയ്ക്കുള്ള അംബേദ്കർ റോഡ് അടിയന്തിരമായി ടാർ ചെയ്യുക.

12. ഹരിജൻ കോളനികളിൽ T.V. കാസ്ക്കും വായനശാലയും നിർമ്മിക്കുക.

13. ട്രൈസം പദ്ധതിയിൽ ഉൾപ്പെടുത്തി തൊഴിൽ പരിശീലനം നൽകുന്നതോടൊപ്പം തൊഴിൽ നേടുന്നതിനുള്ള സാമ്പത്യസഹായം അനുവദിക്കുക.

14. പട്ടികജാതി വനിതകൾക്കായി D.W.C.K.A. യുണിറ്റുകൾ ആരംഭിക്കുക.

15 പട്ടികജാതി വനിതകൾക്കായി തയ്യൽപരിശീലനം നൽകി സൗജന്യമായി തയ്യൽമഷീൻ നൽകുക.

16. അർഹരായ മുഴുവൻ പട്ടികജാതിക്കാർക്കും കുളത്തുമൃഗങ്ങൾ മൃഗസംരക്ഷണ വകുപ്പിൽ നിന്നും സൗജന്യമായി ലഭ്യമാക്കുക.

17. ജാതി സർട്ടിഫിക്കറ്റുകൾ, നേറ്റിവിറ്റി, വരുമാന സർട്ടിഫിക്കറ്റുകൾ ലഭിക്കുന്നതിനുള്ള നിയമങ്ങൾ ലഘുകരിക്കുക.

18. പട്ടികജാതി സങ്കേതങ്ങളിൽ Voltage ക്ഷാമം പരിഹരിക്കുന്നതിന് അടിയന്തിര നടപടിസ്വീകരിക്കുക.

19. പട്ടികജാതി സങ്കേതങ്ങളിൽ ശുദ്ധജലം എപ്പോഴും ലഭിക്കുന്നതിനു നടപടി സ്വീകരിക്കുക.

20. പട്ടികജാതി സങ്കേതങ്ങളിൽ ഒരു full night lamp പ്രവർത്തിപ്പിക്കുന്നതിനു നടപടിയുണ്ടാക്കുക.

21. ആല കെട്ടിയ IHDP Colony ലേക്ക് പോകുന്ന കുഞ്ചുവീട്ടുവിളാകം, പോട്ടുപന നിന്ന റോഡ് ടാർ ചെയ്യുക.

22. കോളനി നിവാസികൾക്കുവേണ്ടി ആലകെട്ടിയ കോളനിയ്ക്കടുത്ത് ഒരു പൊതുശ്മശാനം നിർമ്മിക്കുക.

23. ആല കെട്ടിയ IHDP കോളനിയിൽ ഒരു പൊതു കിണർ നിർമ്മിക്കുക.

24. ആലകെട്ടിയകോളനി, ചെന്നനിന്ന കോളനി, നാഗരുകുടം കെട്ടിയ കോളനി എന്നിവയിൽ പൊതുകക്കൂസ് ജലസൗകര്യത്തോടുകൂടി നിർമ്മിക്കുക.

25. എല്ലാ പട്ടികജാതി കോളനികളും അടിയന്തിരമായി വൈദ്യുതീകരിക്കുക.

26. ഓടൽ കോളനിയിൽ അനുവദിച്ച ട്രാൻസ്ഫാർമർ ഉടൻ സ്ഥാപിക്കുക.

27. പട്ടികജാതി പട്ടികവർഗ്ഗക്കാർക്കായി പബ്ലിക് പരീക്ഷകൾക്ക് തയ്യാറാകുന്നതിനു വേണ്ടി ഒരു പരിശീലനകേന്ദ്രം ആരംഭിക്കുക.

28. പട്ടികജാതി പട്ടികവർഗ്ഗത്തിൽപെട്ട വിദ്യാർത്ഥികൾക്കായി ഒരു ITC ആരംഭിക്കുക.

29. പരുത്തിപ്പാറ-മഞ്ഞണാത്തിക്കാല ഓടൽ ഹരിജൻ കോളനിറോഡ് ഓടകെട്ടി അടിയന്തിരമായി ടാർചെയ്യുക.

30. പരുത്തിപ്പാറ മഞ്ഞണാത്തിക്കാല ഓടൽ ഹരിജൻ റോഡിൽ ചാനലിനു കുറുകെയായി ഗതാഗതത്തിനുയോഗ്യമായി പാലം നിർമ്മിക്കുക.

31. ചെമ്പനാവിളകോളനിയിൽ ചാനലിനും കുറുകെ ഒരു പാലം നിർമ്മിക്കുക.

വ്യവസായം

1. വ്യവസായ സ്ഥാപനങ്ങൾ

വൻകിട വ്യവസായ സ്ഥാപനങ്ങൾ ഈ പഞ്ചായത്തിലില്ല. നെയ്ത്ത്, മരപ്പണി, മത്സ്യവ്യവസായം, കൊപ്രാവ്യവസായം, എണ്ണ ആട്ടൽ തുടങ്ങിയ ചെറുകിട സ്വകാര്യ കുടിൽ വ്യവസായങ്ങളായി അങ്ങിങ്ങ് ഉണ്ട്.

2. ഏതൊക്കെ ഇനങ്ങളിലുള്ള വ്യവസായങ്ങൾ

മേൽപ്പറഞ്ഞ നെയ്ത്ത്, മരപ്പണി, മത്സ്യവ്യവസായം തുടങ്ങിയ ചെറുകിട വ്യവസായങ്ങൾ ഒരു തൊഴിൽ എന്ന നിലയിൽ ചില സ്വകാര്യവ്യക്തികൾ സ്വയം ചെയ്യുകയും കൂലികൊടുത്ത് ചെയ്യിക്കുകയും ചെയ്യുന്നു.

3. പരമ്പരാഗത വ്യവസായങ്ങൾ

പരമ്പരാഗത വ്യവസായങ്ങളായ നൂൽനൂൽപ്പ്, കൈത്തറി നെയ്ത്ത്, ചകിരി - കയർപിരി, മത്സ്യവ്യവസായം, കരകൗശല വസ്തുക്കളുടെ നിർമ്മാണം തുടങ്ങിയവയിൽ ഇവിടെ ഇപ്പോൾ അപൂർവ്വമായിക്കാണുന്നത് കൈത്തറി നെയ്ത്ത് മരപ്പണിയും മാത്രമാണ്. പരമ്പരാഗത തൊഴിൽ എന്ന നിലയിലാണ് മത്സ്യബന്ധനം നടക്കുന്നത്. കൂടാതെ കൊപ്രയും എണ്ണ ആട്ടിയെടുക്കലും നടക്കുന്നുണ്ട്.

4. വൻ [illegible] വ്യവസായ യൂണിറ്റുകൾ

[illegible]തോ വ്യവസായ യൂണിറ്റായി പുതിയതുറ ഒരു റെഡിമെയിഡ് ഗാർമെൻസ് ഉണ്ട്. മൂന്ന് ക്ഷീര വ്യവസായ യൂണിറ്റുകളും ഉണ്ട്. പക്ഷെ അവയെല്ലാം കാര്യക്ഷമമായി പ്രവർത്തിപ്പിക്കാനുള്ള സംവിധാനം ഉണ്ടാകണം.

5. പുതിയ വ്യവസായത്തിന് സാദ്ധ്യതയുണ്ടോ

പുതിയ ചെറുകിട വ്യവസായങ്ങളായി തീപ്പെട്ടി നിർമ്മാണം, മെഴുക് തിരി നിർമ്മാണം, സോപ്പ് നിർമ്മാണം, സ്ക്വാഷ് നിർമ്മാണം തുടങ്ങിയ ഖാദി ഗ്രാമ വ്യവസായ ആഫീസ്കളുമായി ബന്ധപ്പെട്ട് നടത്താൻ കഴിയുന്നതാണ്. കൂടാതെ കരകൗശല വസ്തുക്കൾ നിർമ്മിക്കാനുള്ള യൂണിറ്റുകൾ ഉണ്ടാക്കാനുള്ള സാദ്ധ്യതകളുണ്ട്.

വ്യവസായങ്ങളെക്കുറിച്ച് ചിന്തിക്കുമ്പോൾ അസംസ്കൃത സാധനങ്ങളുടെ ലഭ്യത, മുടക്കുമുതൽ സാങ്കേതിക ജ്ഞാനമുള്ള തൊഴിലാളികളുടെയും അതില്ലാത്ത തൊഴിലാളികളുടെയും ലഭ്യത, വിപണന സൗകര്യങ്ങൾ മുതലായവ കൂടി ചിന്തിക്കേണ്ടിയിരിക്കുന്നു.

അസംസ്കൃത സാധനങ്ങൾ ഏജൻസികൾ മുഖേനയും അല്ലാതെയും തന്നെ ശേഖരിക്കാൻ കഴിയും.

മുടക്കുമുതൽ സഹകരണ സംഘങ്ങൾ രൂപീകരിച്ച് ശേഖരിക്കാൻ ശ്രമിക്കണം.

ലോണായും, ഗ്രാന്റായും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളും, സർക്കാരും നൽകണം.

നാട്ടിലെ അഭ്യസ്തവിദ്യരായ യുവതിയുവാക്കളെ തെരഞ്ഞെടുത്ത് സർക്കാർ ചിലവിലോ ഫീസ് ഈർപ്പെടുത്തിയോ സാങ്കേതിക പരിജ്ഞാനം നൽകണം. സാങ്കേതിക പരിശീലനമില്ലാത്ത തൊഴിലാളികളെയും മറ്റ് കായികാദ്ധ്വാനങ്ങൾക്കായി നിയമിക്കാൻ കഴിയും.

വിപണനത്തിന് ഈ ദൃശ്യവസ്തുക്കളുടെ നിർമ്മിതാക്കളുമായി ഒരു ഐക്യശൃംഖല രൂപപ്പെടുത്തിയാൽ എളുപ്പമായിരിക്കും. വിപണന സൗകര്യങ്ങൾ വിപുലപ്പെടുത്തുന്നതിന് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെയും, സർക്കാരിന്റെയും സഹായവും തേടേണ്ടിവരും.

കൂടുതൽ മെച്ചപ്പെട്ട വ്യവസായങ്ങളായി

നമ്മുടെ നാട്ടിൽ കൂടുതലായി കിട്ടുന്ന മത്സ്യസമ്പത്ത് ഉപയോഗിച്ചുള്ള മത്സ്യസംസ്കരണവും, കയറ്റുമതിയും ആരംഭിക്കാവുന്നതാണ്. അന്യരാജ്യങ്ങളിൽ പോയി കുറഞ്ഞകൂലിക്ക് ഈ പണികൾ ചെയ്യുന്ന ധാരാളം യുവതീയുവാക്കന്മാർ നമ്മുടെ നാട്ടിലുണ്ട്. മത്സ്യബന്ധനോപകരണങ്ങളായ ബോട്ട് നിർമ്മാണം, അച്ചാർ നിർമ്മാണം, ഉണക്കമീൻ പാക്കറ്റ് നിർമ്മാണം, വല നിർമ്മാണം, തുടങ്ങിയവ ഇവിടെ തുടങ്ങാൻ കഴിയുന്ന വ്യവസായങ്ങളാണ്.

തെങ്ങ് നമ്മുടെ നാട്ടിലെ ഒരു പ്രധാന കൃഷിയാണല്ലോ നാളികേരത്തിൽ നിന്ന് എണ്ണയും എണ്ണ ഉപയോഗിച്ചുള്ള വ്യാവസായങ്ങളും നടത്താൻ കഴിയും.

കൂടാതെ കാലിത്തീറ്റ, കോഴിത്തീറ്റ വ്യവസായവും ആരംഭിക്കാൻ കഴിയും. അൻപത് സെന്റ് ഭൂമിയിൽ കൂടുതൽ ഉള്ളവർക്ക് മൾബറികൃഷിക്കും പട്ട് നൂൽപ്പുഴുവളർത്തലും കുടുംബത്തിന്റെ അനുബന്ധവരുമാനമായി ചെയ്യാൻ കഴിയും ഇതിലേക്ക് സെറികൾച്ചർ ഫെഡറേഷൻ (Seri-fed) വളരെയേറെ സഹായങ്ങൾ ചെയ്യുന്നുണ്ട്. ആയത് ഈ ഗ്രാമ പഞ്ചായത്തിലും യൂണിറ്റുകൾ സ്ഥാപിക്കേണ്ടതാണ്.

6. കൂലിനിരക്ക്

വൻകിട വ്യവസായങ്ങൾ ഇവിടെ ഇല്ലാത്തതുകൊണ്ട് വ്യവസായതൊഴിലാളികളുടെ കൂലിനിരക്ക് ഇവിടെ നിശ്ചയിച്ചിട്ടില്ല. കയറ്റിറക്ക് രംഗത്തും, മത്സ്യബന്ധനരംഗത്തും കാർഷികമേഖലയിലുമായിട്ടാണ് ഇവിടത്തെ ആളുകൾ തൊഴിൽ ചെയ്യുന്നത്. കാർഷികരംഗത്ത് ദിവസകൂലി അടിസ്ഥാനത്തിലാണ് ജോലി. വർഷത്തിൽ വല്ലപ്പോഴും മാത്രം പണികിട്ടുന്ന കർഷകത്തൊഴിലാളികൾക്ക് സാമാന്യം ഭേദപ്പെട്ട കൂലി–അതായത് പ്രതിദിനം നൂറുരൂപയ്ക്ക് മുകളിൽ കൂലി ഉണ്ട്. സ്ത്രീകൾക്ക് പ്രത്യേക കൂലിനിരക്ക് നിശ്ചയിച്ചിട്ടില്ലാത്തതിനാൽ നിരക്ക് നിശ്ചയിക്കേണ്ടതാണ്.

7. മലിനീകരണം ഉള്ള വ്യവസായ സ്ഥാപനങ്ങൾ

മലിനീകരണം ഉണ്ടാകാൻ സാദ്ധ്യതയുള്ളത് മേൽപ്പറഞ്ഞവയിൽ മത്സ്യസംസ്കരണം മാത്രമാണ്. മലിനീകരണം ഉണ്ടാകാതിരിക്കാനുള്ള മുൻകരുതലുകൾ സ്വീകരിക്കാൻ കഴിയുന്ന ഒരു വ്യവസായമാണിത്. മറ്റുള്ളവയിൽ മലിനീകരണത്തിന്റെ പ്രശ്നം ഉദിക്കുന്നില്ല.

8. വിപണ പ്രശ്നങ്ങൾ

വിപണനം നടത്തുന്നതിനാവശ്യമായ ഏജൻസികളെ കണ്ടിപിടിക്കണം. ഒരേസ്വഭാവമുള്ള ഉല്പന്നങ്ങൾ നിർമ്മിക്കുന്ന മറ്റു വ്യവസായ സ്ഥാപനങ്ങളുമായി യോജിച്ചും കൂട്ടായ ഒരു ശ്രമം ഉണ്ടായാൽ വിപണനരംഗത്ത് അതു കൂടുതൽ സഹായമായിരിക്കും. ഇതിനാവശ്യമായ സങ്കേതിക സൗകര്യങ്ങൾ തദ്ദേശസ്വയം ഭരണസ്ഥാപനങ്ങളും സർക്കാരും നൽകണം. വിപണനരംഗത്തുണ്ടാകുന്ന മത്സരങ്ങളും ഇടംകോലികളും ഒഴിവാക്കി കൂട്ടായ ഒരു സംരംഭമായി ഇതിനെ കാണണം.

9. വൈദ്യുതിപ്രശ്നങ്ങൾ

വ്യവസായങ്ങൾ വൈദ്യുതി ഒരത്യാവശ്യഘടകമാണല്ലോ. വൈദ്യുതി തടസ്സം കൂടാതെ ലഭ്യമാക്കുന്നതിനു കുറഞ്ഞ ചെലവിൽ വൈദ്യുതി കിട്ടുന്നതിന് സർക്കാർ ഭാഗത്തു നിന്നും നടപടികളുണ്ടാകണം.

10. മറ്റ് പൊതുവായ പ്രശ്നങ്ങൾ

തൊഴിലില്ലായ്മയും, ദാരിദ്ര്യവും മൂലം നമ്മുടെ നാട്ടിലെ യുവതീയുവാക്കന്മാരും മറ്റുള്ളവരും അന്യരാജ്യങ്ങളിൽപോയി കുറഞ്ഞകൂലി സ്വീകരിച്ച് കഷ്ടപ്പെടുന്നു. എന്നിട്ടും അവർക്ക ദാരിദ്ര്യവും, കഷ്ടപ്പാടും മാത്രമാണ് ബാക്കി. നമ്മുടെ നാട്ടിൽ തന്നെ പുതിയവ്യവസായങ്ങൾ ഉണ്ടാക്കി പുതിയ തൊഴിലവസരങ്ങൾ സൃഷ്ടിച്ചാൽ അവർക്ക് ഇവിടെത്തന്നെ

തൊഴിൽ ചെയ്ത് മാനമായി നല്ലരീതിയിൽ ജീവിക്കാൻ കഴിയും മാത്രമല്ല നാട്ടിലെ അഭ്യസ്ഥവിദ്യരും അല്ലാത്തവരുമായി തൊഴിലി ല്ലാതെ അലയുന്നവർക്കും തൊഴിൽ കൊടുക്കാൻ കഴിയും.

കൂടാതെ കാർഷികമേഖലയുമായി ബന്ധപ്പെട്ട് വ്യവസായ ആവശ്യത്തിന് ഉപയോ ഗിക്കാവുന്ന ഏത് തരം കൃഷിവിളവുകൾ നമ്മുടെ മണ്ണിന് പറ്റിയത് എന്ന് കണ്ടുപിടിച്ച് അവ കൃഷി ചെയ്യാനാവശ്യമായ പ്രോത്സാഹനം നൽകി കൃഷി ചെയ്യിച്ചാൽ അത് കാർഷികമേ ഖലയും, വ്യവസായ മേഖലയ്ക്കും കൂടുതൽ ഗുണകരമായിരിക്കും.

ചില നിർദ്ദേശങ്ങൾ (അടിയന്തിരമായി പരിഗണിക്കാൻ കഴിയുന്നവ)

സ്വയം തൊഴിൽ കണ്ടെത്തുന്നതിനായി വിവിധ ഇനത്തിലുള്ള ചെറുകിട കുടിൽ വ്യവസായങ്ങൾ സ്ഥാപിക്കുക. മത്സ്യഫെഡ് സ്റ്റാളുകൾ, മിൽമാ ബൂത്തുകൾ തുടങ്ങിയ അനുവദിച്ച് സ്വയം തൊഴിൽ സംരഭങ്ങൾ മെച്ചപ്പെടുത്തുക.

അഭ്യസ്ഥവിദ്യർക്ക് വ്യവസായങ്ങൾ തുടങ്ങാൻ വായ്പകൾ ലഭ്യമാക്കുക.

കട്ടമരം രൂപപ്പെടുത്തൽ പ്ലൈവുഡ് കൊണ്ടുള്ള വള്ളം ബോട്ട് നിർമ്മാണം, നെറ്റ് മേക്കിംഗ്, അച്ചാറുകൾ നിർമ്മാണം, മത്സ്യസം സ്കരണം, സോപ്പ് നിർമ്മാണം, മെഴുകുതിരി നിർമ്മാണം, നെയ്ത്ത് പനയോല ഉൽപന്നങ്ങൾ ഉപയോഗിച്ചുള്ള വ്യവസായങ്ങൾ നാളികേരള ല്പന്നങ്ങളിൽ നിന്നും കേരവൃക്ഷങ്ങളിൽ നിന്നും ലഭിക്കുന്ന വിഭവങ്ങളുപയോഗിച്ചുള്ള വ്യവസായങ്ങൾ ആരംഭിക്കേണ്ടതാണ്. അത്തര ത്തിൽ ഏറെ തൊഴിൽ സാദ്ധ്യതകൾ ഉണ്ടാക്കാൻ കഴിയുന്നതാണ്. വനിതകൾക്കായി ഒരു തയ്യൽ പരിശീലന കേന്ദ്രം. ഖാദിബോർഡിന്റെ ധനസഹായത്തോടുകൂടി സ്ഥാപിക്കണം. പാമ്പുകാലയിൽ നടത്തിവന്നി രുന്ന വ്യവസായ യൂണിറ്റ് ഏറെക്കാലമായി പ്രവർത്തനരഹിതമായികിടക്കുകയാണ്. അടിയ ന്തിരമായി പ്രവർത്തനോന്മുഖമാക്കി തൊഴിൽ സാദ്ധ്യതകൾ വർദ്ധിപ്പിക്കേണ്ടതാണ്.

പഞ്ചായത്തു കേന്ദ്രമാക്കി മത്സ്യ സംസ്കരണശാല തുടങ്ങണം

തെങ്ങ് കൃഷി മുഖ്യകൃഷിയായി സ്വീകരി ച്ചിട്ടുള്ള ഈ പഞ്ചായത്തിൽ ഒരു പച്ചതെങ്ങ് മത്സ്യസംസ്കരണത്തിനായി വ്യവസായശാല തുടങ്ങണം.

മത്സ്യസംസ്കരണത്തിനായി കോൾഡ് സ്റ്റോറേജുകൾ ആരംഭിക്കുക.

പഞ്ചായത്തിൽ ഒരു Ice Plant മൂന്ന് സ്ഥാപിക്കുക.

കരുംകുളം ഗ്രാമപഞ്ചായത്ത് ഇന്ത്യയിലെ ഏറ്റവും ജനസാന്ദ്രതകൂടിയതും വിസ്തൃതിയിൽ ഒരു ചെറിയ പഞ്ചായത്തുമാണ്. മുഖ്യതൊഴിൽ മത്സ്യബന്ധനവും, അനുബന്ധ തൊഴിലുകളുമാണ്. ഈ പഞ്ചായത്തിന്റെ ഏകദേശം 300 ഏക്കർ തീരപ്രദേശവും 70% ത്തോളം ആളുകൾ മത്സ്യബന്ധനത്തിൽ ഏർപ്പെട്ടിരിക്കുന്നവരുമാണ്. കേരളത്തിൽ മറ്റ് പഞ്ചായത്തുകളെ അപേക്ഷിച്ച് ഏറ്റവും കൂടുതൽ മത്സ്യത്തൊഴിലാളികളുള്ളതും ഈ പഞ്ചായത്തിലാണ്. മത്സ്യത്തൊഴിലാളികളിൽ ഭൂരിഭാഗവും ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ളവരാണ്. ഇവരുടെ ജീവിതനിലവാരം വളരെ ക്ലേശകരമാണ്. ഈ മത്സ്യത്തൊഴിലാളികളിൽ ഭൂരിഭാഗവും തൊഴിൽ ഉപകരണങ്ങൾ സ്വന്തമായി ഇല്ലാത്തവരും ഈ ദർലഭ്യം പലപ്പോഴും മൽസ്യത്തൊഴിലാളികളെ പട്ടിണിയുടെ വക്കിലെത്തിക്കുന്നു. ഇവരുടെ അഭിവൃദ്ധിക്കായി ജനകീയാസൂത്രണ പ്രക്രിയയിലൂടെ മൽസ്യബന്ധന ഉപകരണങ്ങൾ ലഭ്യമാക്കുവാനും, അതോടൊപ്പം ഭൗതികസൗകര്യങ്ങളായ പാർപ്പിടം, കക്കൂസ് മുതലായവ ഇല്ലാത്ത എല്ലാ മൽസ്യത്തൊഴിലാളികൾക്കും പാർപ്പിടം, കക്കൂസ് എന്നിവ വച്ചു കൊടുക്കുകയും ഭൂമി ഇല്ലാത്ത തൊഴിലാളികൾക്ക് ഭൂമി വാങ്ങി പാർപ്പിടം വച്ചുകൊടുക്കുകയും, ഭൂമി ഉള്ള ആളുകൾക്ക് വർഷങ്ങളായിട്ടും പട്ടയം കൊടുക്കുവാൻ നടപടി സ്വീകരിക്കാത്ത സാഹചര്യത്തിൽ പട്ടയം കൊടുക്കുവാനുള്ള സത്വര നടപടി സ്വീകരിക്കുകയും പെൻഷൻ അർഹതയുള്ള എല്ലാ മത്സ്യത്തൊഴിലാളികൾക്കും സ്ത്രീ-പുരുഷ ഭേദമെന്യേ പെൻഷൻ അനുവദിക്കുകയും പരഞ്ഞമാസഗഡു വർദ്ധിപ്പിക്കുകയും, വിദേശ ട്രോളറുകൾക്ക് നൽകിയ ലൈസൻസ് റദ്ദു ചെയ്യുകയും പഞ്ചായത്ത് തലത്തിൽ ലാന്റിംഗ് സെന്ററുകൾ സ്ഥാപിക്കുകയും ദൂരസ്ഥലങ്ങളിൽ മത്സ്യക്കച്ചവടത്തിനായി പോകുന്ന സ്ത്രീകൾക്കായി മൽസ്യം കൊണ്ടുപോകുന്നതിനുള്ള വാഹനങ്ങൾ അനുവദിക്കുകയും അവരുടെ ഉന്നമനത്തിനായി മൽസ്യസംസ്കരണ യൂണിറ്റ് സ്ഥാപിക്കുകയും, തൊഴിലില്ലായ്മ പരിഹരിക്കുന്നതിനായി മൽസ്യസ്റ്റാളുകളും, കുടിൽ വ്യവസായങ്ങളും മൽസ്യം കേടുകൂടാതെ സൂക്ഷിക്കുവാൻ വേണ്ടുന്ന ഗോൾഡ് സ്റ്റോറേജുകൾ പഞ്ചായത്ത് തലത്തിൽ നിർമ്മിക്കുകയും, അപകടത്തിൽപ്പെടുന്ന മൽസ്യത്തൊഴിലാളികളെ രക്ഷിക്കുന്നതിന് സ്പീഡ്ബോട്ട് സംവിധാനം, ദിക്കുകൾ മനസ്സിലാക്കുന്നതിനുവേണ്ടി വടക്കുനോക്കി യന്ത്രം, മൽസ്യത്തൊഴിലാളികളുടെ കുട്ടികളുടെ വിദ്യാഭ്യാസം ഉയർത്തുന്നതിന് വേണ്ടി ഫിഷറീസ് ടെക്നിക്കൽ ഹൈസ്കൂൾ മറ്റ് അത്യാവശ്യമായ അടിസ്ഥാന സൗകര്യങ്ങൾ എന്നിവ മൽസ്യമേഖലയെ പുരോഗതിയിലേക്കു നയിക്കുവാൻ സഹായകമാകുമെന്ന് പ്രതീക്ഷിക്കുന്നു.

പഴമക്കാരായ മത്സ്യത്തൊഴിലാളികെ സംബന്ധിച്ച്

മുൻകാല മത്സ്യബന്ധനം പ്രകൃതിദത്തമായിരുന്നു. നൂതനമാർഗ്ഗങ്ങൾ വരുന്നതിന് മുൻപ് കട്ടമരത്തിലും വള്ളങ്ങളിലും പോയി മത്സ്യബന്ധനം നടത്തിയിരുന്ന മൽസ്യത്തൊഴിലാളികൾക്ക് അപകടങ്ങൾ നന്നേ കുറവായിരുന്നു. ദിശകൾ മനസ്സിലാക്കുവാൻവേണ്ടി അവർ

രാത്രികാലങ്ങളിൽ നക്ഷത്രങ്ങളെയും, പകൽ സമയങ്ങളിൽ സൂര്യനെയും ആശ്രയിച്ചിരുന്നു. കെട്ടുവള്ളങ്ങളിൽ പോയി ഉൾക്കടലിൽ മൽസ്യബന്ധനം നടത്തിയിരുന്ന തൊഴിലാളികൾ 3-ാം ദിവസമാണ് കരക്ക് എത്തുന്നതെങ്കിലും വലിയ അപകടങ്ങളൊന്നും സംഭവിക്കുമായിരുന്നില്ല. എന്നാൽ ന്യൂതനമാർഗ്ഗങ്ങൾ മത്സ്യത്തൊഴിലാളികളെ തേടി എത്തിയപ്പോൾ അപകടങ്ങൾ വർദ്ധിക്കുന്നതായി മനസ്സിലാക്കാം. പുതിയ തലമുറയിലെ മൽസ്യത്തൊഴിലാളികൾ പഴയരീതികൾ പിൻതുടരാത്തത് ഒരു കാരണമായി കാണാം. വടക്കുനോക്കിയന്ത്രങ്ങൾ ഉപയോഗിക്കേണ്ടതും അത്യന്താപേക്ഷിതമാണ്. അപകട സൂചനകൾ കിട്ടിയാലും ഒഴിഞ്ഞു മാറാത്തതാണ് മറ്റൊരു പ്രധാനകാരണം. യന്ത്രവൽകൃത മത്സ്യബന്ധനം നടത്തുമ്പോൾ സുരക്ഷിതത്വ മാർഗ്ഗങ്ങളെക്കുറിച്ച് മുൻകൂട്ടി ചിന്തിക്കാത്തതും ഇതിന് ഉദാഹരണമാണ്.

മത്സ്യബന്ധന രംഗത്തെ പ്രശ്നങ്ങളും പരിഹാരമാർഗ്ഗങ്ങളും.

1. മത്സ്യത്തൊഴിലാളി മത്സ്യബന്ധനത്തിലേർപ്പെട്ടിരിക്കെ അപകടം സംഭവിച്ചാൽ ജീവൻ രക്ഷിക്കുന്നതിനുവേണ്ടി തെരച്ചിൽ നടത്തുവാൻ കരുംകുളം പഞ്ചായത്തിൽ ഒരു സ്പീഡ് ബോട്ട് അനുവദിക്കണം.

2. വാർഡുതലത്തിൽ ഔട്ട്ബോഡ് എഞ്ചിനുകൾ റിപ്പയർ ചെയ്യുന്നതിലേക്കായി ഔട്ട്ബോഡ് എഞ്ചിൻ റിപ്പയർ വർക്സ് ഷോപ്പുകൾ സ്ഥാപിക്കണം.

3. സാമ്പത്തികമായി വളരെയേറെ പിന്നോക്കം നിൽക്കുന്ന മത്സ്യത്തൊഴിലാളികുടുംബങ്ങൾക്ക് ഇന്നത്തെ ന്യൂതനമാർഗ്ഗങ്ങളായ ഔട്ട് ബോഡ് എഞ്ചിൻ, വല, വള്ളം, മറ്റ് ഉപയോഗ സാധനങ്ങൾ എന്നിവ സബ്സിഡിയോടുകൂടി ലോണായി അനുവദിച്ചുകൊടുക്കണം.

4. പഞ്ചായത്ത് തലത്തിൽ മൽസ്യബന്ധന ഉപകരണങ്ങൾ ലഭ്യമാക്കുന്നതിന് ആവശ്യമായ വ്യാസാസ്റ്റോർ, അനുവദിക്കണം.

5. കരുംകുളം ഗ്രാമപഞ്ചായത്തിൽ പ്രധാന മത്സ്യമേഖലകളായ പുതിയതുറ, പുല്ലുവിള, കരുംകുളം പ്രദേശങ്ങളിൽ ഓരോ ഐസ്പ്ലാന്റ് സ്ഥാപിച്ച് ഇന്ന് അനുഭവപ്പെടുന്ന ഐസിന്റെ ദർലഭ്യം പരിഹരിക്കണം.

6. മത്സ്യത്തൊഴിലാളികൾ മൽസ്യബന്ധനത്തിൽ ഏർപ്പെട്ടിരിക്കയോ, അല്ലാതെയോ മരണം സംഭവിച്ചാൽ അവരുടെ ആശ്രിതർക്ക് നൽകുന്ന ധനസഹായം ഒരു ലക്ഷം രൂപയായി ഉയർത്തുകയും കാലതാമസം ഒഴിവാക്കി പഞ്ചായത്ത് വഴി നൽകുകയും ചെയ്യണം.

7. മൽസ്യത്തൊഴിലാളികളുടെ മക്കൾക്ക് വിദ്യാഭ്യാസ ആവശ്യത്തിനായി കൊടുത്തുകൊണ്ടിരിക്കുന്ന ലംസംഗ്രാന്റ് അപര്യാപ്തമായതിനാൽ ഇരിട്ടി ആക്കണം.

8. പുതുതായി ഔട്ട്ബോഡ് എഞ്ചിൻ എടുക്കുന്ന മൽസ്യത്തൊഴിലാളികൾക്ക് നൽകുന്ന മണ്ണെണ്ണ പെർമിറ്റിന്റെ ഇന്ന് അനുഭവപ്പെടുന്ന കാലതാമസം ഒഴിവാക്കുവാൻ എഞ്ചിൻ എടുക്കുന്ന എല്ലാ മത്സ്യത്തൊഴിലാളികൾക്കും കൃത്യസമയത്ത് മണ്ണെണ്ണ പെർമിറ്റ് കിട്ടുന്നതിലേക്കായി പെർമിറ്റ് കൊടുക്കുന്ന ചുമതല പഞ്ചായത്തിനെ ഏൽപിക്കണം.

9. മൽസ്യക്കച്ചവടത്തിൽ ഏർപ്പെട്ടിരിക്കുന്ന സ്ത്രീത്തൊഴിലാളികൾക്ക് സംബ്സിഡിയോടുകൂടി ലോൺ അനുവദിച്ച് കൊടുത്ത് അവരെ ഉന്നതിയിലേക്കെത്തിക്കണം.

10. മൽസ്യക്കച്ചവടം നടത്തുന്ന സ്ത്രീ-തൊഴിലാളികളുടെ മൽസ്യം കൊണ്ടുപോകുന്നതിന് തീരദേശഡിപ്പോകളായ വിഴിഞ്ഞം, പുവ്വാർ ഡിപ്പോകൾ സർവ്വീസ് നടത്തുന്ന തീരദേശ കെ.എസ്.ആർ.ടി.സി. ബസ്സുകളിൽ മൽസ്യം കൊണ്ടുപോകുന്നതിനായി ഇന്നുള്ള കെ.എസ്.ആർ.ടി.സി. നിയമം

ഭേദഗതിവരുത്തണം.

11. വർഷകാലങ്ങളിൽ അഞ്ചുതെങ്ങു മുതൽ കൂളച്ചൽ വരെയുള്ള മൽസ്യത്തൊഴിലാ കൾ മൽസ്യബന്ധനം നടത്തിവരുന്നത് വിഴിഞ്ഞം ഹാർബറിനെ ആശ്രയിച്ചാണ്. എന്നാൽ വിഴിഞ്ഞം ഹാർബർ ഒരു കൊമേഴ്സ്യൽ ഹാർബറായി മാറുന്ന സാഹച രൃത്തിൽ മൽസ്യബന്ധനത്തൊഴിലാളികളുടെ ജീവിത മാർഗ്ഗം വർഷകാലമാസങ്ങളിൽ നഷ്ടപ്പെടുവാൻ സാദ്ധ്യത ഉള്ളതിനാൽ പുനര ധിവസിപ്പിക്കുന്നതിനുവേണ്ടി കോട്ടുകാൽ പഞ്ചായത്തിലെ അടുമലത്തുറ ചൊവ്വരക്കോടി ഒരു ഫിഷിംഗ് ഹാർബറാക്കണം.

12. മത്സ്യത്തൊഴിലാളി പെൻഷൻതുക പ്രതിമാസം 500 രൂപയായി വർദ്ധിപ്പിക്കുകയും ഇപ്പോഴുണ്ടായിക്കൊണ്ടിരിക്കുന്ന കാലതാമസം ഒഴിവാക്കി വിതരണം ചെയ്യണം.

13. മൽസ്യത്തൊഴിലാളി സ്ത്രീകളുടെ ഉന്നതിക്കായി പഞ്ചായത്തിൽ ഒരു വലനിർമ്മാണ സ്ഥാപനം തുടങ്ങണം.

14. ഈ പ്രദേശങ്ങളിലെ സ്ത്രീ-മൽസ്യത്തൊഴിലാളികൾ തൊഴിലിനായി അന്യസംസ്ഥാനങ്ങളിലെ മൽസ്യസംസ്ക്കരണ യൂണിറ്റുകളിൽ പോയി ജോലി ചെയ്തുവരുന്നു. അതിനാൽ ഈ പ്രവണത അവസാനിപ്പിക്കു ന്നതിലേയ്ക്കായി കരുംകുളം പഞ്ചായത്തിൽ ഒരു മൽസ്യസംസ്ക്കരണ യൂണിറ്റ് സ്ഥാപിക്കണം.

15. മത്സ്യബന്ധനമേഖലയിൽ മുൻതൂക്കം ഉള്ള ഈ പഞ്ചായത്തിൽ ലാന്റിംഗ് സെന്ററുകൾ ഇല്ലാത്തതിനാൽ പുതിയതുറ, പുല്ലുവിള, കുരുംകുളം, കൊച്ചുതുറ, പള്ളം എന്നീ പ്രദേശങ്ങളിൽ ഫിഷ്ലാന്റിംഗ് സെന്റർ സ്ഥാപിക്കണം.

16. മൽസ്യസമ്പത്ത് ഗണ്യമായി ഈ പ്രദേശങ്ങളിൽ വർദ്ധിക്കാൻ വേണ്ട നിലയിൽ ഈ പഞ്ചായത്തിലെ തീരത്തുനിന്ന് 5km ഉള്ളിൽ കൃത്രിമ പാർ നിർമ്മിക്കണം.

17. കരുംകുളം പഞ്ചായത്തിൽ സീസൺ അവസരങ്ങളിൽ അധികമായി വരുന്ന മൽസ്യങ്ങൾ കേടുകൂടാതെ സൂക്ഷിക്കുന്നതിലേ ക്കായി ഒരു കോൾഡ് സ്റ്റോറേജ് സ്ഥാപിക്കണം.

18. മൽസ്യക്കച്ചവടം നടത്തുന്നവർക്ക് വേണ്ടുന്ന ധനസഹായം നൽകണം.

19. സ്വന്തമായി ഭൂമി ഉള്ള മൽസ്യത്തൊ ഴിലാളികൾക്കും ഭൂമി ഇല്ലാത്ത മൽസ്യത്തൊഴി ലാളികൾക്കും ഫിഷർമെൻ സെറ്റിൽമെന്റ് കോളനികൾ നിർമ്മിച്ച് പുനരധിവസിപ്പിക്കണം.

20. മൽസ്യത്തൊഴിലാളി മേഖലകളിൽ അഴുക്കുചാലുകൾ നിർമ്മാജ്ജനം ചെയ്യുന്നതി നുവേണ്ടി ഓടകൾ നിർമ്മിച്ച് സ്ലാബ് ഇട്ട് മൂടി വൃത്തിഹീനമായി കിടക്കുന്ന പ്രദേശങ്ങളെ സംരക്ഷിക്കണം.

21. മൽസ്യത്തൊഴിലാളികൾ 70 ശതമാ നമുള്ള ഈ പഞ്ചായത്തിൽ മൽസ്യത്തൊഴിലാ ളികളുടെ പെൺമക്കൾക്ക് തൊഴിൽ സാദ്ധ്യതകൾക്ക് അനുസൃതമായ ഒരു ടീച്ചേഴ്സ് ട്രെയിനിംഗ് സെന്റർ ഈ പഞ്ചായത്തിൽ സ്ഥാപിക്കണം.

22. എസ്.എസ്.എൽ.സി. വരെ വിദ്യാഭ്യാസം നേടിയിട്ടുള്ള മൽസ്യത്തൊഴിലാളി വിഭാഗത്തിലെ ചെറുപ്പക്കാർക്ക് തൊഴിൽ സാദ്ധ്യത ഉറപ്പുവരുത്തുന്നതിനായി ഈ പഞ്ചായത്തിൽ ഒരു ITI സ്ഥാപിക്കണം.

23. മൽസ്യത്തൊഴിലാളി മേഖലയിൽ പുല്ലുവിള കേന്ദ്രമായി പ്രവർത്തിക്കുന്ന പുല്ലുവിള P.H.C. കിടക്ക സൗകര്യങ്ങളോടുകൂ ടിയ ഒരു കമ്മ്യൂണിറ്റി ഹെൽത്ത് സെന്ററായി ഉയർത്തണം.

24. വർഷകാലങ്ങളിലും അല്ലാത്ത സമയങ്ങളിലും മൽസ്യബന്ധനത്തിൽ ഏർപ്പെടുന്ന മൽസ്യത്തൊഴിലാളികൾക്കുണ്ടാ കുന്ന ക്ഷതങ്ങൾ ചികിത്സിച്ചു ഭേദപ്പെടുത്തുന്ന തിനായി ഈ മൽസ്യത്തൊഴിലാളി ഗ്രാമത്തിൽ

അടിയന്തിരമായി കിടക്കകളോടുകൂടിയ ഒരു ആയുർവേദ ആശുപത്രി അനുവദിക്കണം.

25. മൽസ്യത്തൊഴിലാളികളുടെ ജീവിത നിലവാരം മെച്ചപ്പെടുത്തുന്നതിനായി സേവിംഗ്സ് സ്കീം നടപ്പാക്കുവാൻ മൽസ്യഫെടിന്റെ ഒരു ധനകാര്യസ്ഥാപനം സ്ഥാപിക്കണം.

26. മൺസൂൺ കാലഘട്ടങ്ങളിൽ മൽസ്യസമ്പത്ത് പ്രധാനമായും കുറയുവാനുള്ള കാരണം വിദേശട്രോളറുകളുടെ കടന്നുകയറ്റം കാരണമാണ്. ആയതിനാൽ നമ്മുടെ മൽസ്യസമ്പത്ത് നഷ്ടപ്പെടാതിരിക്കാൻ വേണ്ടിയും നമ്മുടെ വിദേശനാണ്യം ഗണ്യമായി ഉറപ്പുവരുത്തുന്നതിലേക്കുമായി വിദേശട്രോളറുകൾക്ക് കൊടുത്ത ലൈസൻസുകൾ കൃാൻസൽ ചെയ്യണം.

27. മൽസ്യബന്ധനസമയത്ത് കട്ടമരം തട്ടിയും വള്ളംതട്ടിയും മൽസ്യത്തൊഴിലാളികൾക്ക് ഉണ്ടാകുന്ന കേടുപാടുകൾ അടിയന്തിരമായി ചികിത്സിച്ച് സുഖപ്പെടുന്നതിലേക്കായി ഒരു മർമ്മാശുപത്രി അനുവദിക്കണം.

28. മൽസ്യത്തൊഴിലാളികളുടെ തൊഴിലില്ലായ്മ പരിഹരിക്കുന്നതിനുവേണ്ടി മൽസ്യസ്റ്റാളുകളും കുടിൽ വ്യവസായങ്ങളും ആരംഭിക്കണം.

29. മൽസ്യത്തൊഴിലാളികളുടെ പഞ്ഞമാസഗഡുവർദ്ധിപ്പിക്കുകയും സ്ത്രീ തൊഴിലാളികളെ കൂടി പഞ്ഞമാസ ഗഡുവിൽ ഉൾപ്പെടുത്തുകയും ചെയ്യണം.

30. മൽസ്യത്തൊഴിലാളികളുടെ തൊഴിൽ ഉപകരണങ്ങളായ വള്ളം,വല, കട്ടമരം, ഔട്ട്ബോഡ് എഞ്ചിൻ എന്നിവക്ക് എതെങ്കിലും നഷ്ടം സംഭവിച്ചാൽ അടിയന്തിരസഹായം നൽകി മത്സ്യത്തൊഴിലാളികളെ സഹായിക്കണം.

31. മൽസ്യത്തൊഴിലാളികളായ വിധവകളുടെ പെൺമക്കളെ, കെട്ടിക്കുന്നതിന് സർക്കാരിൽ നിന്നും കൊടുക്കുന്ന തുക ഉയർത്തുകയും ഇന്നുള്ള കാലതാമസം ഒഴിവാക്കുകയും ചെയ്യണം.

32. മൽസ്യക്കച്ചവടത്തിനായി പുറം സ്ഥലങ്ങളിൽ പോകുന്ന മൽസ്യത്തൊഴിലാളി സ്ത്രീകളുടെ യാത്രാ സൗകര്യം മെച്ചപ്പെടുത്തുന്നതിനായി മൽസ്യഫെഡിൽ നിന്നും വാഹന സൗകര്യം ഏർപ്പെടുത്തണം.

33. മൽസ്യക്കച്ചവടം നടത്തുന്ന സ്ത്രീകളെയും അപകട ഇൻഷ്വറൻസ് പദ്ധതിയിൽ ഉൾപ്പെടുത്തണം.

34. മൽസ്യത്തൊഴിലാളികൾ മൽസ്യബന്ധനത്തിൽ ഏർപ്പെട്ടിരിക്കെ എതെങ്കിലും അപകടം സംഭവിച്ചാൽ ദിക്ക് മനസ്സിലാക്കി കരയിൽ എത്തിച്ചേരുവാൻ ഉതകുന്നതരത്തിൽ രാത്രികാലങ്ങളിൽ സിഗ്നൽ ലൈറ്റുകൾ സ്ഥാപിക്കണം.

35. വർഷങ്ങളായി കൈവശം വച്ച് അനുഭവിക്കുന്ന മൽസ്യത്തൊഴിലാളികളുടെ ഭൂമിക്ക് പട്ടയം നൽകണം.

36. മൽസ്യബന്ധനത്തിൽ ഏർപ്പെട്ടിരിക്കുന്ന മൽസ്യത്തൊഴിലാളികൾക്ക് അപകടം സംഭവിച്ചാൽ ദിശ മനസ്സിലാക്കുന്നതിനുവേണ്ടി വടക്കുനോക്കിയന്ത്രവും, ലൈഫ് ജാക്കറ്റുകളും നൽകണം.

37. ഹരിജനങ്ങൾക്ക് നൽകുന്ന എല്ലാ ആനുകൂല്യങ്ങളും മത്സ്യത്തൊഴിലാളികൾക്കും നൽകണം.

38. മത്സ്യത്തൊഴിലാളി മേഖലയിലെ ബാർബർമാരുടെ പിന്നോക്കാവസ്ഥ പരിഗണിച്ച് പട്ടികജാതി പട്ടികവർഗ്ഗക്കാർക്കു നൽകുന്ന എല്ലാ ആനുകൂല്യങ്ങളും അനുവദിക്കണം.

39. ഈ പഞ്ചായത്തിലെ എല്ലാമത്സ്യത്തൊഴിലാളികളെയും അവരുടെ കുടുംബാംഗങ്ങളെയും മത്സ്യത്തൊഴിലാളി സഹകരണസംഘങ്ങളിൽ അംഗമാക്കുക.



ഗ്രാമവികസനവും, സാമൂഹ്യക്ഷേമവും

ഗ്രാമവികസനം : ദാരിദ്ര്യനിർമ്മാർജ്ജന പരിപാടികളായ IRDP, IAY, JRY, MWS, CRSP, CD, DWCRA, TRYSEM

1992-93 സാമ്പത്തിക വർഷത്തിൽ കരുംകുളം ഗ്രാമപഞ്ചായത്തിൽ IRDP സർവ്വെ നടത്തുകയുണ്ടായി അതിൽ 1. ദാരിദ്ര്യ രേഖക്കു താഴെയുള്ള കുടുംബം : 3304 (1992-95 Surveyed families 3304)

2. IRDP ധനസഹായം ലഭിച്ചവർ മൊത്തം 161 (SC=48, Women=93, PH=3)

ഓരോ വർഷവും പുതിയ കുടുംബങ്ങൾ രൂപം കൊള്ളുന്നതിനാൽ വർഷാവർഷം IRDP ലിസ്റ്റ് Inclusion നടത്തുക.

ജനസംഖ്യാനുപാതികമായി IRDP ഗുണഭോക്താക്കളുടെ എണ്ണം വർദ്ധപ്പിക്കുക.

3. IRDP ഉൽപന്ന വിപണന കേന്ദ്രം സ്ഥാപിക്കുക.

4. IRDP ധനസഹായം പഞ്ചായത്തിൽ നിലവിലുള്ള ദേശസാൽകൃതബാങ്കിൽ നിന്നും തന്നെ ലഭ്യമാക്കാൻ വേണ്ട നടപടികൾ കൈക്കൊള്ളുക.

പുതിയതുറ കേന്ദ്രമാക്കി Indian Overseas Bank അഥവാ ഒരു ദേശസാൽകൃതബാങ്ക് ശാഖ സ്ഥാപിക്കുക.

കരുംകുളം സർവ്വീസ് സഹകരണബാങ്ക് മുഖേന IRDP Implementation പ്രോത്സാഹിപ്പിക്കുക.

TRYSEM

1992-95 കാലയളവിൽ ടി പഞ്ചായത്തിൽ നിന്നും 19 നിർദ്ദന കുടുംബാംഗങ്ങൾക്ക് Trysem Training ലഭിച്ചിട്ടുണ്ട്. ഇതിൽ 5 ഗുണഭോക്താക്കളെ Settle ചെയ്തിട്ടുണ്ട്.

1. ജനസംഖ്യാനുപാതികമായി തൊഴിലില്ലായ്മ പരിഹരിക്കുവാൻ കൂടുതൽ യുവതീയുവാക്കൾക്ക് Trysem പരിശീലനം നൽകി സ്വയം തൊഴിൽ സാദ്ധ്യത വർദ്ധിപ്പിക്കുക.

2. മത്സ്യത്തൊഴിലാളി മേഖലയ്ക്ക് പ്രയോജനകരമായ Trysem Training Centre സ്ഥാപിക്കുക. (മത്സ്യ സംസ്ക്കരണം)

3. Out Board Engine Repairing Centre സ്ഥാപിക്കുക.

4. Fish net Manufacturing Unit സ്ഥാപിക്കുക.

DWCRA: (Development Women and Children in Rural Areas)

കുരുംകുളം ഗ്രാമപഞ്ചായത്തിൽ പുതിയതുറ കേന്ദ്രമാക്കി "സായൂജ്യ റെഡിമെയ്ഡ് ഗാർമെന്റ്സ്" എന്ന യൂണിറ്റ് പ്രവർത്തിക്കുന്നു.

1. ടി പഞ്ചായത്തിൽ വാർഡുതോറും സ്ത്രീകൾക്കും, കുട്ടികൾക്കുമായുള്ള DWCRA Units സ്ഥാപിക്കുക.

2. Fishnet Units 3 എണ്ണം സ്ഥാപിക്കണം.

3. മത്സ്യസംസ്കരണ യൂണിറ്റ്: മത്സ്യ അച്ചാർ, ഉണക്ക മത്സ്യം.

4. ഖാദി ബോർഡിന്റെ സഹായത്താൽ കുടിൽ വ്യവസായങ്ങളായി

a. Soap, Candle Unit

b. ചിരട്ട ഉപയോഗിച്ചുള്ള കരകൗശല ചെറുകിട വ്യവസായ യൂണിറ്റ്.

c. മൊസക്ക് നിർമ്മാണത്തിനാവശ്യമായ ചിരട്ട പൗഡർ നിർമ്മാണ യൂണിറ്റ് എന്നിവ

സ്ഥാപിക്കുക.

ശിശുക്ഷേമം.

1. വാർഡ്തോറും Baby Cresh സ്ഥാപിക്കുക. മത്സ്യത്തൊഴിലാളി മേഖലയ്ക്ക് പ്രാധാന്യം കൊടുത്തുകൊണ്ട് അംഗനവാടികളുടെ പ്രവർത്തനം മെച്ചപ്പെടുത്തുക. Baby Cresh ജനവിദ്യാകേന്ദ്രങ്ങളിലുടെയും, സന്നദ്ധ സംഘടനകളിലുടെയും പ്രവർത്തിപ്പിക്കുക.

2. നിലവിലുള്ള എല്ലാ L.P.S. ലും Pre-Primary Class ആരംഭിക്കുക.

3. കുഞ്ഞുങ്ങളുടെ മാനസിക ഉല്ലാസത്തിന് പുതിയതുറയിലും, പുല്ലുവിളയിലും ഓരോ Children's Park സ്ഥാപിക്കുക.

4. ശിശു ആരോഗ്യ പരിപാലന രംഗത്ത് പ്രതിരോധകുത്തിവെയ്പ്, ചികിത്സാ സംവിധാനവും സാർവത്രികമാക്കുക.

ഭവനനിർമ്മാണം: ടി പഞ്ചായത്തിൽ 1992-95 കാലയളവിൽ 51 ദരിദ്ര കുടുംബങ്ങൾക്ക് ഭവനനിർമ്മാണ ധനസഹായം വിവിധ പദ്ധതികളിലുടെ ബ്ലോക്ക് വഴി ലഭിക്കുകയുണ്ടായി.

1. പഞ്ചായത്തിലെ ഭവന രഹിതരുടെ പട്ടിക തയ്യാറാക്കുക.

2. ദാരിദ്ര്യ രേഖയ്ക്ക് താഴെയുള്ളവരും രണ്ട് സെന്റ് വസ്തുവെങ്കിലും സ്വന്തമായുള്ള ഭവനരഹിതർക്ക് ഭവനനിർമ്മാമ ധനസഹായം ലഭ്യമാക്കുക. ഫിഷറീസ് ഡിപ്പാർട്ടുമെന്റ് മുഖേന സ്വന്തമായി വാസയോഗ്യമല്ലാത്ത വീടുകൾ ഉള്ള മത്സ്യത്തൊഴിലാളികൾക്കും, ഭവനരഹിതർക്കും ഭവന നിർമ്മാണത്തിന് ധനസഹായം നൽകുക. ഭൂമി സംബന്ധമായ രേഖകളിൽ നിന്നും മത്സ്യത്തൊഴിലാളികളെ ഒഴിവാക്കുക.

3. ഏതെങ്കിലും പദ്ധതികളിലുടെ വീടുലഭിച്ചവർ കൈമാറ്റം ചെയ്ത് പുതിയഗുണഭോക്താക്കളായി വരാതിരിക്കുവാൻ കർശന നടപടി സ്വീകരിക്കുകയും കുറഞ്ഞത് 12 വർഷമെങ്കിലും സർക്കാർ/പഞ്ചായത്ത് ഉടമസ്ഥാവകാശം നിക്ഷിപ്തമായിരിക്കണം.

4. പഞ്ചായത്ത്/സർക്കാർ ഭൂമി നൽകിയ വ്യക്തികൾക്ക് ഭവനിർമ്മാണ ധനസഹായം നാളിതുവരെ ലഭിച്ചിട്ടില്ല. ആയതിനാൽ മുൻഗണനാക്രമത്തിൽ അവർക്ക് വീടു വയ്ക്കുവാനുള്ള ധനസഹായം ഉടൻ അനുവദിക്കുക.

5. കാലാ കാലങ്ങളിൽ കെട്ടിട നിർമ്മാണ സാധനങ്ങളുടെ വില വർദ്ധനവിനാനുപാതികമായി ഭവനിർമ്മാണ ധനസഹായം വർദ്ധിപ്പിക്കുക.

6. മിനിമം താമസ സൗകര്യവും (Attached Latrin-attached pipe, Electricity) ക്രമീകരിക്കുക.

7. ഭൂരഹിത തൊഴിലാളികൾക്ക് ഭൂമിവാങ്ങി വിതരണം നടത്തുക.

വൃദ്ധമന്ദിരം (Old age home)

വാർദ്ധക്യത്തിലെത്തുന്നവരുടെ വിശ്രമത്തിനും, സംരക്ഷണത്തിനുവേണ്ടിയുള്ള കേന്ദ്രം, സുഖവാസ കേന്ദ്രത്തിനു തുല്യമായ കല്ലുമുക്കു കേന്ദ്രമായി പഞ്ചായത്ത് അധീനയിൽ സ്ഥാപിക്കുക.

അഗതിമന്ദിരം

ആരോരുമില്ലാത്ത അഗതികളെ സംരക്ഷിക്കുവാൻ ഈ പഞ്ചായത്തിൽ ഒരു അഗതി മന്ദിരം സ്ഥാപിക്കുക.

വികലാംഗ പുനരധിവാസ കേന്ദ്രം

അന്ധരും ബധിരരും മൂകരുമായ അംഗവൈകല്യം സംഭവിച്ചവർക്കും തൊഴിൽ പരിശീലനവും ജീവിതസൗകര്യവും ഉറപ്പു വരുത്തുവാൻ ഉള്ള കേന്ദ്രം സ്ഥാപിക്കുക.

ടി പഞ്ചായത്തിൽ മുന്നാം വാർഡ് കല്ലുമുക്ക് കടൽതീരം ഒരു ടൂറിസ്റ്റ് സെന്റർ ആക്കാനുള്ള നടപടി സ്വീകരിക്കുക.

പെൻഷൻ പദ്ധതി:

1.വിധവാ പെൻഷൻ, വികലാംഗ പെൻഷൻ, കർഷക തൊഴിലാളി പെൻഷൻ, രോഗികൾക്കുള്ള പെൻഷൻ, മത്സ്യത്തൊഴിലാളി പെൻഷൻ 200 രൂപയായി വർദ്ധിപ്പിക്കുകയും മാസാമാസങ്ങളിൽ ലഭ്യമാക്കുകയും ചെയ്യുക. പെൻഷൻ തുക ജീവിതാവശ്യത്തിനു തികയാതെ വരുന്നതിനാൽ മിനിമം ജീവിതാവശ്യം അടിസ്ഥാനമാക്കി തുക വർദ്ധിപ്പിക്കുവാൻ വേണ്ട നടപടി സ്വീകരിക്കുക.

2. നിർധനരായ വിധവകളുടെ പെൺമക്കളെ വിവാഹം കഴിച്ചുകൊടുമ്പോൾ നൽകുന്ന ധനസഹായം വർദ്ധിപ്പിക്കുവാൻ വേണ്ട നടപടി സ്വീകരിക്കുക.

പൊതുകക്കൂസ് (Common Latrine)

വാട്ടർ ഫെസിലിറ്റിയോടുകൂടെ തീരദേശത്ത് വാർഡുതോറും പൊതുകക്കൂസുകൾ നിർമ്മിക്കുകയും അതു പരിചരിക്കുവാൻ വേണ്ട നടപടി സ്വീകരിക്കുക.

Family Counciling Centre

കുടുംബ പരമായ പ്രശ്നങ്ങൾ പരിഹരിക്കുന്നതിനും സ്ത്രീ പീഡനം അവസാനിപ്പിക്കുന്നതിനും വേണ്ടി ഫാമിലി കൗൺസിലിംഗ് സെന്റർ സ്ഥാപിക്കുക.

Panchayat Mini Civil Station

1. വാടക കെട്ടിടങ്ങളിൽ പ്രവർത്തിക്കുന്ന സർക്കാർ സ്ഥാപനങ്ങൾ സ്വന്തമായി കെട്ടിടം നിർമ്മിച്ച് അതിൽ പ്രവർത്തിപ്പിക്കുക.

2. പഞ്ചായത്ത് പൊതു ചന്തയും മാർക്കറ്റിംഗ് കോംപ്ലക്സും നിർമ്മിക്കുക.

3. പഞ്ചായത്തിന് സാമ്പത്തിക വരുമാനം ഉണ്ടാക്കുന്നതിനുവേണ്ടി പഞ്ചായത്ത് ഓഫീസിനു സമീപം പ്രവർത്തിക്കുന്ന ചന്ത പഞ്ചായത്ത് ഏറ്റെടുത്ത് മുഴുവൻ സമയവും പ്രവർത്തിക്കുന്ന ചന്തയായി ഉയർത്തുകയും, റോഡരികിലുള്ള സ്ഥലത്ത് ബഹുനില ഷോപ്പിംഗ് കോംപ്ലക്സ് നിർമ്മിക്കുകയും ഇവയിൽ നിന്ന് ലഭിക്കുന്ന വരുമാനം പഞ്ചായത്തിന്റെ സാമ്പത്തിക നില മെച്ചപ്പെടുത്തി വികസനപ്രവർത്തനത്തിന് പ്രയോജനപ്പെടുത്തുക.

സൂര്യവിളക്കുകൾ സ്ഥാപിക്കുക.

1. കോളനികളിലും വൈദ്യുതി എത്തിച്ചേർന്നിട്ടില്ലാത്ത പിന്നോക്ക പ്രദേശങ്ങളിലും ANERT -ന്റെ സഹായത്തോടെ SOLAR LAMP കൾ സ്ഥാപിക്കുക.

2. പിന്നോക്കം നിൽക്കുന്ന പ്രദേശങ്ങളിലും ഹരിജൻ കോളനികളിലും Solar T.V. Station സ്ഥാപിക്കുകയും, സംരക്ഷിക്കുവാൻ വേണ്ട നടപടി സ്വീകരിക്കുക.

സാക്ഷരതാപരിപാടി

1. നിരക്ഷരരായി നിലവിലുള്ളവരുടെ എണ്ണം (House hold Survey) തിട്ടപ്പെടുത്തി അനുയോജ്യമായ സാക്ഷരതാ പരിപാടി നടപ്പിലാക്കുക.

2. പലകാരണങ്ങൾ കൊണ്ടും സ്കൂളുകളിൽ നിന്ന് കൊഴിഞ്ഞുപോകുന്ന വിദ്യാർത്ഥികളെ കണ്ടുപിടിച്ച് ജനവിദ്യാകേന്ദ്രങ്ങളിലും, അക്ഷരസംഘങ്ങളിലും കൊണ്ടുവന്ന് ബോധവൽക്കരണം നടപ്പിലാക്കുക.

3. റഫറൻസ് ഗ്രന്ഥങ്ങൾ ഉൾക്കൊള്ളിച്ചുകൊണ്ട് ഉചിതമായ സ്ഥലത്ത് പഞ്ചായത്ത് ലൈബ്രറി സ്ഥാപിക്കുക.

4. കോളനികൾ കേന്ദ്രമാക്കി T.V.

സ്ഥാപിക്കുക.

5. വാർഡുകൾതോറും ജനവിദ്യാകേന്ദ്രം സ്ഥാപിക്കുകയും കെട്ടിടം നിർമ്മിക്കുവാൻ ഗ്രാന്റ് അനുവദിക്കുകയും ചെയ്യുക.

ഉന്നത സാങ്കേതിക വിദ്യാഭ്യാസത്തിന് സാമ്പത്തിക സഹായം

1. M.B.B.S., Engineering തുടങ്ങിയ സാങ്കേതിക വിദ്യാഭ്യാസം നടത്തുന്ന നിർദ്ദ നരായ വിദ്യാർത്ഥികൾക്ക് പഞ്ചായത്തിൽ നിന്നും സാമ്പത്തിക സഹായം നൽകുക.

സമ്പാദ്യപദ്ധതി

1. ദേശീയ സമ്പാദ്യപദ്ധതിയിൽ ടി പഞ്ചായത്തിലെ എല്ലാ കുടുംബങ്ങളെയും അംഗങ്ങളാക്കുക.

2. സാമ്പാദ്യശീലം വർദ്ധിപ്പിക്കുന്നതിന് വേണ്ടി ബോധവൽക്കരണ പരിപാടി വാർഡുതോറും സംഘടിപ്പിക്കുകയും പഞ്ചായത്തിൽ വർഷംതോറും സെമിനാർ നടത്തുകയും ടി പഞ്ചായത്തിനെ ഒരു ബച്ചത്ത് പഞ്ചായത്താക്കി മാറ്റുകയും ചെയ്യുക.

വെയിറ്റിംഗ് ഷെഡ്

വാഹനം കാത്തുനിൽക്കുന്നവർക്കു പ്രധാന സ്ഥലങ്ങളിൽ വെയിറ്റിംഗ് ഷെഡ് നിർമ്മിക്കുക.

പോസ്റ്റുബോക്സുകൾ

കൊച്ചുതുറ, കുരുംകുളം എന്നീ പ്രദേശങ്ങളിലെ ആളുകൾക്ക് ഒരു കത്ത് പോസ്റ്റു ചെയ്യണമെങ്കിൽ കിലോ മീറ്ററോളം യാത്രചെയ്തെങ്കിൽ മാത്രമേ സാധിക്കുകയുള്ളൂ. ആയതിനാൽ ടി സ്ഥലങ്ങളിൽ അടിയന്തിരമായി ലറ്റർ ബോക്സ് സ്ഥാപിക്കേണ്ടതാണ്.

പൊതുസ്മശാനം

കരുംകുളം പഞ്ചായത്തിൽ ഒരു പൊതു സ്മശാനം അത്യാന്താപേക്ഷിതമാണ്.

Karakulam Panchayath

IRDP Household Survey details (1992-93)

Total family Surveyed - 3036
SC - 99
NAL - 2719
AL - 186
RA - 52
PH - 47
MF - 79

1995-96 Inclusion Survey

Total family surveyed - 268
SC - 27
NAL - 137
AL - 118
Ph - 2

Grand Toatal families surveyed - 3304

IRDP

year	Total	SC	W	Ph
1992-93	41	17	20	1
1993-94	41	14	23	1
1994-95	42	12	22	-
1995-96	37	5	28	1
	161	48	93	3

Houses

Year	Scheme		
	JRY	IAY	MWS
1992-93	-	-	2
1993-94	4	4	-
1994-95	-	12	2
1995-96	-	25	2
Total	-	51	

Toolkit

Year	No
1992-93	8
1993-94	8
1994-95	7
1995-96	10

Million Wells

Year	No
1992-93	12
1993-94	-
1994-95	11

CRSP - Latrine

Year	No.
1993-94	23
1994-95	24
1995-96	18

CD-Latrine

Year	No.
1994-95	2
1995-96	5

Trysem

Year	No.
1992-93	3
1993-94	4
1994-95	5
1995-96	7
Total -	19

കരുംകുളം പഞ്ചായത്തിൽ ലഭിച്ചുകൊണ്ടിരിക്കുന്ന
പെൻഷൻ ആനുകൂല്യങ്ങൾ

സ്കീം	എണ്ണം
കർഷക തൊഴിലാളി പെൻഷൻ	6244
മത്സ്യതൊഴിലാളി പെൻഷൻ	634
വിധവ പെൻഷൻ	278
വികലാംഗപെൻഷൻ	246
വാർദ്ധ്യകാല പെൻഷൻ	90
അവശകലാകാര പെൻഷൻ	281
ക്ഷയം	20
കുഷ്ഠം	4
ക്യാൻസർ	5
പ്രകൃതിക്ഷോഭ ധനസഹായം	
1993–94	150
1994–95	36
1995–96	21

പൊതുമരാമത്ത്

റോഡുകൾ -PWD

1. ചിന്നമാർത്താണ്ഡൻ തുറ, ലൂർദ്ദിപുരം റോഡ്
2. കുരിശടി - അമ്പലത്തിൽമൂല (തീരദേശ MLA road)
3. പരണിയം വഴിമുക്ക് - പാമ്പുകാല-പൂവ്വാർ റോഡ്
4. കൊച്ചുപള്ളി-പുതിയതുറ-പൂവ്വാർ റോഡ്
5. പുല്ലുവിള-ചാവടി-കാഞ്ഞിരംകുളം റോഡ്
6. പരണിയം വഴിമുക്ക് - പട്ടുക്കാല റോഡ്
7. ലൂർദ്ദിപുരം - പരണിയം വഴിമുക്ക് റോഡ്

പഞ്ചായത്തു റോഡുകൾ

(A) ടാറിട്ടത്

1. കൊച്ചുതുറ ജനകീയറോഡ്
2. പുതിയതുറ ബീച്ച് അപ്രോച്ച് റോഡ്
3. ഉരിയരിക്കുന്ന് കാക്കത്തോട്ടം റോഡ്
4. പള്ളം ബീച്ച് അപ്രോച്ചു റോഡ്
5. പള്ളം ഗാന്ധിജയന്തി റോഡ്
6. പുല്ലുവിള ബീച്ച് അപ്രോച്ച് റോഡ്
7. പുല്ലുവിള Hospital - ചാനൽറോഡ്

(B) മറ്റു റോഡുകൾ (Earth or Metel)

1. കല്ലുമുക്ക് K.S.R.T.C. road
2. പാമ്പുകാല - ഓടൽ റോഡ്
3 പാമ്പുകാല - അരുമാനൂർ റോഡ് (Concreet)
4. അടുമ്പിൽ നമ്പ്യാദി റോഡ്
5. കരുംകുളം SNDP റോഡ്
6. ഡോ. അംബേദ്ക്കർ (പൊടുവൽ കോളനി റോഡ്)
7. ആഴാകൽ മാർക്കറ്റ് റോഡ്
8. കൊച്ചുതുറ കാതറുത്താൻവിള കോളനി റോഡ്
9. കൊച്ചുതുറ LPS പരണിയം റോഡ്
10. പള്ളം ക്ഷേത്രനടറോഡ്
11. ഉരിയരിക്കുന്നു കിളിത്തട്ടു റോഡ്
12. ആലകെട്ടിയ IHDP കോളനി റോഡ്
13. നാഗപുരം കല്ലുത്തട്ടു റോഡ്
14. കല്ലുത്തട്ട് പാട്ടത്തിൽ റോഡ്
15. വണ്ടാഴനിന്ന -പരണിയം റോഡ്
16. കരുംകുളം -കല്ലുമുക്ക് തീരദേശറോഡ്
17. ചെമ്പകൻരാമൻ തുറ കീഴതിൽ ക്ഷേത്രനട റോഡ്
18. പുല്ലുവിള Hospital കൊച്ചുപള്ളി ചാനൽറോഡ്
19. കൊച്ചുപള്ളി അടിമലത്തുററോഡ്
20. കുഴിവിള ലക്ഷം വീടി കോളനി റോഡ്

പ്രധാന പ്രശ്നങ്ങൾ.

P.W.D. റോഡുകളെ സംബന്ധിച്ച് ശരിയായ ഡ്രയിനേജ് സൗകര്യം ഇല്ലാ എന്നുള്ളതാണ്. മഴക്കാലത്ത്, പൊതുകിണറുകളിൽ നിന്നുമുള്ള മലിനജലം റോഡിൽ കെട്ടിനിൽക്കുകയും അതുമൂലം റോഡ് വേഗം ഇല്ലാതാകുന്നതുമാത്രമല്ല, ഗതാഗതത്തിനും ആരോഗ്യത്തിനും അതൊരു ഭീഷണിയുമാണ്.

തീരദേശം MLA റോഡിൽ ഡിപ്പുകളിൽ വെള്ളം കെട്ടിനിൽക്കുന്നതുകൊണ്ട് ഡിപ്പുകൾ അശാസ്ത്രീയമായി ചെയ്തതു നിമിത്തവും ഗതാഗതത്തിന് അല്പവും യോഗ്യമല്ലാതായി തീർന്നിരിക്കുന്നു. ടി റോഡ് കാരണം മഴക്കാലത്ത് വെള്ളം കെട്ടി സമീപവാസികളായ മത്സ്യത്തൊഴിലാളികളുടെ വീടുകൾ ഇടിഞ്ഞു

വീഴുകയും ആ സമയത്ത് അവരെ മാറ്റിതാമസിപ്പിക്കേണ്ടിവരുന്നതും പതിവാണ്. ടി റോഡിൽ ആവശ്യമായ കലിങ്കുകൾ കെട്ടി ജലം ഒഴിക്കിക്കളഞ്ഞില്ലായെങ്കിൽ കെട്ടിക്കിടക്കുന്ന ജലത്തിലുണ്ടാകുന്ന കൊതുകുകൾ നിമിത്തവും ആരോഗ്യത്തിനു ഭീഷണിയായിത്തീരുന്നു. തീരദേശ റോഡിനു സമാന്തരമായി ഓടനിർമ്മിച്ച് അവിടവിടെ ടാങ്കുകൾ കെട്ടി ടി വെള്ളം കരിച്ചൽ കായലിലേയ്ക്ക് ഒഴിക്കിക്കളയുന്നതിന് ഒരു മേജർ സ്കീം നടപ്പിലാക്കിയും ഈ പ്രശ്നം ഒരു പരിധിവരെ പരിഹരിക്കാവുന്നതാണ്.

വിഴിഞ്ഞം പൂവ്വാർ റോഡിൽ റോഡിന്റെ ഇരുവശത്തും ഓടകൾ നിർമ്മിച്ചും ചില ഭാഗങ്ങൾ റോഡ് ഉയർത്തിയും കല്ലുമുക്കിലും കരിങ്കുളത്തും രണ്ടു Clovert കൾ നിർമ്മിക്കേണ്ടതും വളരെ അത്യാവശ്യമാണ്.

കരുംകുളം പഞ്ചായത്ത് മയിനസ്സ് ഫണ്ടുള്ള ഒരു പഞ്ചായത്ത് ആയതിനാൽ, പഞ്ചായത്തു റോഡുകളിൽ 90% ഉം ഇന്നു ഗതാഗതയോഗ്യമല്ലാത്ത എർത്തുറോഡുകളായി നിലകൊള്ളുന്നു. ടി റോഡുകൾഎല്ലാം അടിയന്തിരമായി ടാർ ചെയ്തു ഗതാഗതയോഗ്യമാക്കുന്നതിന് അടിയന്തിര നടപടിയെന്ന നിലയിൽ പരമാവധി തുക ഗവഃ നിന്നും മറ്റും ബന്ധപ്പെട്ട ഡിപ്പാർട്ടുമെന്റുകളിൽ നിന്നും നൽകി പ്രശ്നം പരിഹരിക്കേണ്ടതാണ്.

P.W.D. യുടെ സേവനം മെച്ചപ്പെടുത്തുന്നതിനുവേണ്ടി ഒരു അസി: എഞ്ചിനീയർ ആഫിസ് കരുംകുളം പഞ്ചായത്തിന് അടിയന്തിരമായി അനുവഭവിച്ച് പ്രവൃത്തിപ്പിക്കണമെന്നുള്ള ഒരു പൊതു നിർദ്ദേശം നിലവിലുണ്ട്.

ടാർ ഇട്ട പഞ്ചായത്തു റോഡുകൾ ഒന്നുതന്നെ, കാലാകാലങ്ങളിൽ അറ്റകുറ്റപ്പണികൾ നടത്താത്തതിനാൽ ഗതാഗതയോഗ്യമല്ലതായിതീർന്നിരിക്കുന്നു. അവ അടിയന്തിരമായി റി-ടാർ ചെയ്ത് അറ്റകുറ്റപ്പണികൾ നടത്തുന്നതിന് VRM ഗ്രാന്റിൽ നിന്നും പരമാവധി തുകകിട്ടിയാൽ പ്രശ്നം പരിഹരിക്കാവുന്നതാണ്.

വിഴിഞ്ഞം പൂവ്വാർ റോഡും തീരദേശ റോഡും ബന്ധിപ്പിക്കുന്ന ഒരു ബീച്ച് അപ്രോച്ചു റോഡ്, കല്ലുമുക്കു സ്കൂളിനു സമീപം നിർമ്മിക്കേണ്ടതാണ്.

കൊച്ചു തുറ അടുമ്പ് തെക്കേക്കരയിൽ തീരദേശം റോഡുമായി ബന്ധിപ്പിക്കുന്ന ഒരു ബീച്ച് അപ്രേച്ച് റോഡ് നിർമ്മിക്കുക.

പാലങ്ങൾ

1. ചെമ്പനാവിള, ചാനലിനു കുറുകെ
2. അംബേദ്കർ റോഡിൽ ചാനലിനുകുറുകെ
3. ഓടൽ കോളനി റോഡിൽ ചാനലിനു കുറുകെ
4. ആലകെട്ടിയ IHDP കോളനി റോഡിൽ ചാനലിനു കുറുകെ
5. ആലകെട്ടിയതിൽ ചാലനിനു കുറുകെ
6. തേരിവിള ചാനലിനു കുറുകെ
7. കൊച്ചുതുറ-ആനവിഴുന്ന റോഡിൽ ചാനലിനു കുറുകെ
8. പൊടുവൽ കോളനിയിൽ ചാനലിന് കുറുകെ

പൊടുവൽ കോളനിയിൽ നിന്നും നെടിയവിളാകം ചന്തറോഡുവരെ പുതിയ റോഡുനിർമ്മിക്കുകയും ചാനൽ കരയിൽ ഒരു പാലം നിർമ്മിക്കുകയും ചെയ്യുക.

പുല്ലുവിള Hospital ജംഗ്ഷൻ മുതൽ വണ്ടാഴനിന്നവരെയും വണ്ടാഴന്ന മുതൽ ജനകീയ റോഡുവരെയും ചാനലിനു പാരലൽ റോഡുനിർമ്മിക്കുക.

പള്ളം കിണറ്റടിവിളാകം മുതൽ പുല്ലുവിള ആശുപത്രിവരെ ഒരു റോഡു നിർമ്മിക്കുക.

പുതിയതുറ ബീച്ചു MLA റോഡിൽ നിന്നും ബീച്ചുവരെ ഒരു പുതിയ റോഡുനിർമ്മിക്കുക.

നാഗരുകുടം കെട്ട് കോളനി നടയിൽ നിന്നും ചാനൽകരവരെ ഒരു നടപ്പാത നിർമ്മിക്കുക.

പാർപ്പിടം

തീരദേശപഞ്ചായത്ത് എന്ന നിലയിൽ പാർപ്പിടങ്ങളിൽ 60% വും ഓലകുത്തിമറച്ചിട്ടുള്ളതും മൺ ചുവരുകൾ ഉള്ളതുമായ കുടിലുകളാണ്. അതിൽ 60% ലേറെ കുടിലുകളിൽ രണ്ടുമുതൽ 4 വരെ കുടുംബങ്ങൾ വീർപ്പുമുട്ടി കഴിയുന്നു. പഞ്ചായത്തിലെ XI-വാർഡുകളിൽ VIIIഎണ്ണവും മത്സ്യത്തൊഴിലാളികൾ തിങ്ങിപ്പാർക്കുന്നു. 1.25 Squire mile മാത്രം വിസ്തീർണ്ണമുള്ള ഈ ഗ്രമപഞ്ചായത്തിൽ 32830 ലധികം ജനങ്ങൾ ഉള്ളതായികാണുന്നു. കുടിലുകൾ ഒന്നിനോടൊന്നു ചേർന്നിരിക്കുന്നതിനാൽ ശുചീകരണ പ്രവർത്തനങ്ങൾ എളുപ്പമല്ല. സാംക്രമികരോഗങ്ങൾ പലപ്പോഴും പടർന്നു പിടിക്കുന്നു.

വീടു വയ്ക്കുന്നതിന് സ്വന്തമായി സ്ഥലമില്ലാത്ത നൂറുകണക്കിനു കർഷക മത്സ്യത്തൊഴിലാളി കുടുംബങ്ങൾക്ക് വീടു വയ്ക്കുന്നതിന് വേണ്ടി സൗജന്യപാർപ്പിട പദ്ധതിയിൽ ഉൾപ്പെടുത്തി വീടു വയ്ക്കുന്നതിന് സ്ഥലവും ധനവും ലഭ്യമാക്കേണ്ടതാണ്.

തീരദേശ പുറമ്പോക്കുകളിലും കോളനികളിലും കഴിയുന്ന പട്ടയം ലഭിക്കാത്ത 5000 തോളം കുടുംബങ്ങൾക്ക് പട്ടയം കിട്ടാത്തതു കാരണം സർക്കാരിൽ നിന്നും ലഭിക്കേണ്ട ആനുകൂല്യങ്ങൾ ലഭിക്കാതിരിക്കുന്നു. അവർക്ക് അടിയന്തിരമായി പട്ടയം നൽകുന്നതിനു നടപടിയുണ്ടാകണം.

പ്രകൃതിക്ഷോഭത്തിൽ ഭവനരഹിതരാകുന്ന കുടുംബങ്ങളെ പുനഃരധിവസിപ്പിക്കുന്നതിന് അടിയന്തിര നടപടിയുണ്ടാകണം.

ജനസാന്ദ്രതയും ഭൂമിയുടെ അപര്യാപ്തതയുടെ കണക്കിലെടുത്ത് Flate സിസ്റ്റം പ്രാവർത്തികമാക്കിയാൽ പാർപ്പിട പ്രശ്നത്തിന് ഒരു പരിധിവരെ പരിഹാരമുകുമെന്നു കരുതുന്നു.

ചെലവുകുറഞ്ഞ വീടുകൾക്ക് പ്രചരണം നടത്തുകയും അനുദിനം വർദ്ധിച്ചു വരുന്ന കൂലി നിരക്കുകളും കെട്ടിടനിർമ്മാണ സാധനങ്ങളുടെ വില വർദ്ധനയും മൂലം ദരിദ്രരേഖയ്ക്കു താഴെനിൽക്കുന്ന ജനങ്ങൾക്ക് I.A.Y, MWS, JRY മത്സ്യഫെഡ് കൃഷിഭവൻ, തുടങ്ങിയ പദ്ധതികൾ പ്രകാരം അനുവദിക്കുന്ന ഭവനനിർമ്മാണത്തിനുള്ള ധനസഹായം കാലോചിതമായി വർദ്ധിപ്പിക്കേണ്ടതാണ്.

വീടു വയ്ക്കുന്നതിനുവേണ്ടി വിവിധ ഏജൻസികൾ നൽകുന്ന വായ്പതുക വർദ്ധിപ്പിക്കുകയും നിയമങ്ങളിൽ അയവുകൾ വരുത്തുകയും ചെയ്യുക.

ഏറെക്കാലങ്ങൾക്കു മുൻപ് ലക്ഷം വീടു പദ്ധതി പ്രകാരവും JRY തുടങ്ങിയ പദ്ധതികളിൽ ഉൾപ്പെടുത്തി നിർമ്മിച്ച കെട്ടിടങ്ങൾക്കും ശോചനീയാവസ്ഥ പരിഹരിക്കുന്നതിന് ധനസഹായം ലഭ്യമാക്കുക.



കൃഷിയും ജലസേചനവും

ഇന്ത്യയിലെ ഏറ്റവും ജനസാന്ദ്രതയുള്ള ഒരു പഞ്ചായത്താണ് കരുംകുളം. ഇത് കേരളത്തിന്റെ തെക്ക് പടിഞ്ഞാറായി വ്യാപിച്ചു കിടക്കുന്നു. ഈ പഞ്ചായത്തിന്റെ വിസ്തൃതി 360 ഹെക്ടർ ആണ്. അതിൽ 1/3 ഭാഗം ഏകദേശം 300 ഏക്കർ തീരപ്രദേശമാണ്. ഈ പഞ്ചായത്തിൽ ജലദൗർലഭ്യം, കാർഷിക ആവശ്യങ്ങൾക്കും കുടിവെള്ളത്തിനും നേരിടുന്നതു കൊണ്ട് കരിംകുളം എന്ന് അർത്ഥം വരുന്ന കരുംകുളമായി.

കരുംകുളം പഞ്ചായത്തിൻരെ മൊത്തം ജനസംഖ്യ 32,830 ആണ്. ഇവിടുത്തെ മുഖ്യതൊഴിൽ മത്സ്യമേഖല ഒഴിച്ചു നിർത്തിയാൽ കൃഷിയാണ്. ഇതിൽ 60% ജനങ്ങളും നാമമാത്ര കർഷകരാണ്.

കരുംകുളം പഞ്ചായത്തിൽ കൃഷി വേണ്ടത്ര പുരോഗതി പ്രാപിച്ചിട്ടില്ല. നെൽകൃഷി തീരെ ഇല്ലാത്ത ഒരു പഞ്ചായത്താണ് കരുംകുളം ഇവിടുത്തെ മുഖ്യവിള തെങ്ങ് ആണ്. കേരളത്തിൻരെ പ്രധാന വൃക്ഷമായ കേരവൃക്ഷം തന്നെയാണ്. കരുംകുളം പഞ്ചാത്തിൻരെയും പ്രധാന വൃക്ഷം. തെങ്ങിന്റെ ശരാശരി വിളവ് കേരളത്തിൽ 5890 ഉം തിരുവനന്തപുരം ജില്ലയിൽ 6672 മായിരിക്കെ കരുംകുളം പഞ്ചായത്തിൽ വെറും 4003 തേങ്ങ പെർ ഹെക്ടർ മാത്രമാണ്.

തെങ്ങ് കൃഷിയോടൊപ്പം മറ്റുവിളകളും വികസിപ്പിച്ചെടുക്കുന്നതിന് കാര്യമായ പുരോഗതി ഉണ്ടാകാത്തതിന്റെ കാരണം ജലദൗർലഭ്യവും ജൈവ സമ്പത്തിന്റെയും കുറവാണ്. മേയ്, ജൂൺ മാസങ്ങളിൽ ലഭിക്കുന്ന ഇടവപ്പാതി മഴയേയും, ഒക്ടോബർ, നവംബർ മാസങ്ങളിൽ ലഭിക്കുന്ന തുലാവർഷത്തെയും ആശ്രയിച്ചാണ്. 95% തെങ്ങുകൃഷിയും പരിപോഷിപ്പിച്ചുപോരുന്നത്.

കരുംകുളം പഞ്ചായത്തിൽ I,II,VI,V, XI എന്നീ വർഡുകൾ സമുദ്രനിരപ്പിൽ നിന്നും 90 മുതൽ 175 അടിവരെ ഉയരത്തിൽ സ്ഥിതിചെയ്യുന്നതിനാൽ ജലസേചന സൗകര്യത്തിനായി കിണർ കുഴിക്കുന്നതിന് ബുദ്ധിമുട്ടനുഭവിക്കുന്നു. പ്രസ്തുത സാഹചര്യത്തിൽ ഗ്രൂപ്പടിസ്ഥാനത്തിൽ കർഷകരെ സംഘടിപ്പിച്ച് കുറഞ്ഞ ചെലവിൽ സംഘജലസേചനം നടത്തുന്നതോടൊപ്പം ജലസംരക്ഷണ മാർഗ്ഗങ്ങളും സ്വീകരിച്ചാൽ കരുംകുളം പഞ്ചായത്തിന്റെ കൃഷി കൂടുതൽ വികസിപ്പിച്ചെടുക്കാവുന്നതാണ്.

കരുംകുളം പഞ്ചായത്തിന്റെ വിസ്തീർണ്ണം 1.25 Squre miles, 360 ഹെക്ടർ (900 ഏക്കർ)

തീരപ്രദേശം	–	300 ഏക്കർ
കൃഷിസ്ഥലം	–	590 "
തെങ്ങ്	–	467
വാഴ	–	25
കുരുമുളക്	–	25
മരച്ചീനി	–	10
വെറ്റില	–	1
ചെറുകിഴങ്ങ്	–	10
പച്ചക്കറി	–	1
കമുക്	–	1
മറ്റുവിളകൾ	–	50
റോഡ്, കെട്ടിടങ്ങൾ, ചന്ത തുടങ്ങിയവ	–	10

കരുംകുളം പഞ്ചായത്തിൽ പ്രധാന

മായും മൂന്ന് ഇനം ഭൂമിയാണുള്ളത്. 1. ഉയർന്ന സമതലം 2. ചരിവുകൾ, 3. തീരസമതലങ്ങൾ എന്നിവ. ഇവയിൽ ഉയർന്ന സമതലം മൊത്തം ഭൂമിയുടെ 35% ചരിവുകൾ 35% ഉം തീരസമതലങ്ങൾ 30% ഉം ആണ്. ഇവിടെയുള്ള പ്രധാന മൺതരങ്ങൾ ചെമ്മണ്ണ്, മണൽ എന്നിവയാണ്. ചെമ്മണ്ണ് കൃഷിക്ക് അനുയോജ്യമായതും മണൽ അനുയോജ്യമല്ലാത്തതും എന്നാൽ എക്കൽ മണ്ണും ജൈവവസ്തുക്കളും ചേർത്ത കൃഷിക്ക് അനുയോജ്യമാക്കാവുന്നതാണ്.

III, VI, VII, VIII, IX, X എന്നീ വാർഡുകളിലാണ് കൃഷിക്ക് അനുയോജ്യമല്ലാത്ത മണൽ പ്രദേശം ഉള്ളത്.

ഈ പഞ്ചായത്തിൽ പണിയെടുക്കുന്ന കർഷകത്തൊഴിലാളികളായ പുരുഷന്മാർക്ക് നൂറു രൂപയും സ്ത്രീകൾക്ക് എൺപതുരൂപയിക്കിലും കൂലി ലഭിക്കുന്നു. I, II, IV എന്നീ വാർഡുകളിലെ ജലസേചന സൗകര്യം താരതമ്യേന മറ്റുവാർഡുകളെ അപേക്ഷിച്ച് ലഭ്യമായതിനാൽ ഈ വാർഡുകളിൽ സാമാന്യം നല്ലനിലയിൽ കൃഷി ചെയ്യാൻ സാധിക്കുന്നുണ്ട്.

ജലദൗർലഭ്യം മൂലം കാർഷിക അഭിവൃദ്ധിയിൽ മനസ് മുരടിച്ച കർകർ, പഞ്ചായത്തിലെ കൃഷിഭവന്റെ സേവനങ്ങൾ തുറന്ന മനസോടെ സ്വീകരിക്കുന്നതിന് വൈമനസ്യം കാണിക്കുന്ന നിലവിലുള്ള സാഹചര്യത്തിൽ സന്നദ്ധസംഘടനകളുടെയും സംഘകൃഷിരീതി അവലംബിക്കുന്ന കർഷകരുടെയും കൂട്ടായ പ്രവർത്തനം ഏകോപിപ്പിച്ച് കൃഷിയുടെ തുടക്കം മുതൽ ഒടുക്കം വരെ കൂട്ടായ പൊതുധാരണയിൽ മുന്നോട്ടുപോയാൽ മാത്രമേ നിലവിലുള്ള കൃഷിയെ നല്ലരീതിയിൽ ഉയർത്താൻ സാധിക്കുകയുള്ളൂ.

ഈ പഞ്ചായത്തിന്റെ എല്ലാവാർഡുകളിലും കമ്മ്യൂണിറ്റി ഇറിഗേഷൻ കുറഞ്ഞ ചെലവിൽ നടത്തുന്നതോടൊപ്പം ജലസംരക്ഷണമാർഗ്ഗങ്ങൾ സ്വീകരിക്കുന്നതും ടി പഞ്ചായത്തിന്റെ കൃഷി അഭിവൃദ്ധിയിലേയ്ക്ക്നയിക്കും

വിളവിസ്തീർണ്ണവും ഉൽപാദനവും

വിള	വിസ്തീർണ്ണം	മൊത്തം ഉത്പാദനം	ഉത്പാദനക്ഷമത ഹെക്ടറിൽ
നെല്ല്(ഒന്നാംവിള)	ഇല്ല	-	-
നെല്ല്(രണ്ടാംവിള)	ഇല്ല	-	-
നെല്ല്(മൂന്നാംവിള)	ഇല്ല	-	-
പയർ	1 ഏക്കർ	500കിലോ(ഉണക്ക)	1250 കിലോ
എള്ള്	1 ഏക്കർ	400 കിലോ	1000 കിലോ
പച്ചക്കറികൾ	1 ഏക്കർ	1000 കിലോ	2500 കിലോ
തെങ്ങ്	467 ഏക്കർ	1401050 എണ്ണം	4003 എണ്ണം
വാഴ	25 ഏക്കർ	120 ടൺ	12000 കിലോ
മരച്ചീനി	10 ഏക്കർ	30 ടൺ	71/2 ടൺ
കുരുമുളക്	25 ഏക്കർ	20 ടൺ(ഉണക്ക്)	2 ടൺ
പ്ലാവ്	5 ഏക്കർ	6 ടൺ	3 ടൺ
കശുമാവ്	1 ഏക്കർ	1 ടൺ	21/2 ടൺ
മാവ്	3 ഏക്കർ	51/2 ടൺ	5 ടൺ
മറ്റുവിളകൾ	25 ഏക്കർ	20 ടൺ	2 ടൺ

കരുംകുളം ഗ്രാമപഞ്ചായത്ത്
ഭൂമി സംബന്ധിച്ച വിവരങ്ങൾ
(അടിസ്ഥാനവിവര രജിസ്റ്റർ)

ഇനം	വിസ്തീർണ്ണം
നിലം	ഇല്ല
പുരയിടം	590 ഏക്കർ
പുറമ്പോക്ക്	5 ഏക്കർ
കൃഷിയോഗ്യതരിശ്	5 ഏക്കർ
കൃഷിയോഗ്യമല്ലാത്ത തരിശ്	300 ഏക്കർ
ആകെ	900 ഏക്കർ

രാസവള കീടനാശിനി വിപണനം

ക്രമ നമ്പർ	സ്ഥാപനത്തിന്റെ പേര്	1993-'94			1994-'95			1995-'96		
		രാസവളം കി.ഗ്രാം	കീടനാശിനി		രാസവളം കി.ഗ്രാം	കീടനാശിനി		രാസവളം കി.ഗ്രാം	കീടനാശിനി	
			ദ്രവം	ഖരം		ദ്രവം	ഖരം		ദ്രവം	ഖരം
1	2	3	4	5	6	7	8	9	10	11
1	**സഹകരണം** സർവ്വീസ് സഹകരണബാങ്ക് കരുംകുളം ലിമിറ്റ്ഡ് നമ്പ: 4055	10000 കി.	ഇല്ല	ഇല്ല	12,000 കി.	ഇല്ല	ഇല്ല	15000 കി.	ഇല്ല	ഇല്ല
	സ്വകാര്യം ഇല്ല	-	-	-	-	-	-	-	-	-

കൃഷിഭവൻ മുഖേന വിതരണം നടത്തിയിട്ടുള്ള നടനീൽ വസ്തുക്കളുടെ വിവരങ്ങൾ

പേര്	93-94 വർഷം	94-95 വർഷം	95-96 വർഷം	96-97 വർഷം
(വില്പനയ്ക്ക്)				
തെങ്ങിൻതൈ	200എണ്ണം	275 എണ്ണം	500 എണ്ണം	475 എണ്ണം
കോളനികൾക്ക്	150 "	225 "	225 "	150 "
കുരുമുളക്	572 "	4000 "	8000 " (50% സബ്സിഡി)	2700 " (മുഴുവൻ സബ്സിഡി)
പച്ചക്കറിവിത്ത്	50	25	–	–
സ്കൂൾ പച്ചക്കറി തോട്ടം	500	400	400	–
ചെറുകിഴങ്ങുവർഗ്ഗങ്ങൾ	2 പേർക്ക്	5 പേർക്ക്	3 പേർക്ക്	2 പേർക്ക്
പ്ലാവ് ഒട്ടുതൈ	40 "	50 "	100 "	50 "
മാവ് ഒട്ടുതൈ	50 "	75 "	100 "	50 "
വടുകപുളി ഒട്ടുതൈ	10 "	10 "	15 "	25 "
ജാമ്പതൈ	10 "	25 "	25 "	25 "
പേര ഒട്ടുതൈ	15 "	10 "	10 "	10 "
പുർത്തി	10 "	15 "	15 "	10 "
സ്പോട്ട ഒട്ടുതൈ	25 "	25 "	30 "	10 "
ചെറി	10 "	10 "	10 "	25 "
കൊക്കോ ഒട്ടുതൈ	200 "	100 "	–	–
കശുമാവ് ഒട്ടുതൈ	50 "	250 "	–	–
കുറ്റികുരുമുളക്	–	25 "	–	–
വാഴക്കന്ന്	100 "	–	–	–
ഇഞ്ചി	15 കിലോ	15 കിലോ	–	–
പഞ്ഞൾ	15 "	15 "	–	–
ചെറുപയർ	80 "	–	–	–
എള്ള്	20 "	–	–	–
വൻപയർ മിനികിറ്റ്	6 കിറ്റ്	10 കിറ്റ്	–	–
കാർഷിക ഉപകരണങ്ങൾ				
മൺവെട്ടി, പിക്കാസ്, വെട്ടുകത്തി	75 സെറ്റ്	–	–	–

കാർഷിക വരുമാനം മാത്രം അടിസ്ഥാനമാക്കി 10% ജനങ്ങൾ ജീവിച്ചുപോകുന്നുണ്ട്.

ജലസേചനമാർഗ്ഗങ്ങളുടെ ആവശ്യകത

പൊതുജലസേചനകിണർ, കുഴൽകിണർ എന്നിവ കൃഷിയുടെ ഉപയോഗത്തിനായി ഈ പഞ്ചായത്തിൽ നിലവിലില്ല എന്ന സാഹചര്യത്തിൽ സംഘജലസേചന പദ്ധതിയും മറ്റ് ജലസംരക്ഷണമാർഗങ്ങളും നടപ്പിലാക്കുന്നതിന് പ്രസക്തിയേറെയുണ്ട്.

കൃഷിയെ ബാധിക്കുന്ന രോഗങ്ങൾ

തെങ്ങിന് വ്യാപകമായി മണ്ടചീയൽ രോഗവും ഇലചീയൽ രോഗവും , ഇലമഞ്ഞളിപ്പും കണ്ടുവരുന്നതോടൊപ്പം കൊമ്പൻചെല്ലി, ചെമ്പൻ ചെല്ലി എന്നീ കീടങ്ങളുടെ ആക്രമണവും കണ്ടുവരുന്നു. വാഴക്ക് വ്യാപകമായി കുറുനാമ്പുരോഗം കണ്ടുവരുന്നു. കുരുമുളക് കൃഷിയെ ദ്രുതവാട്ടവും പൊള്ളുവണ്ടിന്റെ ആക്രമണവും തളർത്തുന്നു. മരച്ചീനിയിൽ മൊസൈക്ക് രോഗം വ്യാപകമാണ്.

ഈ പഞ്ചായത്തിലെ കൃഷിവികസനത്തിന് നടപ്പിലാക്കാനുള്ള പദ്ധതികൾ

1. കമ്മ്യൂണിറ്റി ഇറിഗേഷൻ നടപ്പിലാക്കുക

2. ജലസംരക്ഷണ മാർഗ്ഗങ്ങൾ സ്വീകരിക്കാൻ കർഷകരെ പ്രേരിപ്പിക്കുക.

3. നവീനകൃഷിരീതി പ്രോത്സാഹിപ്പിക്കാൻ ജൈവരാസ വളങ്ങളുടെയും നവീന കൃഷി ഉപകരണങ്ങളുടെയും ലഭ്യത സബ്സിഡിയോടുകൂടിയോ സന്നദ്ധസംഘടനകളുടെ സംഭാവനമുഖേനയോ നടപ്പിലാക്കുക.

4. നിലവിലുള്ള കർഷക സമിതികളുടെ പ്രവർത്തനം സജീവമാക്കുക

5. കർഷകസമിതികൾ നിലവില്ലാത്തിടത്തോളം രൂപീകരിക്കുക.

6. പട്ടികജാതി പട്ടികവർഗ്ഗ കർഷകരെയും കർഷകത്തൊഴിലാളികളെയും കൃഷിയുടെ മുഖ്യധാരയിലേക്ക് കൊണ്ടുവരാൻ ഉതകുന്ന കാർഷിക പദ്ധതികൾക്ക് രൂപം നൽകുക. അതോടൊപ്പം പരിശീലനം നൽകുകയും ചെയ്യുക.

7. കൃഷി ഒരു പ്രധാനതൊഴിലാക്കാനുതകുന്ന പദ്ധതികൾ തയ്യാറാക്കുകയും. അവയുടെ അറിയിപ്പുകൾ അപ്പപ്പോൾ നൽകാനാവശ്യമായ നോട്ടീസ് ബോർഡുകൾ എല്ലാ വാർഡുകളിലും സ്ഥാപിക്കുക.

8. കാർഷികോൽപന്നങ്ങൾക്ക് ന്യായമായ വില കർഷകന് ലഭിക്കുന്നതിനുള്ള വിപണനസൗകര്യങ്ങൾ ഉറപ്പുവരുത്തുക.

9. കിണർ കുഴിക്കുന്നതിനും പമ്പുവാങ്ങിക്കുന്നതിനും ഉള്ള സബ്സിഡി വർദ്ധിപ്പിക്കുക.

10. പച്ചക്കറി കൃഷി വ്യാപകമാക്കാനുള്ള പദ്ധതികൾ തയ്യാറാക്കുക.

11. മണ്ണ് പരിശോധന ഊർജ്ജിതപ്പെടുത്തുക.

12. മണ്ണിന്റെ അമ്ലത കുറയ്ക്കുന്നതിനാവശ്യമായ കുമ്മായം സൗജന്യ നിരക്കിൽ വിതരണം ചെയ്യുക.

13. തെങ്ങിനെ ആക്രമിക്കുന്ന കീടങ്ങളെ നശിപ്പിക്കുന്നതിനാവശ്യമായ മാർഗ്ഗങ്ങൾ കണ്ടുപിടിച്ച് പ്രാവർത്തികമാക്കുക.

14. തേങ്ങ, കൊപ്ര, തെണ്ട് എന്നിവയുടെ വിപണനത്തിന് സഹകരണ സംഘമോ സംഭരണ കേന്ദ്രമോ ആരംഭിക്കുക.

15. കുഴൽകിണറുകൾ അനുയോജ്യമായ സ്ഥലങ്ങളിൽ നിർമ്മിച്ച് ഭൂഗർഭജലസമ്പത്ത് പ്രയോജനപ്പെടുത്തുക.

16. ഇൻഷ്വറൻസിന്റെ പ്രയോജനം രോഗബാധകൊണ്ട് നശിക്കുന്ന തെങ്ങുകൾക്ക് ബാധകമാക്കണം വെട്ടിമാറ്റുന്ന തെങ്ങിനുള്ള ധനസഹായം 500രൂപയായി നിശ്ചയിക്കുക.

17. നടീൽ വസ്തുക്കളുടെ വിതരണം കാലവർഷം തുടങ്ങുമ്പോൾ തന്നെ തുടങ്ങുക.

18. ഒന്നാംവാർഡിൽ ധാരളമായി കൃഷിചെയ്യുന്ന വെറ്റില കൃഷി വികസനത്തി

വെറ്റില കൊടി

നായി ലോണുകളും സഹായസഹകരണങ്ങളും നൽകണം.

19. കാർഷിക വിളകളുടെ പ്രദർശനവും വില്പനയും പഞ്ചായത്ത് തലത്തിൽ നടത്തുകയും നല്ലകർഷകർക്ക് പ്രോത്സാഹന സമ്മാനങ്ങൾ നൽകുന്നതിനുള്ള നടപടി സ്വീകരിക്കുകയും വേണം.

20. പുവ്വാർ വെസ്റ്റ് ബ്രാഞ്ച് ചാനലിൽ തുടർച്ചയായി നെയ്യാർ ഡാമിൽ നിന്നും ജലം എത്തിയാൽ ചാനലിനു താഴ്വശത്തു കർഷകരുടെ ജലസേചന പ്രശ്നം പരിഹരിക്കാവുന്നതാണ്.

21. വീട്ടുവളപ്പിൽ ജൈവവിളയുണ്ടാക്കുൾ പരമാവധി സ്ഥാപിക്കുക.

22. അടുക്കളതോട്ടം നിർമ്മിക്കുന്നതിന് പ്രോത്സാഹനങ്ങൾ നൽകുക.

23. കൃഷി ഭവനിൽ നിന്നും കർഷകനു നൽകുന്ന വളം പൂർണ്ണമായും സൗജന്യമാക്കുക.

24. പുഷ്പകൃഷി വ്യവസായിക അടിസ്ഥാനത്തിൽ നടത്തുന്നതിനു പദ്ധതി ആവിഷ്കരിച്ച് നടപ്പിലാക്കുക.

25. പഞ്ചായത്തിലെ കല്ലുത്തട്ട് എന്ന സ്ഥലത്ത് ഒരു നഴ്സറി ആരംഭിക്കുക.

26. നല്ലകർഷകന് കർഷക ശ്രീ അവാർഡുകൾ പഞ്ചായത്തുതലത്തിൽ നൽകു.

27. പുൽകൃഷി സബ്സിഡി നൽകിപ്രോത്സാഹിപ്പിക്കുക, കാർഷികോൽപന്നങ്ങൾക്ക് മാർക്കറ്റിംഗ് കണ്ടെത്തുക.

28. കർഷകർക്ക് പണി ആയുധങ്ങൾ സൗജന്യമാക്കുക.

29. മില്യൻ വെൽസ്കീം SC/ST യ്ക്കു നൽകുന്നത്,എല്ലാ കർഷകർക്കും അനുവദിച്ച് സ്ഥപലരിമിതി 10 Cent ആക്കി നിജപ്പെടുത്തുക.

30. നിലവിലുള്ള കിണറുകൾ പുനർ നിർമ്മാണം ചെയ്യുക.

31. കർഷകർ പെൻഷൻ പദ്ധതിയിൽ നിന്നും പ്രായപരിധി എടുത്തുകളയുക.

32. കർഷകതൊഴിലാളി പെൻഷൻ തുക വർദ്ധിപ്പിക്കുക.

33. കൃഷി ഭവന്റെ പ്രവർത്ത ഘടനയിൽ മാറ്റം വരുത്തുക. കൃഷിക്കാരൻ ആഫീൽ പോയി കാര്യങ്ങൾ അറിയുന്നരീതിമാറ്റി പാടങ്ങളിൽ വിവരം എത്തിക്കുന്ന സമ്പ്രദായം ആവിഷ്കരിക്കുക.

വിദ്യുച്ഛക്തി

കരുംകുളം പഞ്ചായത്തിൽ പുവ്വാർ ഇലക്ട്രിക്കൽ മേജർ സെക്ഷൻ ആഫീസും കാഞ്ഞിരംകുളം ഇലക്ട്രിക്കൽ സെക്ഷൻ ആഫീസും മുഖേനയാണ് വൈദ്യുതി സംബന്ധിച്ച് പ്രവർത്തനം നടത്തുന്നത്.

പുവ്വാർ ഇലക്ട്രിക്കൽ മേജർ സെക്ഷൻ ആഫീസ്

ടി ആഫീസിന്റെ പരിധിയിൽ വാർഡ് I, II, III, IV, VI, VII, V`ന്റെയും VIIIന്റെ ചില ഭാഗങ്ങൾ വരുന്നു.

Consumer - 2800

വൈദ്യുതി ലഭിക്കേണ്ടവർ – 186 (-CD അടച്ചവർ)

OYEC - 13

OTP - Nil

Street light - MV Lamp - 3 Nos. full night

Floranent Tube - 186 - 2 ''

ordinary bulbe - 108 - 1 ''

11 K.V. Line - 3.8 kms

L.T Line - 21.8 kms

Transformer - 5

ആവശ്യങ്ങളും പരിഹാരങ്ങളും

1957-ൽ വിലിച്ചിട്ടുള്ള L.T. 3face -ലെ ലൈനുകളാണ് നിലവിലുള്ളത്. സമുദ്രതീരപ്രദേശമായതിനാൽ പലപ്പോഴും പൊട്ടിവീണ് അപകടങ്ങൾ ഉണ്ടാകുന്നു. ലൈനുകളുടെ അറ്റുകുറ്റപ്പണികൾ നടത്തി വോൾട്ടേജ് ക്രമീകരിക്കണം.

11K.V. HT/LT Line ഡോ. അംബേദ്കർ റോഡുവഴി വിഴിഞ്ഞം പുവ്വാർ റോഡിൽ ഇന്ദിരാ ഗാന്ധി മെമ്മോറിയൽ സ്തൂപത്തിനു സമീപം (പുതിയതുറ പഴയ പഞ്ചായത്ത് ആഫീസ് നട) 100K.V.A Transformer സ്ഥാപിക്കണം.

നിലവിലുള്ള 160 K.V.A. Transformer (പഞ്ചായത്താഫീസിനു സമീപം) 250 KVA ആക്കുക.

ഗാന്ധിജയന്തി റോഡ് ലൈൻവലിച്ച് വൈദ്യുതീകരിച്ച് കാഞ്ഞിരംകുളം ലൈനുമായി Insert Link സംവിധാനം ഉണ്ടാക്കുക.

തീരദേശ M.L.A. റോഡ് വൈദ്യുതീകരണം പൂർത്തിയാക്കി പഞ്ചായത്ത് തെരുവുവിളക്കുകളും സർവ്വീസ് ലൈനും സ്ഥാപിക്കുക.

തീരദേശ M.L.A. റോഡിനു സമാന്തരമായി സമുദ്രവും കരയും തമ്മിൽ ഇടവക വേർതിരിച്ചിട്ടുള്ള കുരിശു തൂണുകൾക്കു സമാന്തരമായി ഒരു L.T. ലൈൻ സ്ഥാപിച്ച് തെരുവ് വിളക്കുകൾ സ്ഥാപിക്കുക.

പഞ്ചായത്ത് ആഫീസ് നട ട്രാൻസ്ഫാർമറിൽ നിന്നും HT/LT ആയി തീരദേശ MLA റോഡിൽ പുതിയതുറ ജംഗ്ഷനു താഴെ ഒരു 100 KVA Transformer സ്ഥാപിക്കുക.

ഉരിയരിക്കുന്നു കാക്കത്തോട്ടം റോഡിൽ കുഞ്ചുവീട്ടുവിളാകം സർക്കാർ ഭൂമിയിൽ ഒരു 66 KV Sub Station സ്ഥാപിക്കുക.

ആലകെട്ടിയ IHDP കോളനിയിൽ ചെന്നനിന്ന മെലെത്തട്ടു കോളനി, പൊടുവൽ കോളനി എരുമനിന്ന കോളനി, നഗരുകുടി കോളനി, എന്നീ ഹരിജൻ കോളനികൾ വൈദ്യുതീകരിക്കുക.

പഞ്ചായത്തിൽ നിന്നും wiring നടത്തി

C.D. അടച്ചിട്ടുള്ള മുഴുവൻ വീടുകൾക്കും വൈദ്യുതി നൽകുക.

Voltage ക്ഷാമം പരിഹരിക്കുന്നതിന് കുരുംകുളം വലവീശികാണിപുരയിടത്തിൽ Voltage കുടിയ ഒരു UGC Transformer സ്ഥാപിക്കുക.

പൊതുകിണറിനു സമീപം full night light കൾ സ്ഥാപിക്കുക.

കൊച്ചുതുറ ആനവീഴുന്ന റോഡ്, ചാനൽകരകഴിഞ്ഞു ജനകീയ റോഡുവരെ വൈദ്യുതീകരിക്കുക.

പൊടുവൽ കാളനിയിലേക്കുള്ള ഡോ.അംബേദ്കർ റോഡ് പരണിയം പുർദ്ദിപുരം റോഡു മുതൽ ചാനൽകരവരെ വൈദ്യുതീകരിക്കുക.

പൊടുവൽ കാളനി കാതറുത്താൻവിള എന്നിവിടങ്ങളിൽ transformer സ്ഥാപിക്കുക. ജനകീയ റോഡു മുതൽ വണ്ടാഴന്നവരെയുള്ള ചാനൽനടപ്പാത വൈദ്യുതീകരിക്കുക.

കുരംകുളം വലിയ തോപ്പ്തെക്കേക്കര മുതൽ കൊച്ചുതുറതലത്തോപ്പ് തെക്കെക്കര റരെയുള്ള തീരദേശ റോഡു വൈദ്യുതീകരിക്കുക.

തീരദേശത്തുള്ള സ്ട്രീറ്റ് ലൈറ്റുകൾ ഫുൾ നൈറ്റ് ആക്കുക.

ആലനിന്നതിൽ, കാക്കത്തോട്ടം എന്നീ സ്ഥലങ്ങർ വൈദ്യുതീകരിക്കുക.

പുല്ലുവിള ആശുപത്രി മുതൽ വണ്ടാഴ നിന്നുവരെ ചാനൽകര Street line വലിച്ചു light സ്ഥാപിക്കുക.

പുതിയതുറ ജംഗ്ഷൻ മുതൽ ആറ്റുർ വിളാകം വരെ Street line വലിച്ച് light സ്ഥാപിക്കുക.

പുതിയതുറയിൽ ഉള്ള ഓവർസിയർ ആഫീസ് സബ് എഞ്ചിനീയർ ആഫീസാക്കി ഉയർത്തുക.

കാഞ്ഞിരം കുളം ഇലക്ട്രിക്കൽ സെക്ഷൻ ആഫീസ്

Ward Nos. IX, X, XI, IV ന്റെയും V ന്റെയും VIII ന്റെയും ചില ഭാഗങ്ങൾ കാഞ്ഞിരം കുളം സെക്ഷൻ ആഫീസിന്റെ പരിധിയിലാണ്.

Consumer	-	5000
വ്യാപാരം	-	700
വ്യാവസായികം	-	100
കാർഷികം	-	100

C.D. അടച്ച് കണക്ഷൻ ലഭിക്കാത്തവർ

ORD	- 1200	
OTP	- 83	
OYEC	- 126	
Street light	-Bulbe ordi.	- 1200
	MV Lamp	- 5
	Fluracent Lamp	- 160
	Transformer	- 4

ആവശ്യങ്ങളും പരിഹാരങ്ങളും.

വോൾട്ടേജ് ക്ഷാമം പരിഹരിക്കുന്നതിന് പുല്ലുവിള പഴയതുറ പുരയിടത്തിലും പുല്ലുവിള ചെമ്പകരാമൻ തുറ പുരയിടത്തിലും 100 KVA ട്രാൻസ്ഫാർമർ സ്ഥാപിക്കുക.

തീരദേശ MLA റോഡുവഴി 3 Phase Line വലിച്ച് തെരിവുവിളക്കുകളും സർവ്വീസ് ലൈനും സ്ഥാപിക്കുക.

പള്ളികെട്ടിയ പുരയിടം, വടക്കെത്തോട്ടം പറമ്പു പുരയിടം തെറ്റിനിന്ന പുരയിടം,കൊച്ചുപള്ളി ചന്ത–പുല്ലുവിള ആശുപത്രിറോഡ്, പുതിയതുറ പുരയിടം, ചാരത്തടി പുരയിടം, ചെമ്പകൻരാമൻ തുറപുരയിടം, പീരുപിള്ള വിളാകം പുരയിടം, കിണറ്റടിവിളാകം, ഇരയിമ്മൻ തുറപുരയിടം, കിണറ്റടി വിളാകം, പഴയതുറ പുരയിടം, പള്ളംബീച്ച്

അപ്രോച്ച് റോഡ്, ഇരയിമ്മൻ തുറബീച്ച് എന്നീഭാഗങ്ങൾ അടിയന്തിരമായി വൈദ്യുതീകരിക്കുക.

പള്ളം ഗാന്ധിജയന്തിറോഡ്, വിളയ് വിളാകം ഹരിജൻ കോളനി, തേരിവിള എന്നിവയിൽ തെരിവുവിളക്കുകൾ സ്ഥാപിക്കുക.

പുല്ലുവിളയിൽ ഒരു Sub-Engineer Office സ്ഥാപിക്കുക.

ഒരു സെക്ഷന്റെ ആഫീസിനു വേണ്ട ഉപഭോക്താക്കൾ കരുംകുളം പഞ്ചായത്തിൽ നിലവിലുണ്ട്. ആയതിനാൽ വൈദ്യുതി പ്രശ്നങ്ങളുടെ കാര്യക്ഷമതക്കുവേണ്ടി കരുംകുളം പഞ്ചായത്തിൽ ഒരു എലക്ട്രിക്കൽ സെക്ഷൻ ആഫീസ് ആരംഭിക്കുക.

തീരദേശത്ത് സൗരോർജ്ജ വിളക്കുകൾ തീരദേശ MLA റോഡിൽ അവിടവിടെ സ്ഥാപിക്കുക.

വൈദ്യുതീകരിക്കാത്ത വീടുകൾ മുഴുവൻ അടിയന്തിരമായി വൈദ്യുതീകരിക്കണം.

വെള്ളലുമ്പ് തേരിവിളയിലും വണ്ടാഴനിന്നയിലും Voltage ക്ഷാമം പരിഹരിക്കുന്നതിന് ഓരോ ട്രാൻസ് ഫാർമർ സ്ഥാപിക്കുക.

നമ്പ്യാതി–കല്ലുത്തട്ട്, കരുംകുളം റോഡ് വൈദ്യുതീകരിക്കുക.

നാഗപുരം കല്ലുത്തട്ടുറോഡ് വൈദ്യുതീകരിക്കുക.

നമ്പ്യാതി–പാട്ടത്തിൽ റോഡ് വൈദ്യുതീകരിക്കുക.

പരുത്തിപ്പാറ, മഞ്ഞണാത്തികല ഓടൽറോഡ് വൈദ്യുതീകരിക്കുക.

KSRTC Bus station ന്റെയടുത്തി നിന്നു പാലോട്ടു വിളയിലേക്കുവരുന്ന റോഡ് വൈദ്യുതീകരിക്കുക.

സൗരോർജ്ജ വിളക്കുകൾ പഞ്ചായത്താഫീസ് നട, കുഴിവിള ലക്ഷം വീടു കോളനി, പൊടുവൽ കോളനി, കൊച്ചുതുറ ജം., നഗപുരം, കല്ലുത്തട്ട്, ഓടൽ, പരണിയം, പുല്ലുവിള Hospital jn., കൊച്ചുപള്ളിചന്ത, ആശുപത്രിറോഡ് എന്നിവിടങ്ങളിൽ സ്ഥാപിക്കുക.

പഞ്ചായത്തിലെ മുഴുവൻ പൊതുവഴിയും വൈദ്യുതീകരിക്കുകയും തെരുവുവിളക്കുകൾ സ്ഥാപിക്കുകയും ചെയ്യുക.



ഗതാഗതം

കരുംകുളം ഗ്രാമപഞ്ചായത്തിലെ ജനങ്ങൾ ഗതാഗതത്തിനായി പ്രധാനമയും KSRTC യെ ആശ്രയിച്ചാണ് കഴിയുന്നത്.

വിഴിഞ്ഞം ഡിപ്പോയിൽ നിന്നും ഇരുപതു മിനിട്ടു ഗ്യാപ്പിൽ തിരുവനന്തപുരം വിഴിഞ്ഞം പൂവ്വാർ സർവ്വീസ് നടത്തുന്നു. ഈ ചെയിൻ സർവ്വീസ് പതിനഞ്ചുമിനിട്ട് ഇടവിട്ട് ആക്കി ക്രമീകരിക്കണം. ഇതിനിടയിൽ വിഴിഞ്ഞത്തു നിന്നും പൂവ്വാർ-ഊരമ്പ് സർവ്വീസ് ആരംഭിക്കണം. ഇതു കൂടാതെ നിറുത്തൽ ചെയ്ത സർവ്വീസുകളായ

1. പൂവ്വാർ-വിഴിഞ്ഞം-തിരുവനന്തപുരം-എറണാകുളം

2. പൂവ്വാർ-വിഴിഞ്ഞം-പേപ്പാറ

3. കോവളം-വിഴിഞ്ഞം-പൂവ്വാർ-ഇരയിമ്മൻതുറ

4

വിഴിഞ്ഞം-പൂവ്വാർ-ചിന്നത്തുറ-കളിയിക്കാവിള

5. പൂവ്വാർ-വിഴിഞ്ഞം-പെരുമാതുറ-2എണ്ണം

പുനരാരംഭിക്കണം. വിഴിഞ്ഞത്തുനിന്നും കമുകിൻകോട്- നെയ്യാറ്റിൻകരയ്ക്ക് രണ്ടു ഡബിൾ ഡ്യൂട്ടികൾ ആരംഭിക്കണം. പൂവ്വാർ നിന്നും പുല്ലുവിളവഴി നെയ്യാറ്റിൻകരയ്ക്ക് നാൽപത്തിയഞ്ചു മിനിട്ട് ഇടവിട്ട് സർവ്വീസ് ഓടിക്കണം. നെയ്യാറ്റിൻകര ഡിപ്പോയിൽ നിന്നും കമുകിൻകോടു-കോച്ചുപള്ളി സർവ്വീസുകൾ കൃാൻസൽ ചെയ്യാതിരിക്കുക.

പൂവ്വാർ- പുതിയതുറ - ലൂർദ്ദിപുരം - ചാവടി - പുല്ലുവിള (സ്റ്റുഡൻസ് ഒൺലി) സർവ്വീസ് പുനരാരംഭിക്കുക.

പൂവ്വാർ-പുല്ലുവിള-നെല്ലിമൂട്-ലേഡിസ് ഒൺലി സർവ്വീസ് ആരംഭിക്കുക.

വിഴിഞ്ഞം വഴി കരിച്ചൽ വരെ വരുന്ന സർവ്വീസുകൾ കൊച്ചുപള്ളിവരെ ദീർഘിപ്പിക്കുക.

കാഞ്ഞിരംകുളം വരെ വരുന്ന സിറ്റിബസ്സുകൾ പരണിയം വരെ ദീർഘിപ്പിക്കുക.

പൂവ്വാർ കാഞ്ഞിരംകുളം നെയ്യാറ്റിൻകര ഡബിൾ ഡ്യൂട്ടികൾ പുനരാരംഭിക്കുക.

പൂവ്വാർ കാഞ്ഞിരംകുളം -തിരുവനന്തപുരം തൃശ്ശൂർ സർവ്വീസ് പുനരാരംഭിക്കുക.

പൂവ്വാർ കൊച്ചുതുറ ജനകീയറോഡുവഴി പരണിയം നെയ്യാറ്റിൻകര സർവ്വീസ് ആരംഭിക്കുക.

കോവളം -വിഴിഞ്ഞം-മാവിളക്കടവ്-കന്യാകുമാരി സർവ്വീസ് പുനരാരംഭിക്കുക.

കോവളം-വിഴിഞ്ഞം പൂവ്വാർ-കന്യാകുമാരി സർവ്വീസ് ആരംഭിക്കുക.

പൂവ്വാറിലെ Station Master ആഫീസ് മുഴുവൻ സമയവും പ്രവർത്തിപ്പിക്കുക.

വിഴിഞ്ഞം മത്സ്യബന്ധന സീസണിൽ ആവശ്യാനുസരണം അഡിഷണൽ സർവ്വീസുകൾ പൂവ്വാറിലേക്ക് ആരംഭിക്കുക.

പൂവ്വാർ വിഴിഞ്ഞം ഡിപ്പോകളിലെ കാലപ്പഴക്കം വന്ന ബസ്സുകൾക്കുപകരം പുതിയവ നൽകുക.

പൂവ്വാർ വിഴിഞ്ഞം ഡിപ്പോകളിലെ കണ്ടക്ടർ ഡ്രൈവർ തസ്തികകൾ ഒഴിച്ചിടാതിരിക്കുക.

1. പൂവ്വാർ -വിഴിഞ്ഞം -തിരുവനന്തപുരം

ആൾസെയിൻസ് കോളേജ് (ladies only)

2. പൂവ്വാർ -വിഴിഞ്ഞം-തിരുവനന്തപുരം-നിറമൺകര (Ladies Only) എന്നീ സർവ്വീസുകൾ ആരംഭിക്കുക.

പൂവ്വാർ പുതിയതുറ കരുംകുളം ശ്രീഭദ്രകാളിക്ഷേത്രനട-കാഞ്ഞിരംകുളം- തിരുവനന്തപുരം സർവ്വീസ് ആരഭിക്കുക.

പൂവ്വാർ-പുതിയതുറ-കരുംകുളം ശ്രീഭദ്രകാളിക്ഷേത്രനട-കാഞ്ഞിരംകുളം-നെയ്യാറ്റിൻകര സർവ്വീസ് ആരംഭിക്കുക.

പൂവ്വാർ-പള്ളം-ഗാന്ധിജയന്തി റോഡ്-ചാവടി-കാഞ്ഞിരംകുളം- തിരുവനന്തപുരം സർവ്വീസ് ആരംഭിക്കുക.

പൂവ്വാർ-പള്ളം-ഗാന്ധിജയന്തി റോഡ്-ചാവടി-കാഞ്ഞിരംകുളം നെയ്യാറ്റിൻകര സർവ്വീസ് ആരംഭിക്കുക.

പൂവ്വാർ-നെല്ലിമുട്-പയറ്റുവിള-VGR-AGC TVM, TVM AGC, VGR പയറ്റുവിള പൂവ്വാർ സർവ്വീസ് ആരംഭിക്കുക.

പൂവ്വാർ, കരുംകുളം, കല്ലുത്താട്ട്, പരണിയം തിരുവനന്തപുരം തീരദേശ MLA റോഡുവഴി സർവ്വീസ് ആരംഭിക്കുക.

പൂവ്വാർ ഡിപ്പോ DTO ആഫീസായി ഉയർത്തുക.

ശുദ്ധജലവിതരണം

1. കരുംകുളം ഗ്രാമ പഞ്ചായത്തിൽ ലഭിക്കുന്ന ശുദ്ധജലത്തിന്റെ ഉറവിടം കരിച്ചൽ എന്ന പ്രദേശത്തു നിന്നും, ചാവടി എന്ന സ്ഥലത്ത് ട്യൂബ് വെൽ കുഴിച്ച് പമ്പ് ചെയ്യുന്ന ശുദ്ധജലമാണ്.

കരിച്ചലിൽ ഒരു പമ്പുഹൗസും, രണ്ട ഗ്യാലറികളും, കളക്ട്ടിംഗ് വെല്ലും ഉണ്ട്. ഈ രണ്ട് ഗ്യാലറികളും വളരെ കാലപ്പഴക്കം ചെന്നതാണ്. ഇപ്പോൾ ഈ ഗ്യാലറികളിൽ നിന്നും കിട്ടുന്ന ജലശ്രോതസ് വളരെ കുറവാണ്. ഇപ്പോൾ കരിച്ചൽ പമ്പു ഹൗസ് ഗ്യാലറിയിൽ നിന്നും കിട്ടുന്ന ജലം കൊണ്ട് കരുംകുളം ഗ്രാമപഞ്ചായത്തിൽ തൃപ്തികരമായി വെള്ളം കൊടുക്കാൻ പറ്റുകയില്ല.

കരിച്ചൽ പമ്പ്ഹൗസിൽ നിന്നും പമ്പ് ചെയ്യുന്ന വെള്ളം കരുംകുളം പഞ്ചായത്തിൽ മാത്രമല്ല പുവ്വാർ, കാഞ്ഞിരംകുളം, തിരുപുറം എന്നീ ഗ്രാമപഞ്ചായത്തിന്റെ ചിലഭാഗങ്ങളിലും കൊടുക്കുന്നു.

കരിച്ചൽ പമ്പ്ഹൗസിൽ ഇപ്പോൾ നിലവിലുള്ള പഴയ ഗ്യാലറിയിൽ ഒരെണ്ണം പൊളിച്ചു റീപാർക്ക് ചെയ്തു ജലശ്രോതസ്സ് കൂട്ടണം.

2. കരിച്ചൽ പമ്പ് ഹൗസിൽ നിന്നും ജലശ്രോതസ്സ് കുട്ടിയാലെ പരണിയത്തും എറിക്കലു വിളയിലും സ്ഥിതിചെയ്യുന്ന over Head Tank കളിൽ ജലം പമ്പ് ചെയ്തു, കരുകുളം ഗ്രാമപഞ്ചായത്തിൽ കൂടുതൽ ജലം വിതരണം നടത്താൻ പറ്റുകയുള്ളു. ഈ ടാങ്കുകളിലുള്ള ജലവിതരണക്കുഴലുകൾ (AC Pipe) വളരെ കാലപ്പഴക്കം ചെന്നതാണ്.

3. കരുകുളം ഗ്രാമപഞ്ചായത്തിന്റെ തീരപ്രദേശത്ത് ശുദ്ധജലം എത്തിക്കുവാൻ കൊച്ചുപള്ളിയുടെ അടുത്ത് കരിച്ചലിൽ പുതുതായി ഒരു ബോർവെൽ കുഴിച്ച് സബ്മേഴ്സിബിൾ പമ്പ് ഉപയോഗിച്ച് ഇപ്പോൾ നിലവിലുള്ള ജലവിതരണ കുഴലുകളിൽ കൂടി വെള്ളം പമ്പ് ചെയ്തു കൊടുക്കാം.

4. കരിച്ചൽ പമ്പ് ഹൗസിൽ നിന്നും വലിയ പള്ളി ജംഗ്ഷൻ വരെയുള്ള കാലപ്പഴക്കം ചെന്ന (Ac Pipe) ജലവിതരണക്കുഴലുകൾ മാറ്റണം.

5. കരകുളം പള്ളി മുതൽ ലയോളസോഷ്യൽ വെൽഫയർ സെന്റർ വരെയുള്ള കുഴലുകൾ മാറ്റി നിലവിലുള്ളതിന്റെ മുന്നിരട്ടി വ്യാസമുള്ള PVC പൈപ്പുകൾ സ്ഥാപിക്കുക.

തീരദേശ MLA നഗര റോഡിൽ കൊച്ചുപള്ളി മുതൽ കല്ലുമുക്കുവരെ നിലവിലുള്ള പൈപ്പുലൈനിനു പകരം മുന്നിരട്ടിവലിപ്പമുള്ള പൈപ്പുകൾ സ്ഥാപിക്കുക.

II-ാം വാർഡിൽ നമ്പ്യാതി കല്ലുത്തട്ട്, അടുമ്പിൽ കരുംകുളം റോഡിലും, നാഗപൂരം കല്ലുത്തട്ടു റോഡിലും, പരുത്തുപ്പാറ റോഡുമുതൽ പാമ്പുകാല ഓടൽ ഹരിജൻ റോഡുവരെയും, കല്ലുത്തട്ട് പാട്ടത്തിൽ റോഡുവരെയും പുതിയ പൈപ്പുലൈൻ സ്ഥാപിച്ച് ടാപ്പുകൾ ഇട്ട് കുടിവെള്ളം ലഭ്യമാക്കുക.

KSRTC പുവ്വാർ ഡിപ്പോയിൽ നിന്നും പാലോട്ടു വിളയിലേക്കു വെട്ടിയിരിക്കുന്ന റോഡിൽ 500 മീറ്റർ പൈപ്പു സ്ഥാപിച്ചു കുടിവെള്ളം എത്തിക്കണം.

മുഹമ്മദൻ LPS-ൽ ഒരു പൊതു കിണർ സ്ഥാപിക്കുക

ആശുപത്രിനട, വെള്ളലുമ്പ്, പൊടുവൽ, തേരിവിള വലിയവിളാകം, പോട്ടുപ്പുതനിന്ന,

മല്ലൻ വിള, കുഞ്ഞുവീട്ടു വിളാകം ആലുനിന്ന നാഗപുരം, പയന്തി നമ്പ്യാരി, ചെമ്പനാവിള, കല്ലുത്തട്ടു, sndpups, ഓടൽ പുതിയ തുറ, കിണറുവിള പുരയിടം, തോട്ടം പുരയിടം, ആഴാകൽ jsscയ്ക്കു സമീപം, പഴയതുറ പുരയിടം കിണറ്റടി പുരയിടം, തോട്ടം പുരയിടം, ഇരയിമ്മൻ തുറപുരയിടം, കിണറ്റടി പുരയിടം, പീരുപ്പിള്ള വിളാകം, ചെമ്പകരാമൻ തുറ, ചാരത്തടി പുരയിടം, പുതിയതുറ പുരയിടം എന്നിവിടങ്ങളിൽ Tuble well കുഴിച്ചു hand pump സ്ഥാപിക്കുക.

കരുംകുളം പഞ്ചായത്തിൽ ഭൂരിഭാഗവും താമസിക്കുന്ന തീരപ്രദേശത്തിൽ കിണറുകളിൽ നിന്നും ലഭിക്കുന്ന ജലം ഉപ്പുരസമുള്ളതും മറ്റു മാലിന്യങ്ങൾ അടിഞ്ഞതുമാണ്. പഞ്ചായത്തിന്റെ കരഭാഗങ്ങളിൽ അടിത്തട്ട് പാറയായതിനാൽ കിണർ കുഴിക്കുന്നതിന് സാധിക്കുന്നില്ല വെള്ളം മാത്രമാണ് ശുദ്ധജലമായി നമുക്കുള്ളത്. എന്നാൽ ഈ പഞ്ചായത്തിൽ ഭൂരിഭാഗം സ്ഥലങ്ങളിലും 80% ജനങ്ങൾക്കും പൈപ്പുവെള്ളം ലഭിക്കുന്നില്ല. നിലവിലുള്ള പബ്ലിക് ടാപ്പുകൾ കാലാകാലങ്ങളിൽ അറ്റകുറ്റ പ്പണികൾ നടത്താത്തിനാൽ 70% ജീർണ്ണാവസ്ഥയിലാണ്. പമ്പിംഗ് ലൈൻ ഉൾപ്പെടെ ഭൂരിപക്ഷം പൈപ്പ് ലൈനുകളും 30 വർഷത്തോളം പഴക്കം ചെന്ന GI, A/C പൈപ്പുകളാണ്. അവ പല സ്ഥലത്തും നിത്യേന പൊട്ടി ഒലിക്കുന്നത് പതിവു കാഴ്ചയാണ്. സാംക്രമിക രോഗങ്ങൾ പടർന്നു പിടിക്കുന്നതിനുകാരണം ശുദ്ധജലത്തിന്റെ അഭാവമാണ്. ഈ അടുത്തകാലത്തായി തീരദേശ കിണറുകളിലെ ജലം ലാബോറട്ടറിയിൽ പരിശോധിച്ചപ്പോൾ മനുഷ്യന്റെ വിസർജ്ജ്യവസ്തുക്കൾ ഉൾപ്പെട്ടിട്ടുള്ളചായി കണ്ടു. ആയതു തന്നെ എന്തു മാത്രം അപകടകാരമായ നിലയിലാണ് ഇവിടുത്തെ ജലത്തിന്റെ അവസ്ഥയെന്നു മനസ്സിലാക്കാവുന്നതാണ്.

നിലവിലുള്ള പൈപ്പുകളിൽ കൂടി ലഭിക്കുന്ന ജലവും ശുദ്ധീകരിക്കാതെ പമ്പു ചെയ്തു എത്തിക്കുന്നതിനാൽ ഈ പഞ്ചായത്തിലെ ജനങ്ങൾ ആശ്രയിച്ചു കഴിയുന്നത് അശുദ്ധ ജലത്തെ തന്നെയാണ്.

പരിഹാരങ്ങളും നിർദ്ദേശങ്ങളും :-

1. തീരദേശത്ത് 25 കുടുബങ്ങൾക്ക് ഓരോ പബ്ലിക് ടാപ്പ് സ്ഥാപിക്കുക.

2. കുടിക്കുന്നതിന് മാത്രം വെള്ളം ലഭ്യമാക്കാൻ അവിടവിടെ പൊതു കിണറുകൾ സ്ഥാപിക്കുക.

3. കൊച്ചുപള്ളി, പുല്ലുവിളസ പള്ളം, പുതിയതുറ, കൊച്ചു തുറ, കരുംകുളം എന്നീ മത്സ്യതൊഴിലാളി ഗ്രാമങ്ങളിൽ Tube Well കുഴിച്ച് over head tank നിർമ്മിച്ച് പൈപ്പുലൈൻ സ്ഥാപിച്ച് ശുദ്ധ ജലവിതരണം നടത്തുക. തീരപ്രദേശത്തു കുടിവെള്ളക്ഷാമം പരിഹരിക്കാം.

4. കരികുളം കാവിൻകുളത്ത് ഒരു പമ്പ്ഹൗസ് സ്ഥാപിച്ച് അതിൽ നിന്നും ഈ പഞ്ചായത്തിലെ പൊക്കം കൂടിയ സ്ഥലമായ പാമ്പുകാല കല്ലുത്തട്ടിൽ ഒരു വാട്ടർ Tank നിർമ്മിച്ചു ജലം സംഭരിച്ചു ജലവിതരണം നടത്തിയാൽ സമീപ പ്രദേശങ്ങളിലെ ജനങ്ങൾക്ക് കുടിവെള്ളം എത്തിക്കുവാൻ സാധിക്കും.

5. VIII-ാം വാർഡിൽ പള്ളം പള്ളിക്കു സമീപം, കേന്ദ്രസർക്കാരിന്റെയും നെതർലാന്റ് സർക്കാരിന്റെയും സംയുക്ത സഹായത്തോടുകൂടി പരീക്ഷണാർത്ഥം ഇപ്പോൾ കുഴിച്ചിട്ടുള്ള tube well-ൽ നിന്നും അവിടെ Pumb house സ്ഥാപിത്ത് over head tank പൊക്കം കൂടിയ സ്ഥലമായ വെള്ളലുമ്പ് തേരിവിളയിൽ സ്ഥാപിച്ച് ജലവിതരണം നടത്തിയാൽ ഈ ഗ്രാമപഞ്ചായത്തിലെ കുടിവെള്ളക്ഷാമം പരിഹരിക്കാവുന്നതാണ്.

6. പുല്ലുവിള PHC കാമ്പൗണ്ടിൽ കുഴിച്ചി

ട്ടുള്ള Tube well -ൽ നിന്നും ഒരു over head tank നിർമ്മിച്ച് ജലം സംഭരിച്ച് വിതരണം നടത്തിയാൽ ഈ പഞ്ചായത്തിലെ കുടിവെള്ള ക്ഷാമം ഒരു പരിധിവരെ പരിഹരിക്കാം.

7. കുരുംകുളം പഞ്ചായത്തിലെ I-ാം വാർഡിൽ കല്ലുമുക്ക് പൊന്നുനടപുരയിടത്തിലെ നീരുറവ കേന്ദ്രീകരിച്ച് ഒരു വാട്ടർ സപ്ലൈ സ്കീം ആവിഷ്കരിച്ച് കുടിവെള്ള ക്ഷാമം പരിഹരിക്കാം.

8. കാലപ്പഴക്കം ചെന്ന പൈപ്പ് ലൈനുകൾ മാറ്റി നിവിലുള്ളതിൽ നിന്നു മുന്നിരട്ടി വലിപ്പത്തിലുള്ള PVC പൈപ്പുകൾ സ്ഥാപിക്കുക.

9. കൊച്ചുപള്ളി വളവു നട നീരുറവ കേന്ദ്രീകരിച്ച് ഒരു വാട്ടർ സപ്ലൈ സ്കീം നടപ്പിലാക്കുക.

10. കൂടിക്കാനാവശ്യമായ പൈപ്പുവെള്ളം മുഴുവൻ സമയവും വിതരണം നടത്തുക.

11. തീരദേശ നഗര റോഡിൽ അവശ്യാനുസരണം പബ്ലിക് ടാപ്പുകൾ സ്ഥാപിക്കുകയും ഇപ്പോൾ നിലവിലുള്ള പ്രവർത്തന ക്ഷമമാക്കുക.

12. പൊതു കിണറുകൾ ആവശ്യാനുസരണം കുഴിപ്പിക്കുകയും ഉള്ളവ അറ്റകുറ്റപ്പണികൾ നടത്തുകയും ചെയ്യുക.

13. സ്വന്തമായി കിണർ കുഴിക്കാനാഗ്രഹമുള്ള എല്ലാ വിഭാഗം ജനങ്ങൾക്കും ഗവൺമെന്റിൽ നിന്നും ധന സഹായം ലഭ്യമാക്കുക.

14. കരുംകുളം, കല്ലുത്തട്ട്, വഴിമുക്ക് വണ്ടാഴ നിന്നു, പൊടുവൻ കോളനി ചന്ത നട, ആഴാങ്കാ ാ, പഴയ പഞ്ചായത്താഫീസ്, കൊച്ചുതുറ, ജംഗ്ഷൻ റോഡ്, ചാനൽക്കര എന്നിവിടങ്ങളിൽ കുഴൽക്കിണറുകൾ കുഴിച്ച് hand pump സ്ഥാപിക്കുക.

15. പരണിയം Jn. നിന്നും പുതിയതായി 3" PVC Pipe സ്ഥാപിച്ച്, ജനകീയ റോഡ്, കാവുനട കുളത്തടി വരെയും ജനകീയ റോഡ് ചാനൽകരവഴി മുതു പുരയിടം, അനവിഴുന്ന ഭാഗത്തേയ്ക്കും 800 മീറ്റർ ദൂരം പാരലൽ Line സ്ഥാപിച്ച് പൊതുടാപ്പുകൾ സ്ഥാപിക്കുക.

16. പരണിയം ലൂർദ്ദുപുരം റോഡിൽ നിന്നും ആരംഭിച്ച് Dr. അബേദ്കർ റോഡുവഴി പൊടുവൻ കോളനിയിലേക്കു പോകുന്ന മുക്കാൽ ഇഞ്ച് പൈപ്പു മാറ്റി 3" പൈപ്പ് സ്ഥാപിച്ച് കതറുത്താൻ വിളവരെ 750 മീറ്റർ ദൂരം പൈപ്പു സ്ഥാപിച്ചു ശുദ്ധജലം എത്തിക്കുക.

17. കുഴിവിള ലക്ഷംവീടു കോളനിയിൽ നിലവിലുള്ള പൊതു ടാപ്പ് തുറന്നു പ്രവർത്തിക്കുയും. മുപ്പതു മീറ്റർ ദൂരം കൂടി പൈപ്പു ലൈൻ ഇട്ട് ഒരു പൊതു ടാപ്പു സ്ഥാപിക്കുക.

18. ലൂർദ്ദുപുരം പുതിയതുറ റോഡിൽ വണ്ടാഴ നിന്ന വരെ 360 മീറ്റർ ദൂരം 3" PVC പൈപ്പ് ഇട്ട് പുതിയ പാരലൽ ലൈൻ സ്ഥാപിച്ച് നിലവിലുള്ള 350 മീറ്ററിനുള്ളിലുള്ള കണക്ഷനുകൾ പുതിയ line -ൽ സ്ഥാപിക്കുകയും നിലവിലുള്ള Line-ൽ കൂടെയുള്ള ജലവിതരണം നെടിയവിളാകം വരെ ചന്തക്കടയിൽ നിന്നും ദീർഘിപ്പിക്കുകയും ചെയ്യുക.

19. അഞ്ചാം വാർഡിൽ ഉരിയരിക്കുന്നു കാക്കിത്തോട്ടം റോഡിൽ മല്ലൻവിള മുതൽ പോട്ടുപ്പാനവരെ നിലവിലുള്ള G.I.Pipe മാറ്റി PVC യാക്കുക.

20. ആലകെട്ടിയ 1 HDP കോളനിയിൽ നിലവിലുള്ള പബ്ലിക്ക് ടാപ്പുകളിൽ കൂടി വെള്ളം എത്തിക്കുന്നതിന് വലിയവിളാകത്തു നിലവിലുള്ള ലൈനിൽ ഒരു half Way valve സ്ഥാപിക്കുക.

21. വിളഞ്ഞവിളാകം കോളനി, ചെന്ന നിന്ന കോളനി, നഗരു കുടം കെട്ടിയകോളനി, മല്ലൻ വിള കോളനി, കാക്കത്തോട്ടം, ശങ്കരൻ

തിട്ട, അലു നിന്നതിൽ പോട്ടപ്പനനിന്ന, പൊടുവൽ, എന്നീ സ്ഥലങ്ങളിൽ പൈപ്പ് line ഇട്ട് പബ്ലിക് ടാപ്പുകൾ സ്ഥാപിച്ച് കൂടിവെള്ളം എത്തിക്കുക.

22. വെള്ളലുമ്പ്, തേരിവിള, പൊടുവൽ, കാക്കത്തോട്ടം, പോട്ടുപ്പനനിന്ന, ഉരിയരിക്കുന്ന കാക്കത്തോട്ടം റോഡ്, എന്നിവിടങ്ങളിൽ നിലവിലുള്ള Line ൽ പൈപ്പ് ലൈൻ വലുതാക്കുക. ആവശ്യാനുസരണം പബ്ലിക് ടാപ്പുകൾ സ്ഥാപിക്കുക.

23. ചാവടിയിൽ പ്രവൃത്തിച്ചു കൊണ്ടിരിക്കുന്ന tube well - ൽ ഒരു Addl. Pump ഒരു കിണറും കൂടി ലഭ്യമാക്കുന്നു.

24. കരിച്ചൽ Pump House ൽ വെള്ളം പമ്പു ചെയ്യുന്നതിന് മുടക്കം വരാതിരിക്കാൻ നടപടി സ്വീകരിക്കുക.

25. കൊച്ചു പള്ളി ചന്ത, ആശുപത്രി റോഡ്, പൈപ്പു ലൈൻ ഇട്ട് പബ്ലിക് ടാപ്പ് സ്ഥാപിച്ച് കൂടിവെള്ളം എത്തിക്കുക.

വനിതാക്ഷേമം

ഈ പഞ്ചായത്തിലെ ശരാശരിയിൽ പുരുഷന്മാരെക്കാൾ സ്ത്രീകളാണ് കൂടുതൽ. വിദ്യാഭ്യാസത്തിലും, തൊഴിലുപരമായും പുരുഷന്മാരാണ് മുന്നിൽ. ഇവിടെ സ്ത്രീകളുടെ മുഖ്യ തൊഴിൽ മത്സ്യക്കച്ചവടമാണ്. കാർഷികവൃത്തി, പച്ചക്കറി, കച്ചവടം, അരിക്കച്ചവടം, തയ്യൽ, ഓലക്കച്ചവടം, കെട്ടിടനിർമ്മാണം തൊഴിൽ തുടങ്ങിയ തൊഴിലുകളിൽ കഴിയുന്ന ഒരു ന്യൂനപക്ഷവുമുണ്ട്. അഭ്യസ്തവിദ്യരായ തൊഴിൽ രഹിതരായ യുവതികളുടെ തൊഴിൽ പ്രശ്നം വളരെ രൂക്ഷമാണ്.

ജലസേചന സൗകര്യങ്ങളുടെ കുറവു മൂലം കൃഷി, പഞ്ചായത്തിൽ മുഖ്യ തൊഴിലില്ലാത്തതിനാൽ കാർഷിക വൃദ്ധിയിൽ ഏർപ്പെടുന്നതിന് വനിതകൾക്ക് കഴിയുന്നില്ല. സേവന തല്പരരായ യുവതികളുടെ സാക്ഷരതാ പ്രവർത്തനം ശ്ലാഘനീയമാണ്. സാക്ഷരതാ പ്രവർത്തകരിൽ 95%വും വനിതകളായിരുന്നു. സ്ത്രീ തൊഴിലാളികളുടെ കൂലി നിരക്ക് പുരുഷ തൊഴിലാളികളെക്കാൾ കുറവാണ്.

പ്രശ്നങ്ങളും പരിഹാര മാർഗ്ഗങ്ങളും.

1. സ്ത്രീകൾക്ക് തൊഴിൽ പങ്കാളിത്തം നൽകുക.

2. സ്ത്രീകൾക്ക് തൊഴിൽ പരിശീലനം നൽകുക.

3. കൂലിനിരക്കുകൾ ഏകീകരിക്കുക.

4. മാതൃശിശു പരിപാടികൾ മെച്ചപ്പെടുത്തുക.

5. അഗതിപെൻഷൻ, അംഗവൈകല്യ പെൻഷൻ മത്സ്യത്തൊഴിലാളി പെൻഷൻ, സാധുക്കളായ വിധവകളായവരുടെ പെൺമക്കൾക്കു വിവാഹത്തിനുള്ള ധനസഹായം എന്നിവ വർദ്ധിപ്പിക്കുകയും കാലവിളമ്പം കൂടാതെ വിതരണം ചെയ്യുകും ചെയ്യുക.

6. കൂടുതൽ വനിത സഹകരണ സംഘങ്ങൾ സ്ഥാപിക്കുകയും അതിന്റെ പ്രവർത്തനം ത്വരിതപ്പെടുത്തുകയും ചെയ്യുക.

7. ഓരോ വാർഡിലും DWCRA യൂണിറ്റുകൾ സ്ഥാപിക്കുക.

8. M.S.S. FEC സാക്ഷര പ്രവർത്തകർക്ക് പ്രതിഫലം നല്കുക.

9. കായിക കലാസാംസ്കാരിക രംഗങ്ങളിൽ വനിതകളെ പ്രോത്സാഹിപ്പിക്കുക.

10. പരിസര ശുചീകരണത്തെക്കുറിച്ചും ആരോഗ്യ പരിപാലനത്തെക്കുറിച്ചും വനിതകൾക്ക് ബോധവൽക്കരണം നടത്തുക. ചെറുകിട വ്യവസായ യൂണിറ്റുകൾ സ്ഥാപിക്കുക.

12. പുകയില്ലാത്ത അടുപ്പുകൾ സൗജന്യ നിരക്കിൽ നല്കുകയും അവർക്ക് പ്രചാരണം നല്കുകയും ചെയ്യുക.

13. ആവശ്യം വേണ്ടുന്ന സ്ഥലങ്ങളിൽ ജനസംഖ്യാനുപാതികമായി അംഗൻ വാടികൾ അനുവദിക്കുക.

14. മത്സ്യക്കച്ചവടക്കാരായ സ്ത്രീകൾക്ക് മത്സ്യവുമായി യാത്ര ചെയ്യുന്നതിനുവേണ്ടി Passenger Cum goods സർവ്വീസ് ബസ്സുകൾ KSRTC ആരംഭിക്കുന്നതിനായി M.V. ഭേദഗതി ചെയ്യുക.

15. ഇൻഷ്വറൻസ് പദ്ധതികൾ ഏർപ്പെടുത്തുക.

16. മത്സ്യക്കച്ചവടക്കാരായ വനിത

കൾക്ക് പഞ്ഞ മാസ ക്ഷേമ പദ്ധതിയിൽ ഉൾപ്പെടുത്തുക.

17. നിലവിൽ പ്രവർത്തിച്ചു വരുന്ന വനിതാ സംഘടനകൾക്ക് സർക്കാർ ധന സഹായം നല്കുക.

18. P.M.R.Y തുടങ്ങിയ തൊഴിൽ രഹിത രായ അഭ്യാസ്ത വിദ്യരായ വനിതകൾക്കു നല്കുന്ന ആനുകൂല്യം അർഹരായ മുഴുവൻ പേർക്കും നല്കുകയും അവയ്ക്കുള്ള കാലതാ മസം ഒഴിവാക്കി തുക വർദ്ധിപ്പിക്കുകയും. ഇവ നല്കുന്നതിന് ധനകാര്യ സ്ഥാപനങ്ങളുടെ ഇന്നുള്ള നിഷേധാത്മക നിലപാടിൽ മാറ്റം വരുത്തുക.

19. പട്ടിക ജാതി പട്ടിക വർഗ്ഗ വനിതാ സംഘങ്ങൾക്കു ലഭിക്കുന്ന ആനുകൂല്യങ്ങൾ എല്ലാം മത്സ്യ തൊഴിലാളി വനിതാ സംഘങ്ങൾക്കും അനുവദിക്കുക.

20. നിരാലബരായ വനിതകളുടെ ക്ഷേമത്തിനായി അഗതി മന്ദിരവും ഗൈഡൻസ് സെല്ലും പഞ്ചായത്തു കേന്ദ്രമാക്കി അനുവദി ക്കുക.

21. വനിതകൾക്കുള്ള വിവിധ ക്ഷേമപ ദ്ധതികൾക്ക് ഇന്നുള്ള നിയമ തടസ്സം ഒഴിവാക്കു ന്നതിന് നടപടികളിൽ അയവു വരുത്തുക.

പൊതുജനാരോഗ്യം

കരുംകുളം പഞ്ചായതതിൽ പുല്ലുവിള PHC യാണ് ഏക ആരോഗ്യകേന്ദ്രം. PHC യായതിനാൽ മുഴുവൻ സമയവും പൊതുജനങ്ങൾക്ക് പ്രയോജനം ലഭിക്കുന്നില്ല. അഞ്ചു ഡോക്ടർമാർ ഉണ്ടായിരുന്ന സ്ഥാനത്ത് ഇപ്പോൾ മൂന്ന് ഡോക്ടർമാരുടെ പോസ്റ്റ് ആണ് നിലവിലുള്ളത്. അതിൽ ഒരു ഡോക്ടർ മാത്രമേ ഇപ്പോൾ പോസ്റ്റ് ചെയ്തിട്ടുള്ളൂ.

ഡയറിയ, കോളറ, മണ്ണൻ, പൊക്കൻ, മലമ്പനി, ത്വക്കുരോഗങ്ങൾ, എന്നീ രോഗങ്ങൾ ഈ പഞ്ചായത്തിൽ പൊതുവായി കണ്ടുവരുന്നു. തീരദേശ പഞ്ചായത്തായതിനാൽ സാംക്രമികരോഗങ്ങൾ ഇടക്കിടെ പടർന്നു പിടിക്കാറുണ്ട്. ഗർഭിണികൾക്കും കുട്ടികൾക്കും പ്രത്യേകചികിത്സാ സൗകര്യം നിലവിലില്ല. Mail Ward ഇല്ല. ലബോറട്ടറി സൗകര്യവും തിയേറ്റർ സൗകര്യവും ഇല്ല. ആവശ്യത്തിനു ഒരു First Aid കൊടുക്കുന്നതിനുപോലും സൗകര്യമില്ല. ആവശ്യത്തിന് കിടിക്കകളോ, കെട്ടിടങ്ങളോ ഇല്ല. വെള്ളമില്ല. ലാട്രിൻ സൗകര്യങ്ങളും ഇല്ല. ആശുപത്രിയിൽ വാഹന സൗകര്യമില്ല. കണ്ണ്, പല്ല് എന്നിവയ്ക്ക് പ്രത്യേക പരിശോധനയ്ക്ക് സൗകര്യമില്ല.

നിർദ്ദേശങ്ങൾ

മുമ്പുണ്ടായിരുന്ന 5 ഡോക്ടർമാരുടെ സേവനം ലഭ്യമാക്കുക. അതിൽ ഒരു ഗൈനോക്കോളജിസ്റ്റ് ജനറൽ വിഭാഗത്തിൽ 24 മണിക്കൂറും പ്രവർത്തിക്കുന്ന ഒരു ഡോക്ടർ, എന്നിവരെ നിർബന്ധമായും ഉൾപ്പെടുത്തുക. ആഴ്ചയിൽ ഒരു ദിവസമെങ്കിലും കണ്ണ്, പല്ല് എന്നിവയ്ക്ക് ചികിത്സ ലഭിക്കുന്നതിനു നടപടിയുണ്ടാക്കുക. ആശുപത്രിയിൽ വാഹനസൗകര്യം ഏർപ്പെടുത്തുക, ഡോക്ടർമാരുടെ സേവനം 24 മണിക്കൂറും ഉറപ്പാക്കുന്നതിന് നിലവിലുള്ള ക്വാർട്ടേഴ്സിൽ ഡോക്ടർമാരെ താമസിപ്പിക്കുക. നിലവിലുള്ള സ്ഥലത്ത് ഒരു മൂന്നു നിലകെട്ടിടം കെട്ടി മെയിൽ ഫീമെയിൽ, ചിൽഡ്രൻസ് വാർഡുകൾ സ്ഥാപിക്കുക. ഗർഭിണികളുടെ ചികിത്സാർത്ഥം Operation Theater പ്രവർത്തനക്ഷമമാക്കുക. ലബോറട്ടറി കാര്യമായി പ്രവർത്തിപ്പിക്കുക. I.P കാര്യമായി പ്രവർത്തിക്കുന്നതിന് നിലവിലുള്ള ഒരു സ്റ്റാഫ് നഴ്സിന്റെ സേവനത്തിനു പുറമേ മൂന്നു Staff Nurse ന്റെ സേവനംലഭ്യമാക്കുക. അത്യാവശ്യം മരുന്നുകളുടെ അഭാവവും ആവശ്യമില്ലാത്ത മരുന്നുകളുടെ കടന്നുകുടലും ഒഴിവാക്കുക. ഈ ആശുപത്രിയിൽ അനുവദിച്ചിട്ടുള്ള ജനറേറ്റർ കണക്റ്റ് ചെയ്യുന്നതിന് നടപടിയുണ്ടാക്കുക. Fill ചെയ്ത ഓക്സിജൻ സിലിണ്ടർ ലഭ്യമാക്കുക. നിലവിലുള്ള water sourse ആശുപത്രിക്കും ലഭ്യമാക്കുക. Sub-Centre കൾക്കും ആവശ്യമായ കെട്ടിടം നിർമ്മിക്കുക. ആശുപത്രി ചുറ്റുമതിൽ നിർമ്മിച്ച് Gate സ്ഥാപിക്കുക. ആശുപത്രിക്ക് ആവശ്യമായ OP ticket കിടക്കകൾ, ഫർണീച്ചർ മുതലായവ ലഭ്യമാക്കുക. പ്രസ്തുത ആശുപത്രിയുടെ വികസനത്തിനും പ്രവർത്തനത്തിനും H.D.C, സൗഹൃദസമിതി, പഞ്ചാത്തുലവൽ കമ്മിറ്റി എന്നിവ യഥാസമയം വിളിച്ചു കൂട്ടുക. തീരദേശ പ്രദേശമായ ഈ പഞ്ചായത്ത് ഉൾപ്പെടുന്ന ആശുപത്രിയുടെ വികസനത്തിന് കേരള തീരദേശവികസന ഫണ്ട് ലഭ്യമാക്കുക.

പുല്ലുവിള പ്രാഥമിക ആരോഗ്യ കേന്ദ്രത്തെ ഒരു കമ്മ്യൂണിറ്റി ഹെൽത്ത്സെന്ററായി ഉയർത്തുന്നതിന് അടിയന്തിര പരിഗണന നൽകുക.

കരുംകുളം ഗ്രാമപഞ്ചായത്തിന് ഒരു

ഹോമിയോ ആശുപത്രിയും ആയുർവേദ ആശുപത്രിയും സ്ഥാപിക്കുക.

മത്സ്യത്തൊഴിലാളികൾ മത്സ്യബന്ധന സമയത്തു സംഭവിക്കുന്ന കേടുപാടുകൾ തീർക്കുന്നതിന് കരുംകുളം ഗ്രാമപഞ്ചായത്തിൽ അടിയന്തിരമായി ഒരു സിദ്ധ മർമ്മ ആശുപത്രി സ്ഥാപിക്കുക.

കരുംകുളം പഞ്ചായത്തിനു ഭീഷണിയായി മാറിയിരിക്കുന്നത് കെട്ടികിടക്കുന്ന അഴുക്കു ചാലുകളാണ്. ഈ ചാലുകളിലെ വെള്ളം ഒഴിക്കിക്കളയുന്നതിനുള്ള ഒരു സ്ഥിരസംവിധാനം ഉണ്ടാക്കേണ്ടതാണ്. നിലവിലുള്ള അഴക്കുചാലുകൾ മെയിന്റനൻസ് ചെയ്യുക. പൊതുകിണറുകളിൽ കൂടുതൽ ഓടകൾ നിർമ്മിച്ചും മൊത്തം ഓടകളിലെ വെള്ളം തീരദേശ M.LA. റോഡിന്റെ സൈഡിൻ ഓട നിർമ്മിച്ച് കരിച്ചൽ കായലിലേക്ക് ഒഴുക്കിക്കളഞ്ഞാൽ ഈ പ്രശ്നത്തിന് പരിഹീരം ഉണ്ടാക്കാവുന്നതാണ്.

കൊച്ചുവള്ളി, പുല്ലുവിള, പള്ളം, പുതിയതുറ, കൊച്ചുതുറ, കരുംകുളം എന്നീ മത്സ്യത്തൊഴിലാളി ഗ്രാമങ്ങളിൽ അതാതു സ്ഥലത്തു ഓടകളിൽ നിന്നും വരുന്ന മുഴുവൻ മലിന ജലവും സംഭരിച്ച് മോട്ടോർ സ്ഥാപിച്ച് കടലിലേക്കോ ഒഴുക്കാവുന്നതാണ്.

ഈ പഞ്ചായത്തിലെ ആവശ്യമായ സ്ഥലങ്ങളിൽ വീപ്പകൾ സ്ഥാപിച്ച് ചവറും സംഭരിച്ച് ദിവസവും മാറ്റി ശുചീകരണ പ്രവർത്തനം നടത്തേണ്ടതാണ്.

കൊതു നിവാരണത്തിന് ഫോഗിംഗ് മെഷിൻ ഉപോയോഗിക്കുന്നത് ഫലപ്രദമാണ്.

ഓരോ കുടുംബത്തിനും ഓരോ കക്കൂസ് ലഭ്യമാക്കുക. ബുദ്ധിമുട്ടുള്ള സ്ഥലങ്ങളിൽ ജലസൗകര്യത്തോടു കൂടി പൊതു കക്കൂസുകൾ സ്ഥാപിക്കുക.

ഈ പഞ്ചായത്തിലെ കോളനികളിൽ പൊതു കക്കൂസ് സ്ഥാപിക്കുക.

പരിസര ശുചീകരണത്തെയും പൊതുജനാരോഗ്യവും സംബന്ധിച്ച് ബോധവൽക്കരണം നടത്തുക.

പുല്ലുവിള ആശുപത്രിയുടെ കീഴിലുള്ള Sub-Centre കളുടെ പ്രവർത്തനം കാര്യക്ഷമമാക്കുക അവർക്ക് സ്വന്തമായി കെട്ടിടം ലഭ്യമാക്കുക.

X-ray ECG യൂണിറ്റുകൾ സ്ഥാപിക്കുക. മാരകമായ രോഗങ്ങൾ പിടിപെട്ട് ചികിത്സയിൽ കഴിയുന്ന രോഗികൾക്ക് അടിയന്തിര ചികിത്സ ഉറപ്പുവരുത്താൻ പഞ്ചായത്തിൽ നിന്നും ധനസഹായം നൽകുക.

ആശുപത്രിയിൽ ആംബുലൻസ് സൗകര്യം ഏർപ്പെടുത്തുക.

കരുംകുളം പഞ്ചായത്തിൽ ഒരു പ്രകൃതി ചികിത്സാ കേന്ദ്രം ആരംഭിക്കാൻ നടപടി സ്വീകരിക്കുക.

കരുംകുളം പഞ്ചായത്തിന്റെ അഞ്ച് സന്നദ്ധപ്രവർത്തകർക്ക് പ്രകൃതി ചികിത്സാ പരിശീലനം നൽകുക.

പഞ്ചായത്തിൽ വിഷ ചികിത്സാ കേന്ദ്രം ആരംഭിക്കുക.

കരുംകുളം ഗ്രാമപഞ്ചായത്ത് 7.5 മറ്റ് ആരോഗ്യ സ്ഥപാനങ്ങളിൽ നിന്നും വിവരം ശേഖരിച്ചവിവരം

വർഷം	ഇൻപേഷ്യന്റ് എണ്ണം	ഔട്ട് പേഷ്യന്റ് എണ്ണം	രോഗങ്ങൾ സംബന്ധിച്ച വിവരം-പ്രതിവർഷം (എണ്ണം)					ആകെ
			ത്വക്ക് രോഗം	വാതരോഗം (എല്ലാവിഭാഗവും)	പകർച്ചവ്യാധികൾ	വിഷചികിത്സ (പാമ്പുകടി etc.)	മറ്റുള്ള രോഗങ്ങൾ	
1992-93	1440	29670						
1993-94	300	20122						
1994-95	298	16635						
1995-96	752	34039	500	100	100	-	Asthma URI LRI 33339	
ആകെ								

കരുംകുളം ഗ്രാമപഞ്ചായത്ത് 7.5 മറ്റ് ആരോഗ്യ സ്ഥപാനങ്ങളിൽ നിന്നും വിവരം ശേഖരിച്ച വിവരം

വർഷം	ഇൻപേഷ്യന്റ് എണ്ണം	ഔട്ട് പേഷ്യന്റ് എണ്ണം	രോഗങ്ങൾ സംബന്ധിച്ച വിവരം-പ്രതിവർഷം (എണ്ണം)					ആകെ
			ത്വക്ക് രോഗം	വാതരോഗം (എല്ലാവിഭാഗവും)	പകർച്ചവ്യാധികൾ	വിഷചികിത്സ (പാമ്പുകടി etc.)	മറ്റുള്ള രോഗങ്ങൾ	
1992-93								
1993-94								
1994-95								
1995-96			32		1055			
ആകെ			32		1055			

1.11 ആശുപത്രികളെ സംബന്ധിച്ച വിവരങ്ങൾ (1995–96)

Ref. AVI, G, G

ഏതു വിഭാഗം ചികിത്സാ സംവിധാനം	ആശുപത്രി		ഡിസ്പെൻസറി		മാതൃശിശു സംരക്ഷണ കേന്ദ്രങ്ങൾ		മൊത്തം ജീവനക്കാരുടെ എണ്ണം
	സർക്കാർ	സ്വകാര്യം	സർക്കാർ	സ്വകാര്യം	സർക്കാർ	സ്വകാര്യം	
1	2	3	4	5	6	7	8
Alopathy	സർക്കാർ				സർക്കാർ		43

അനുബന്ധം-8

കരുംകുളം ഗ്രാമപഞ്ചായത്ത്

8.1 അംഗൻവാടികളിൽ നിന്ന് ശേഖരിക്കേണ്ട വിവരം

1	a)	പഞ്ചായത്തിലെ ആകെ ജനസംഖ്യ	:	32830
	b)	പുരുഷന്മാർ	:	16144
	c)	സ്ത്രീകൾ	:	16224
2.	a)	പട്ടികജാതി ജനസംഖ്യ	:	1713
	b)	പട്ടികവർഗ്ഗ ജനസംഖ്യ	:	-
3.		അംഗൻവാടികളുടെ എണ്ണം		17
4.	a)	ഒരു വയസ്സിന് താഴെ പ്രായമുള്ള കുട്ടികൾ	:	359
	b)	1-2 വയസ്സുവരെ പ്രായമുള്ള കുട്ടികൾ	:	385
	c)	2-3 വയസ്സുവരെ പ്രായമുള്ള കുട്ടികൾ	:	390
	d)	3-5 വയസ്സുവരെ പ്രായമുള്ള കുട്ടികൾ	:	905
5.	a)	വാർഡിലെ ആകെ ഗർഭിണികളുടെ എണ്ണം	:	280
	b)	ഇവരിൽ പ്രത്യേക പരിചരണം ആവശ്യമുള്ളവരുടെ എണ്ണം		16
6.		മുലയൂട്ടുന്ന അമ്മമാരുടെ എണ്ണം (6 മാസം വരെ പ്രായമുള്ള കുട്ടികളുള്ള)		224
7.	a)	കഴിഞ്ഞ വർഷത്തിൽ ആകം ജനനങ്ങൾ	:	368
	b)	ചാപിള്ള ജനനങ്ങൾ	:	-
8.	a)	ഒരു വയസ്സിനു താഴെ പ്രായത്തിൽ മരിച്ച കുട്ടികളുടെ എണ്ണം (95-96)		2
	b)	1-3 വയസ്സുവരെ മരിച്ചകുട്ടികളുടെ എണ്ണം		1
	c)	3-6 വയസ്സുവരെ മരിച്ചകുട്ടികളുടെ എണ്ണം		2
9.	a)	ഗർ സംബന്ധമായ അസുഖങ്ങളാൽ മരിച്ച സ്ത്രീകളുടെ എണ്ണം	:	-
	b)	മറ്റുമരണങ്ങളുടെ എണ്ണം	:	62
10.	a)	അനുപൂരക പോഷകാഹാരം ലഭിക്കുന്ന കുട്ടികളുടെ എണ്ണം		474
	b)	അനുപൂരക പോഷകാഹാരം ലഭിക്കുന്ന ഗർഭിണികളുടെ എണ്ണം		170
	c)	അനുപൂരക പോഷകാഹാരം ലഭിക്കുന്ന മുലയൂട്ടുന്ന അമ്മമാരുടെ എണ്ണം		102

കരുംകുളം ഗ്രാമപഞ്ചായത്ത്

3-2 കുട്ടികളുടെ ആരോഗ്യപോഷണ നിലവാരം

പ്രായം	നോർമൽ		1-ാം ഗ്രേഡ്		2-ാം ഗ്രേഡ്		3-ാം ഗ്രേഡ്	
	ആൺ	പെൺ	ആൺ	പെൺ	ആൺ	പെൺ	ആൺ	പെൺ
1 വയസ്സിനു താഴെ	175	184	-	-	-	-	-	-
2-3 വയസ്സ്	376	389	30	38	42	49	-	-
3-6 വയസ്സ്	625	681	55	62	40	52	-	-

1-ാം ഗ്രേഡ് - ലഘുവായ പോഷണക്കുറവുള്ളവർ
2-ാം ഗ്രേഡ് - മിതമായ പോഷണക്കുറവുള്ളവർ
3-ാം ഗ്രേഡ് - ഗുരുതരമായ പോഷണക്കുറവുള്ളവർ

കരുംകുളം ഗ്രാമപഞ്ചായത്ത്

8-3 കുട്ടികളുടെയും ഗർഭിണികളുടേയും പ്രതിരോധ കുത്തിവെയ്പ്

കുട്ടികൾ	ബി.സി.ജി.	ഡി.പി.റ്റി.				പോളിയോ				ഡി.റ്റി.				മീസിൽസ്
		1D	2D	3D	BD	1D	2D	3D	BD	1D	2D	3D	BD	
1 വയസ്സിനു താഴെ	262	347	310	401	199	247	310	401	199	40	47	-	49	301

ടെറ്റനസ് ടോക്സോയിഡ് (TT)

	1D	2D	BD
ഗർഭിണികൾ	275	240	64

- ഇരുമ്പ്/ഫോളിക്കാസിഡ് ഗുളികൾ ലഭിച്ച ഗർഭിണികളുടെ എണ്ണം : 272
- ഇരുമ്പ്/ഫോളിക്കാസിഡ് ഗുളികൾ ലഭിച്ച കുട്ടികളുടെ എണ്ണം : 525
- വിറ്റാമിൻ എ തുള്ളിമരുന്ന് ലഭിച്ച കുട്ടികളുടെ എണ്ണ : 695
- ആശുപത്രിയിൽ നടന്ന പ്രസവങ്ങളുടെ എണ്ണം : 208
- വീട്ടിൽ നടന്ന പ്രസവങ്ങളുടെ എണ്ണം : 16

അനുബന്ധം-7

കരുംകുളം ഗ്രാമപഞ്ചായത്ത്

7.1 സ്ഥാപന വിവരങ്ങൾ

ക്രമ നമ്പർ	സ്ഥാപനത്തിന്റെ പേര്	ഇനം	കെട്ടിടം സ്വന്തം/ വാടക	ഉദ്യോഗസ്ഥരുടെ എണ്ണം	സ്ഥാപിച്ച വർഷം	സ്ഥാപനപരമായ പ്രശ്നങ്ങൾ
1	2	3	4	5	6	7
1	പ്രൈമറി ഹെൽത്ത് സെന്റർ പുല്ലുവിള	അലോപ്പതി	സ്വന്തം	25		

കരുംകുളം ഗ്രാമപഞ്ചായത്ത്

7.3 ജനന മരണ വിവരങ്ങൾ

വർഷം	ജനനം	മരണം	ചാപിള്ള ജനനം
1	2	3	4
1993–94	119	119	ഇല്ല
1994–95	68	100	ഇല്ല
1995–96	121	105	ഇല്ല

സഹകരണം

കരുംകുളം പഞ്ചായത്തിൽ കരുംകുളം സർവ്വീസ് സഹകരണ ബാങ്ക്, ഹരിജൻ സർവ്വീസ് സഹകരണ സംഘം, പുല്ലുവിള, പള്ളം, പുതിയതുറയും പുതിയ തുറ ഉരിയരിക്കുന്നിലും, കൊച്ചുതുറ, കരുംകുളം എന്നീ മത്സ്യത്തൊഴിലാളി വികസനക്ഷേമസഹകരണ സംഘം പള്ളം കൈത്തറി നെയ്തുസഹകരണ സംഘം കരുംകുളം നെയ്തു സഹകരണ സംഘം സമത HWICS രണ്ടു milk സൊസൈറ്റികൾ എന്നിവയാണ് സഹകരണ മേഖലയിൽ പ്രവൃത്തിക്കുന്നത്.

കരുംകുളം സഹകരണ ബാങ്ക്

8.5.1957 ലാണ് കരുംകുളം സർവ്വീസ് സഹകരണസംഘം പ്രവർത്തനം ആരംഭിച്ചത്. ആദ്യം ഈ ബാങ്ക് പുതിയതുറയിലും പിന്നെ വളരെക്കാലം കരുംകുളം പൊന്നുനടയിലും പ്രവർത്തിച്ചശേഷം 1983 ശ്രീ. എസ്. സമുൺ പ്രസിഡന്റായ കാലത്താണ് സ്വന്തമായി ഇപ്പോൾ പ്രവർത്തിക്കുന്ന കെട്ടിടം പുതിയതുറയിൽ നിർമ്മിച്ചത്.

ആദ്യത്തെ കമ്മിറ്റിയിലെ അംഗങ്ങൾ

സി.പി. മാധവൻ നായർ
എസ്. ഡേവിഡ് കുലാസ്
എ.റ്റി. ഫർണ്ണാണ്ടസ്
എ.പി. തീസ്മു
കെ. ഗോവിന്ദപിള്ള
എ. പൊലിക്കാർഫ്
എൻ. ചന്ദ്രഭാനു പണിക്കർ
ജി. ജഗന്നാഥൻ
എ.ജെ. ഫർണ്ണാണ്ടസ്

ആദ്യത്തെ പ്രസിഡന്റ് ശ്രീ. ജി. ജഗന്നാഥൻ
" വൈസ് പ്രസിഡന്റ് ശ്രീ. എസ്. ഡേവിഡ് കുലാസ്
" സെക്രട്ടറി ശ്രീ. എ.ജെ. ഫർണ്ണാണ്ടസ്
നിലവിലുള്ള സെക്രട്ടറി എം. രാമചന്ദ്രൻ

മുൻ പ്രസിഡന്റുമാർ

ശ്രീ. ജി. ജഗന്നഥാൻ
ശ്രീ. സി.പി. മാധവൻ നായർ
ശ്രീ. എം. മാർക്കോസ് നെറ്റൊ
ശ്രീ. വി. വേലായുധൻ പിള്ള
ശ്രീ. എസ്. സമുൺ
ശ്രീ. ജി. രഘുവരൻ
ശ്രീ. വി. ഗബ്രിയേൽ
ശ്രീ. എസ്. സമുൺ

നിലവിലുള്ള ഭരണസമിതികൾ

ശ്രീ. വി. ഗബ്രിയേൽ – പ്രസിഡന്റ്
വി. മാധവൻ – വൈസ് പ്രസിഡന്റ്
വി. വേണുഗോപാൽ നായർ – അംഗം
ജി. അച്ചുതൻ – അംഗം
ഇ. ക്രിസ്റ്റഫർ ഫർണാണ്ടസ് – അംഗം
ശ്രീമതി. റ്റി. മഹേശ്വരി– അംഗം

30-6-1996 ലെ പ്രസ്തുത ബാങ്കിന്റെ സ്ഥിതിവിവര കണക്ക്

1. ബാങ്കിന്റെ പേര് കരുംകുളം സർവ്വീസ് സഹകരണ ബാങ്ക് (ക്ലിപ്തം)
നമ്പർ 4055 കരുംകുളം, പുതിയതുറ പി.ഒ.

2. ബാങ്കിന്റെ പ്രവർത്തന പരിധി : കരുംകുളം പഞ്ചായത്ത്

3. ബാങ്കിന്റെ രജിസ്റ്റർ ചെയ്ത തീയതി : 26-12-1956

4. ബാങ്കിന്റെ പ്രവർത്തനം ആരംഭിച്ച വർഷം : 8-5-1957

5. ബാങ്കിന്റെ ആകെ അംഗങ്ങൾ : 4459 (സർക്കാർ–1)

6. " ഒരു ഓഹരിയുടെ വില : 10 രൂപ് (A ക്ലാസ്) 5രൂപ (B ക്ലാസ്)

7. "അംഗീകൃത ഓഹരി മൂലധനം : 5,00,000/- രൂപ

8. " പിരിഞ്ഞു കിട്ടിയ ഓഹരി മൂലധനം : 316721/-

9. " സർക്കാർ ഓഹരി : 1,00,000/-

10. " പരമാവധി കടം എടുക്കാവുന്ന തുക : 6334420/-

11. നിക്ഷേപങ്ങൾ

a) സ്ഥിരം നിക്ഷേപം : 569840/-

b) സേവിംഗ്സ് : 353457.40/-

c) ഹോം സേവിംഗ് : 181632.25/-

d) ത്രിപ്റ്റ് : 3509.50/-

12. " വായ്പ അംഗതലത്തിൽ : 1043016/-

	ST	MT	LT	Other loan (LAFD)
a)	465173	289484	204493	83866
b)	465173	48989	154493	

13 മറ്റു സ്ഥാപനത്തിൽ നിന്നും വാങ്ങിയ വായ്പകൾ

a) ജില്ലാ സഹകരണ ബാങ്കിൽ നിന്നും = 14,56,248/-

b) സർക്കാരിൽ നിന്നും = 10800/-

14. സ്ഥാപനത്തിന്റെ ചെലവുകൾ

സിൽബന്ധി ചെലവ് : 236642.90/-

തൻ ചെലവ് : 35381.35/-

15. " മറ്റുപ്രവർത്തനങ്ങൾ

a) ചിട്ടികുറി നടത്തിവരുന്നു

b) കൺസ്യൂമർ ബിസിനസ് നടന്നുവരുന്നു

c) വളം വില്പന , etc.

കൈത്തറി സഹകരണ സംഘം

പള്ളം കൈത്തറി നെയ്തു സഹകരണ സംഘം LTD 84 കരുംകുളം പഞ്ചായത്തിലെ I, II, III, V എന്നീ വാർഡുകൾ കേന്ദ്രീകരിച്ച് പ്രവർത്തിക്കുന്ന ഒരു non credit സംഘമാണ്.

ആരംഭിച്ച വർഷം – 1956

ആകം അംഗങ്ങൾ – 181

ഒരു ഓഹരിയുടെ വില – 500/-

അംഗീകൃത മൂലധനം – 10,0000/-

